# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



ഈസ്റ്റർ ആശംസകൾ

Vol. LXIX April 2019 No. 4



# അഭിനന്ദനങ്ങൾ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ
നിന്നും 'മാനവികതയുടെ ബഹുസ്വരത :
സി . രാധാകൃഷ്ണന്റെ നോവലുകളിൽ 'എന്ന
വിഷയത്തിൽ നടത്തിയ ഗവേഷണത്തിന്
മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ
പാലാ സെന്റ് തോമസ് കോളേജ് മലയാളം
വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ
റവ. ഫാ . കുര്യാക്കോസ് കാപ്പിലിപറമ്പിലച്ചന്
പാലാ രൂപതയുടെ
പ്രാർത്ഥനാശംസകൾ



കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിന്റെ 'കുടുംബങ്ങൾക്കും അൽമായർക്കും ജീവനും' വേണ്ടിയുള്ള കമ്മീഷൻ മീറ്റിംഗിൽ ചെയർമാനായശേഷമുള്ള ആദ്യയോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്




ചർച്ച് ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതി രാമപുരത്ത് സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**APRIL 2019**
**Vol. LXIX No. 4**

# CONTENTS

സർക്കുലർ - 246 .................... 283

സർക്കുലർ (കെ.സി.ബി.സി.) .................... 289

സർക്കുലർ 247 .................... 295

സർക്കുലർ -245 .................... 300

സർക്കുലർ (കെ.സി.ബി.സി.) .................... 304

വൈദികരുടെ ശ്രദ്ധയ്ക്ക് .................... 312

ആണ്ടുതിരട്ട് .................... 314

Prayer Day List .................... 324

വാർത്തകൾ .................... 325

ആദരാഞ്ജലികൾ .................... 365

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .................... 368

Bishops' Engagements .................... 376

സർക്കുലർ 246

## വിദ്യാഭ്യാസ മികവോടെ പാലാ
## സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ്

ഉന്നത വിദ്യാഭ്യാസത്തിനായി നമ്മുടെ രൂപത സ്ഥാപിച്ച സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ് കേരളത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ ഒന്നായി 17 വർഷം പൂർത്തിയാക്കുകയാണ്. നല്ല കത്തോലിക്കാ അന്തരീക്ഷത്തിൽ ഉയർന്ന നിലവാരത്തിലുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കുറഞ്ഞ ഫീസോടെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ കോളേജ് പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മറ്റൊരു കോളേജിനും കൈവരിക്കാൻ സാധിക്കാത്ത നേട്ടങ്ങളാണ് നമ്മുടെ കോളേജ് കരസ്ഥമാക്കിയിരിക്കുന്നത്. കേന്ദ്ര മാനവശേഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എൻ. ബി.എ. മികവിന്റെ അംഗീകാരമായി നൽകുന്ന അക്രിഡിറ്റേഷൻ രണ്ടാമതും കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് 2022 വരെ ലഭിച്ചത് ഇതിന് തെളിവാണ്. ഇതിനോടകം തന്നെ സമർത്ഥരായ നമ്മുടെ കുട്ടികൾ ഇൻഫോസിസ്, റ്റി.സി.എസ്. വിപ്രോ തുടങ്ങിയ വൻകിട കമ്പനികളിൽ കോളേജിൽനിന്ന് ലഭിച്ച പ്ലെയ്സ്മെന്റോടെ ജോലി നേടിക്കഴിഞ്ഞിരിക്കുന്നു. കേരള സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നമ്മുടെ സ്ഥാപനം റിസൾട്ടിന്റെ കാര്യത്തിലും മുൻനിരയിൽ തന്നെയാണ്. നമ്മുടെ കോളേജിലെ 2019 അദ്ധ്യയന വർഷത്തെക്കുള്ള ബി.ടെക്., എം.ടെക്, എം.ബി.എ, എം.സി.എ, പി.എച്ച്.ഡി. എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## അഡ്മിഷൻ രീതി

### ബി.ടെക്

ബി.ടെക്കിന് 50% ഗവ. അലോട്ട്മെന്റു സീറ്റും 50% മാനേജ്മെന്റ് സീറ്റുമാണ്. മാനേജ്മെന്റ് സീറ്റിൽ 35% മെറിറ്റ് അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുക. +2 വിന്റെ മാർക്കും എൻട്രൻസിന്റെ സ്കോറും 50:50 എന്ന അനുപാതത്തിലാണ് കോളേജ് മെറിറ്റിലേക്കുള്ള റാങ്ക് തയ്യാറാക്കുന്നത്. ഇതു കൂടാതെ എൻ.ആർ.ഐ. സീറ്റിലും അഡ്മിഷൻ എടുക്കാവുന്നതാണ്.

കാർഷിക മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് നമ്മുടെ പിതാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം, ഈ വർഷം റീഫണ്ടബിൾ ഡെപ്പോസിറ്റായ 1,00,000 (ഒരു ലക്ഷം) രൂപ എല്ലാ ബ്രാഞ്ചുകളിലും ഒഴിവാക്കിയിട്ടുണ്ട്.

### എം.ടെക്

60% മാർക്കോടെ ബി.ടെക് പൂർത്തിയായവർക്കും ഇപ്പോൾ ബി.ടെക് പഠിച്ചു കൊണ്ടിരിക്കുന്നവർക്കും എം.ടെക്കിന് അപേക്ഷിക്കാവുന്നതാണ്. ഗേറ്റ് സ്കോർ ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

### എം.ബി.എ.

ഏതെങ്കിലും വിഷയത്തിൽ 50% മാർക്കുള്ള ബിരുദധാരികൾക്കും, അവസാനവർഷ പരീക്ഷ എഴുതിയ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

അപേക്ഷകർ എം.ബി.എ എൻട്രൻസ് പരീക്ഷയായ കെമാറ്റ്, സിമാറ്റ്, ക്യാറ്റ് (KMAT, CMAT, CAT) ഇവയിലേതെങ്കിലുമൊരു പരീക്ഷ 15% മാർക്കോടുകൂടി പാസായിരിക്കണം.

### എം.സി.എ.

ഡിഗ്രിക്കോ, +2-നോ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ള ബിരുദ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എൽ.ബി.എസ്. നടത്തുന്ന എൻട്രൻസ് പരീക്ഷ പാസായിരിക്കണം. രണ്ടു

വർഷം ലാറ്ററൽ എൻട്രി കോഴ്സും 3 വർഷ റഗുലർ കോഴ്സും ഉണ്ട്.

## ഹോട്ടൽ മാനേജ്മെന്റ്

നമ്മുടെ രൂപതയിലെ യുവതീയുവാക്കൾക്ക് "ഒരു പുതിയ തൊഴിൽ മേഖല തുറന്നു കൊടുക്കുക" എന്ന ലക്ഷ്യത്തോടെ 2010 ൽ ചൂണ്ടച്ചേരിയിൽ ആരംഭിച്ച 4 വർഷ ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി (BHM) കോഴ്സിൽ ഇതിനകം പഠനവും പരിശീലനവും പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും കാമ്പസ് പ്ലേസ്മെന്റ് മുഖാന്തിരം വിവിധ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ജോലി ലഭിക്കുകയുണ്ടായി.

2024-ൽ ഈ കോഴ്സിലെ 10-ാം ബാച്ച് പഠനം പൂർത്തിയാകുമ്പോൾ രൂപതയിലെ ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് ഒരാൾക്കെങ്കിലും ഈ കോഴ്സ് മുഖാന്തിരം ജോലി ലഭിക്കണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാനുള്ള തീവ്രപരിശീലനത്തിലാണ് ചൂണ്ടച്ചേരിയിലെ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി.

സാക്ഷാത്കരിക്കുവാനുള്ള തീവ്രപരിശീലനത്തിലാണ് ചൂണ്ടച്ചേരിയിലെ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി.

45% ശതമാനം മാർക്കോടെ പ്ലസ്ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാം.

## സ്കോളർഷിപ്പുകൾ

1. കേരള ഗവൺമെന്റ് നടത്തുന്ന എഞ്ചിനീയറിംഗ് കോമൺ എൻട്രൻസ് പരീക്ഷ (KEAM-2019) യിൽ ആദ്യത്തെ 10,000 റാങ്കിൽ വരുന്ന വിദ്യാർത്ഥികൾ, അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ 95% ത്തിൽ കൂടുതൽ മാർക്ക് വാങ്ങുകയും, സി.ബി.എസ്.ഇ,

ഐ.എസ്.ഇ തുടങ്ങിയ ബോർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപറഞ്ഞ വിഷയങ്ങളിൽ 85% ത്തിൽ കൂടുതൽ മാർക്കു വാങ്ങുകയും ചെയ്യുന്ന പക്ഷം ഗവൺമെന്റ് കോളേജുകളിലെ റ്റ്യൂഷൻ ഫീസായ 8,200 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളു. ബാക്കി 66,800 രൂപ സ്കോളർഷിപ്പായി നൽകും.

2. എൻട്രൻസ് പരീക്ഷയിൽ 10001 നും 15000 ത്തിനും ഇടയിൽ റാങ്കു നേടുന്നവർ അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ്, വിഷയങ്ങളിൽ 90% കൂടുതൽ മാർക്ക് വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.എസ്.ഇ തുടങ്ങിയ ബോർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപറഞ്ഞ വിഷയങ്ങളിൽ 80% കൂടുതൽ മാർക്കു വാങ്ങുകയും ചെയ്താൽ, ഗവൺമെന്റ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളായ IHRD, CAPE, തുടങ്ങിയ കോളേജുകളിൽ ഗവൺമെന്റ് ക്വോട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അടയ്ക്കുന്ന ഫീസായ 17500 രൂപ മാത്രമേ ഒരു സെമസ്റ്ററിൽ അടയ്ക്കേണ്ടതുള്ളു. ബാക്കി 40,000 രൂപ സ്കോളർഷിപ്പായി നൽകും.

3. എൻട്രൻസ് പരീക്ഷയിൽ 15001 നും 20,000ത്തിനും ഇടയിൽ റാങ്കു നേടുന്നവർ അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ 85% കൂടുതൽ മാർക്ക് വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.എസ്.ഇ തുടങ്ങിയ ബോർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപറഞ്ഞ വിഷയങ്ങളിൽ 75% കൂടുതൽ മാർക്കു വാങ്ങുകയും ചെയ്താൽ, ഒരു സെമസ്റ്ററിൽ 27,500 രൂപ അടച്ചാൽ മതിയാകും. ബാക്കി 20,000 രൂപ സ്കോളർഷിപ്പായി നൽകും.

4. എൻട്രൻസ് പരീക്ഷയിൽ 20001 നും 30000 ത്തിനും ഇടയിൽ റാങ്കു നേടുന്നവർ അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ 80% കൂടുതൽ മാർക്കു വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.എസ്.ഇ തുടങ്ങിയ ബോർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപ

റഞ്ഞ വിഷയങ്ങളിൽ 70% കൂടുതൽ മാർക്കു വാങ്ങുകയും ചെയ്യുന്ന പക്ഷം ഒരു സെമസ്റ്ററിൽ 32,500 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളു. ബാക്കി 10,000 രൂപ സ്കോളർഷിപ്പായി നൽകും.

5. മേൽപറഞ്ഞ സ്കോളർഷിപ്പിന് പുറമെ, ഗവൺമെന്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. അഡ്മിഷനിൽ വരുന്ന ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് ഒരു സെമസ്റ്ററിൽ 25000 രൂപ ഫീസ് അടച്ചാൽ മതിയാകും. ബാക്കി തുക സ്കോളർഷിപ്പായി നൽകുന്നതായിക്കും. ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമേന്റേഷൻ വിദ്യാർത്ഥികൾക്ക് ഒരു സെമസ്റ്ററിൽ 17500 രൂപ ഫീസ് അടച്ചാൽ മതിയാകും. ബാക്കി തുക സ്കോളർഷിപ്പായി നൽകുന്നതായിക്കും.

## പാലാ രൂപത സ്കോളർഷിപ്പ്

6. ബിടെക്, എം.ടെക്, എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകളിൽ ചേരുന്ന പാലാ രൂപതയിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും 40000 രൂപ (സെമസ്റ്ററിൽ 5000 രൂപ) സ്കോളർഷിപ്പായി നൽകുന്നതാണ്.

എല്ലാത്തരത്തിലും ഉന്നതനിലവാരം കാത്തുസൂക്ഷിക്കുന്ന നമ്മുടെ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുവാനുള്ള അവസരം പാലാ രൂപതയിലുള്ള എല്ലാ വിദ്യാർത്ഥികളും ഉപയോഗപ്പെടുത്തണമെന്ന് താത്പര്യപ്പെടുന്നു.

വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (www.sjcetpalai.ac.in) സന്ദർശിക്കുകയോ, താഴെ പറയുന്ന ഫോൺ 8078700700, 8078701701, നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

45% ശതമാനം മാർക്കോടെ പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം **ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 29.03.2019 പാലാ രൂപതാ മെത്രാൻ

---

NB: ചൂണ്ടച്ചേരി എഞ്ചിനിയറിംഗ് കോളേജിന്റെ ഈ സർക്കുലറും തുടർന്നുവരുന്ന കെ.സി.ബി.സി.യുടെ സർക്കുലറും 2019 ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യുന്നതിന് ബഹു. അച്ചന്മാർ ശ്രദ്ധക്കുമല്ലോ.

Ref: 3183/K-5/KCBC/OL/DS 26.3.2019

# 17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പി നോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

2019 ഏപ്രിൽ11 മുതൽ മെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാ തിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയും സാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെ തലപ്പത്തുവരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയപാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ് രാഷ്ട്രീയ പാർട്ടികളെ പ്രസക്തമാക്കുന്നത്. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു ചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥി

യുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവും ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സമഗ്ര പുരോഗതിയും ഉറപ്പുവരുത്തുന്നതിനും അതിനു കഴിവുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കു വഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യ സംവിധാനംതന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കും തുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഓരോ പൗരനും നല്കിയിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ചവരുത്താതെ, രാജ്യത്തിന്റെ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേകപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയി

ലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത് ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാതയിൽനിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാധിപത്യമൂല്യങ്ങളുടെയും ഭരണഘടനയുടെയും സംരക്ഷണത്തിന് അനിവാര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകം വലിയ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റു ശക്തികൾ സാധാരണക്കാരെ ചൂഷണംചെയ്തു തടിച്ചുകൊഴുക്കുകയും ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങളുടെ പരാധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയരൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തിക ശക്തിയായി വളരുന്നതോടൊപ്പം ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോജനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്നവരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണു വഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹ ങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെ ങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മത ത്തിനെതിരേ വിവേചനമോ പുലർത്താതിരിക്കുകയും നിയമ പരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കു ന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ ഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തുതോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാ രികധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തുനിറു ത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമു ദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണ ത്തിനോ ഒരാളും ഇരയാകേണ്ടി വരരുത്. അക്രമ രാഷ്ട്രീയ ത്തിനു മുതിരുന്നത് ജനാധിപത്യസംസ്കാരത്തിൽ പതംവ രാത്ത മനസ്സുകളാണ്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കു ന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയി ക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള സാംസ്കാരിക ഇടപെടലുകളും രാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടു നില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കു കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷ

ങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത് ക്രൈസ്തവർ ഇത്തരത്തിലുള്ള വിവേചനം അനുഭവിച്ചുവരുന്നു എന്നത് നിർഭാഗ്യകരമാണ്. ഇത്തരം വിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽ വരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയും നിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീ

പനം പുലർത്തുന്ന നേതാക്കളെയാണ് നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാ വിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ! എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസപാക്യം**

പ്രസിഡന്റ്, കെ.സി.ബി.സി.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

---

NB: കെ.സി.ബി.സി.യുടെ ഈ സർക്കുലറും ഇതിനുതൊട്ടുമുമ്പ് നൽകിയിരിക്കുന്ന ചൂണ്ടച്ചേരി എഞ്ചിനിയറിംഗ് കോളേജിന്റെ സർക്കുലറും 2019 ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യുന്നതിന് ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സർക്കുലർ 247

# കത്തോലിക്ക കോൺഗ്രസ്

മിശിഹായിൽ പ്രിയപ്പെട്ടവരെ,

ഒരു നൂറ്റാണ്ടിന്റെ ചരിത്രം പേറുന്ന നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്, സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും ജനാധിപത്യപരവുമായ താൽപര്യങ്ങളുടെ സംരക്ഷണത്തിനും സമുദായത്തിന്റെ സമഗ്ര വളർച്ചയ്ക്കും ഹൃദയപൂർവ്വം മംഗളാശംസകൾ നേരുന്നു.

1904 മുതൽ ഓരോ വർഷത്തിലും വലിയ സമുദായ സമ്മേളനങ്ങൾ നടത്തി 1918 ൽ സംഘടനയായി രൂപം കൊണ്ട കത്തോലിക്ക കോൺഗ്രസ് (എ.കെ.സി.സി.), സംഭവബഹുലമായ നിരവധി സമരങ്ങളിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയും നാടിന്റെ നവോത്ഥാനത്തിനും വികസനത്തിനും പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനും സാമൂഹിക നീതി നടപ്പിലാക്കുന്നതിനും അതുല്യമായ സംഭാവനകൾ നൽകുകയുണ്ടായി. കേരള രൂപീകരണത്തിനുശേഷവും ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും വിദ്യാഭ്യാസ അവകാശങ്ങൾ നേടിയെടുക്കുന്നതിനും കർഷക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും സഭയുടെ കാവൽശക്തിയായി കത്തോലിക്കാ കോൺഗ്രസ് നിലകൊണ്ടു.

ചരിത്രത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമകാലീന സാഹചര്യങ്ങളിൽ സമുദായത്തിന്റെ ശക്തമായ ശബ്ദമായി ഇന്ന് കത്തോലിക്കാ കോൺഗ്രസ് പ്രവർത്തിക്കുന്നത് ഏറെ അഭിമാനകരമാണ്. നമ്മുടെ രൂപതയിൽ നൂറിലധികം വർഷക്കാലത്തെ പ്രവർത്തനങ്ങൾക്കൊപ്പം ഒരു ദിശാപ്രസ്ഥാനമായി മാറാൻ സംഘടനയ്ക്കും കഴിഞ്ഞിരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങൾ ആഴത്തിൽ അപഗ്രഥിച്ച് പഠിക്കുവാനും യുക്തമായ നിലപാടുകൾ സ്വീകരിക്കുവാനും ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തുവാനും നമ്മുടെ രൂപതയിൽ കത്തോലിക്കാ കോൺഗ്രസിന് സാധിക്കുന്നുണ്ട്.

കാർഷിക മേഖലയിലെ പ്രശ്നങ്ങളിൽ നിരന്തര ഇടപെടലുകൾ നടത്തുന്നതിന് സംഘടനാംഗങ്ങൾ എപ്പോഴും ജാഗരൂകരാണ്. റബർ ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങളുടെ വിലയിടിവിൽ മുഖം നോക്കാതെ പ്രതികരിക്കുന്നതും കർഷകരുടെ താല്പര്യ സംരക്ഷണത്തിനുംവേണ്ടി നിലകൊള്ളുന്നതും സമരങ്ങളും മഹാസമ്മേളനങ്ങളും സംഘടിപ്പിക്കുന്നതും ഏറെ ശ്രദ്ധേയമാണ്. വിഷരഹിത പച്ചക്കറി ഉദ്പാദനത്തെയും ഭക്ഷ്യ സ്വയം പര്യാപ്തതയെയും കുടുംബകൃഷിയെയും പ്രോത്സാഹിപ്പിക്കാൻ സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സരങ്ങൾ ഒരു പുതിയ കാർഷിക സംസ്കാരത്തിന് തുടക്കം കുറിച്ചിരിക്കുന്നു. നേരത്തെ ഗാഡ്ഗിൽ -കസ്തൂരി രംഗൻ പ്രശ്നം വന്നപ്പോൾ അത് പഠിച്ച് പ്രതിഷേധങ്ങളുമായി കേരളത്തിൽ ആദ്യം കടന്നുവന്നത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നുവെന്നത് ഓർമ്മിക്കുന്നു. തുടർ സമരങ്ങളിലൂടെയും മറ്റ് സംഘടനകൾക്ക് ഒപ്പം നിന്നുകൊണ്ടും നടത്തിയ പ്രവർത്തനങ്ങളിലൂടെയും ജനവാസകേന്ദ്രങ്ങളെ പരിധിയിൽനിന്ന് ഒഴിവാക്കി അന്തിമ വിജ്ഞാപനം ഇറക്കുവാൻ ഗവൺമെന്റിനെ കൊണ്ട് തീരുമാനിപ്പിക്കുവാൻ സാധിച്ചത് സന്തോഷകരമായ കാര്യമാണ്.

സത്നയിൽ ഉൾപ്പെടെ വടക്കേയിന്ത്യയിലെ സംസ്ഥാനങ്ങളിൽ മിഷനറിമാരും ന്യൂനപക്ഷങ്ങളും തുടർച്ചയായി ആക്രമിക്കപ്പെട്ടപ്പോഴും പീഡനങ്ങൾ ഏൽക്കേണ്ടിവന്നപ്പോഴും ഭരണാധികാരികളെ കണ്ട് കത്തോലിക്ക കോൺഗ്രസ് ഇടപെടലുകൾ നടത്തുകയുണ്ടായി. കഴിഞ്ഞ വർഷമുണ്ടായ മഹാപ്രളയദുരന്തത്തിൽ ശക്തമായ സഹായഹസ്തവുമായി സംഘടനയുടെ പ്രവർത്തന രൂപതാ, ഫൊറോനാ, ഇടവകതലത്തിൽ ആഴ്ചകളോളം പ്രവർത്തിച്ചതും ഭക്ഷ്യവസ്തുക്കളും മറ്റ് സാധനങ്ങളും വിതരണം ചെയ്തതും ഹെൽപ് ലൈൻ രൂപീകരിച്ച് പ്രവർത്തിച്ചതും സാമൂഹ്യ സേവനത്തിന്റെ വലിയ മാതൃകയാണ്. മതേതരത്വ സംരക്ഷണ സംഗമങ്ങളും വികസന സംവാദങ്ങളുമൊക്കെ സംഘടനയുടെ ഇക്കാലത്തെ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്.

മാധ്യമങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും വിശ്വാസവും സഭയും സഭാനേതൃത്വവും വിചാരണകൾ നേരിടേണ്ടിവന്ന

പ്പോഴും അനാവശ്യമായി അക്രമിക്കപ്പെട്ടപ്പോഴും ശക്തമായ ഇട പെടലുകൾ നടത്തുന്നതിനും പ്രശ്നങ്ങളുടെ നിജസ്ഥിതി മാധ്യ മങ്ങളിൽ എത്തിക്കുന്നതിനും സഭാ വിരുദ്ധശക്തികളുടെ കാപ ട്യങ്ങൾ തുറന്നുകാട്ടുന്നതിനും കത്തോലിക്കാ കോൺഗ്രസ് ജാഗ്രത പുലർത്തി. യുവജനങ്ങളെയും സംഘടനാംഗങ്ങ ളെയും ചേർത്തുകൊണ്ട് രൂപീകരിച്ച സൈബർ ആക്ഷൻ ഫോറത്തിന്റെ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ ശക്ത മായി നടന്നുവരുന്നു. നവോത്ഥാനരംഗത്ത് നമ്മുടെ സഭയുടെ സംഭാവനകൾ ബോധപൂർവ്വം തമസ്കരിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടായപ്പോഴും സംഘടന ശ്രദ്ധേയമായ പ്രതികരണങ്ങൾ നട ത്തുകയുണ്ടായി.

വി. കുമ്പസാരത്തെ അവഹേളിക്കുന്ന പരാമർശങ്ങൾ സർക്കാർ പ്രസിദ്ധീകരണമായ വിജ്ഞാനകൈരളിയിൽ വന്ന പ്പോൾ തുടർച്ചയായി വലിയ പ്രതിഷേധങ്ങളും സമരങ്ങളും നടത്തി, മുഖപ്രസംഗം പിൻവലിച്ച് മാപ്പ് പറയാൻ അധികൃ തരെ നിർബന്ധിതരാക്കുന്നതിന് കത്തോലിക്കാ കോൺഗ്ര സിന് സാധിച്ചു എന്നത് എടുത്തുപറയേണ്ടതാണ്.

സഭയുടെയും സഭാസ്ഥാപനങ്ങളുടെയും അവകാശങ്ങ ളിലേക്ക് കടന്നുകയറുവാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമായി കൊണ്ടുവന്ന ചർച്ച് ബില്ലിന്റെ കരട് രൂപം നിയമപരിഷ്ക്കാര കമ്മീഷൻ പുറത്തിറക്കിയപ്പോൾ മുതൽ ഉണർന്ന് പ്രവർത്തി ക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സിന് സാധിച്ചു. സഭാ നേതൃ ത്വത്തോട് ചേർന്ന് നിന്നുകൊണ്ട് ഇടവകകൾതോറും പ്രതി ഷേധ പരിപാടികളും കരിദിനാചരണവും നടത്തി. രൂപതാ തല ത്തിലും കേന്ദ്രതലത്തിലും സമരങ്ങൾ സംഘടിപ്പിക്കുകയും നിരന്തരം പ്രതികരണങ്ങൾ നടത്തുകയും ചെയ്തത് സർക്കാ രിന്റെയും അധികാരികളുടെയും കണ്ണ് തുറപ്പിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് ബില്ലിന്റെ തുടർ നടപടികൾ പൂർണ്ണമായും പിൻവലിപ്പിക്കാൻ സാധിച്ചു എന്നത് ഏറെ അഭിമാനകരമായ നേട്ടമാണ്.

സമകാലീന സാഹചര്യങ്ങൾ കത്തോലിക്കാ കോൺഗ്രസിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നതും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ നിർബന്ധിക്കുന്നതുമാണ്. റബർ ഉൾപ്പെടെ കാർഷിക മേഖലയിലെ വിലത്തകർച്ചയും പ്രശ്നങ്ങളും ഇന്നും പരിഹാരം കാണാതെ തുടരുന്നു. കാർഷിക ആത്മഹത്യകൾ പെരുകുന്നു. സഭാവിശ്വാസത്തെയും ആചാരാനുഷ്ഠാനങ്ങളെയും അപകീർത്തിപ്പെടുത്താനുള്ള സംഘടിത നീക്കങ്ങൾ നടക്കുന്നു. ഭരണഘടനാവകാശങ്ങളും ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങളും ചോദ്യം ചെയ്യപ്പെടുന്നു. വർഗീയതയും മതമൗലീകവാദവും സാമൂഹിക അന്തരീക്ഷത്തെ കലുഷിതമാക്കുന്നു. അത്മായ-പൗരോഹിത്യ വേർതിരിവ് സൃഷ്ടിച്ച് സഭയിൽ വിഭാഗീയത സൃഷ്ടിക്കാനുള്ള ഗൂഢനീക്കങ്ങൾ നടക്കുന്നു. സഭാവിരുദ്ധശക്തികളുടെ വക്താക്കളായി മാറി മാധ്യമങ്ങൾ നിരന്തരം ആക്രമിക്കുന്നു. ഇത്തരം വെല്ലുവിളികൾ നേരിടുന്നതിന് സവിശേഷശ്രദ്ധയും ജാഗ്രതയും അനിവാര്യമാണ്. ഐക്യത്തോടെ പ്രവർത്തിക്കുക, സംഘടിതമായി പ്രതികരിക്കുക എന്നതാണ് കാലഘട്ടത്തിന്റെ ആവശ്യം.

നമ്മുടെ ഇടവകകളിൽ പ്രായപൂർത്തിയായ എല്ലാവരും സമുദായസംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഭാഗമായി മാറണം. സങ്കുചിതമായ കക്ഷി രാഷ്ട്രീയ താൽപ്പര്യങ്ങൾക്കപ്പുറത്ത് സമുദായതാൽപര്യം ഉയർത്തിപ്പിടിക്കുന്ന യുവനേതൃനിരയും ഉണ്ടാകേണ്ടതുണ്ട്. യുവജനങ്ങളുടെ ഊർജ്ജസ്വലതയും മുതിർന്നവരുടെ അനുഭവസമ്പത്തും ഒത്തുചേരുന്ന സമുദായ സംഘടനയ്ക്ക് ശക്തി ഏറെയാണ്. ഇനിയും കത്തോലിക്കാ കോൺഗ്രസിന്റെ ശാഖകൾ ഇല്ലാത്ത ഇടവകകളിൽ സവിശേഷ ശ്രദ്ധനൽകി യൂണിറ്റുകൾ ആരംഭിക്കുവാൻ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ സാധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. മെമ്പർഷിപ്പ് ക്യാംപെയിനുകൾ നടത്തി കൂടുതൽ ആളുകൾക്ക് സംഘടനയിൽ അംഗത്വം

കൊടുക്കുവാനും എല്ലാ യൂണിറ്റ് ഘടകങ്ങളും ശ്രദ്ധിക്കുമല്ലോ. പൂർണ്ണപിന്തുണയും പ്രോത്സാഹനവും നൽകി സമുദായ സംഘടനയെ വളർത്തുവാനും ശക്തമാക്കുവാനും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

രൂപതാ, ഫൊറോന, ഇടവകതലങ്ങളിൽ നേതൃത്വം നൽകുന്ന എല്ലാ ഭാരവാഹികൾക്കും ബഹു. വികാരിയച്ച ന്മാർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിക്കുകയും ഏവർക്കും വിശിഷ്യാ എല്ലാ കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് നിർത്തുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29.03.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ **ഏപ്രിൽ 28 -ാം** തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി അന്നേദിവസം വി. കുർബാന മദ്ധ്യേ സംഭാവനശേഖരണം നടത്തി മെയ് 26-ന് മുമ്പായി രൂപതാകേന്ദ്ര ത്തിൽ എത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

സർക്കുലർ - 245

# ചർച്ച് പ്രോപ്പർട്ടി ബിൽ - 2019

മിശിഹായിൽ പ്രിയ ബഹു. അച്ചന്മാരെ, സഹോദരീസഹോദര ന്മാരെ,

2019 ഫെബ്രുവരിയിൽ സംസ്ഥാന നിയമ പരിഷ്ക്കരണ കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ച ചർച്ച് പ്രോപ്പർട്ടി ബില്ലിനെക്കുറിച്ച് ഇതിനോടകം നിങ്ങൾ അറിഞ്ഞിട്ടു ണ്ടാകുമല്ലോ. ചർച്ച് പ്രോപ്പർട്ടി ബിൽ - 2019, സഭയുടെ സ്വത്തുസംരക്ഷണം എന്ന വ്യാജേനയാണ് അവതരിപ്പിച്ചിരി ക്കുന്നത്. കേരളത്തിലെ ക്രൈസ്തവസഭകളുടെ ഭരണവും വസ്തുക്കളും സ്വത്തുക്കളും നിയന്ത്രിക്കാനും നടത്തുവാനും ട്രസ്റ്റുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 2009 - ലും 2017 - ലും സർക്കാർ കൊണ്ടുവന്ന ബിൽ വ്യാപകമായ എതിർപ്പിനെ തുടർന്ന് നടപ്പിലാക്കാതെ മാറ്റി വെയ്ക്കുക യുണ്ടായി. ഇപ്പോഴത്തെ ബില്ലിൽ 'ചർച്ച് ട്രസ്റ്റ്,' 'ചർച്ച് ബോർഡ്' എന്നീ വാക്കുകൾ ഉപയോഗിക്കുന്നില്ലെങ്കിലും സഭാസ്വത്തുക്കളെ സർക്കാർ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവരാനുള്ള നീക്കമാണ് യഥാർത്ഥത്തിൽ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ ക്രൈസ്തവ സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്കും സഭയുടെ വളർച്ചയ്ക്കും കൂച്ചു വിലങ്ങിടാനുള്ള നിഗൂഢപദ്ധതി ഈ ബില്ലിന് പിന്നിലുണ്ട്. ഇടവകകളെ മാത്രമല്ല സന്യാസആശ്രമങ്ങളെയും മഠങ്ങളെയും സഭയുടെ കീഴിലുള്ള വിദ്യാഭ്യാസ, ആതുരശുശ്രൂഷ, ജീവകാരുണ്യ സ്ഥാപനങ്ങളെയും പിടിച്ചടക്കുക എന്ന ഗൂഢലക്ഷ്യവും ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്നു.

ഈ കരട് ബില്ലിലെ നിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ ഓരോ ജില്ലയിലും ഓരോ ചർച്ച് ട്രൈബ്യൂണൽ

രൂപീകരിക്കും. ഈ ട്രൈബ്യൂണൽ ഒരു വ്യക്തിയോ മൂന്നു പേരുടെ ഒരു സമിതിയോ ആകാം. ഗവണ്മെന്റിന് ഇഷ്ടമുള്ള വരെ ഈ ട്രൈബ്യൂണലിൽ ഉൾപ്പെടുത്താം. ഇടവകയുടെ വസ്തുവകകളും ഫണ്ടുകളും സംബന്ധിച്ചുള്ള പരാതികളിൽ അന്തിമ തീരുമാനം ഈ ട്രൈബ്യൂണലിന്റേ തായിരിക്കും. ബിൽ പാസ്സായി കഴിഞ്ഞാൽ ഗസറ്റഡ് നോട്ടിഫിക്കേഷനിലൂടെ അനുബന്ധ നിയമങ്ങൾ രൂപപ്പെടുത്താനും പ്രാബല്യത്തിൽ വരുത്താനും സർക്കാരിന് കഴിയും.

ചർച്ച് പ്രോപ്പർട്ടി ബിൽ കേരള ക്രൈസ്തവസഭയ്ക്ക് ആവശ്യമില്ല. ക്രൈസ്തവസഭകളുടെ ഐക്യത്തിനും വളർച്ചയ്ക്കും തുരങ്കം വയ്ക്കുന്ന ഈ ബിൽ ക്രൈസ്തവ സഭയ്ക്ക് സ്വീകാര്യവുമല്ല. കാരണം ഇൻഡ്യൻ ഭരണഘടന ആർട്ടിക്കിൾ 26 മതവിഭാഗങ്ങൾക്ക് സ്ഥാപനങ്ങൾ നടത്തുന്ന തിനും സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും അവയുടെ ഭരണം നടത്തുന്നതിനും നൽകിയിരിക്കുന്ന മൗലികാവകാശത്തി ന്മേലുള്ള കടന്നു കയറ്റമാണിത്. മാത്രവുമല്ല സഭാസ്വത്തു ക്കളുടെ ഭരണത്തിന് വ്യവസ്ഥാപിതവും പരമ്പരാഗതവുമായ രീതിയും സുതാര്യമായ സംവിധാനങ്ങളും നമുക്കുണ്ട്. ഇത് നൂറ്റാണ്ടുകളായി സഭാനിയമമനുസരിച്ചും രാജ്യനിയമങ്ങൾക്ക് വിധേയപ്പെട്ടും നിർവഹിച്ച് വരുന്നു. കാനൻനിയമത്തിൽ തന്നെ സഭാവസ്തുക്കളുടെ ഭരണം സംബന്ധിച്ച വ്യക്തമായ നിയമങ്ങൾ ഉണ്ട്. സ്വത്തുക്കളെ സംബന്ധിച്ചും സഭാംഗ ങ്ങൾക്ക് ഇടയിലുള്ള തർക്കങ്ങളെ സംബന്ധിച്ചും പരിഹാര വേദികളും മാർഗ്ഗങ്ങളും സഭയിലുണ്ട്. കൂടാതെ നിലവിൽ രാജ്യത്തെ നിയമസംവിധാനങ്ങളുടെയും കോടതികളുടെയും പരിധിയിൽ ഇത്തരം സഭാവിഷയങ്ങൾ വരുന്നുമുണ്ട്. ഇടവക തലത്തിൽ പ്രതിനിധിയോഗത്തിൽ മാസംതോറും കണക്കുകൾ അവതരിപ്പിച്ച് ഓഡിറ്റിംഗ് നടത്തുകയും വർഷാവസാനം സി.എ. ഓഡിറ്റിംഗ് നടത്തുകയും ചെയ്യുന്ന പതിവും നമുക്കുണ്ടല്ലോ. ഭൗതികവസ്തുക്കളുടെ കാര്യത്തിൽ ഇതര

പൊതുസ്ഥപന ങ്ങളുടേതിലും സുതാര്യമായ ഭരണ ക്രമമാണല്ലോ നമുക്കുള്ളത്. അതിനാൽ ഇക്കാര്യങ്ങൾക്കായി പുതിയ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല; അതിന് പ്രസക്തി യുമില്ല.

ഇത്തരുണത്തിൽ കേരള ക്രൈസ്തവസഭകളോട് ചേർന്ന് ഈ കരട് ബില്ലിനെതിരെ നമ്മുടെ രൂപതയും ശക്തമായ പ്രതിഷേധവും വിയോജിപ്പും രേഖപ്പെടുത്തുകയും ഈ ബിൽ പൂർണ്ണമായും പിൻവലിക്കണമെന്ന് ആവശ്യപ്പെടുക യും ചെയ്യുന്നു. നമ്മുടെ പ്രതിഷേധത്തിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി ഇടവക തലത്തിൽ പ്രാവർത്തികമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

1. 2019 മാർച്ച് 3-ാം തീയതി ഞായറാഴ്ച രൂപത ഒന്നാകെ കരിദിനം ആയി ആചരിക്കുകയാണ്. അന്നേദിവസം ഇടവക തലത്തിൽ വി. കുർബാനയ്ക്ക് ശേഷം യോഗപ്രതിനിധികൾ, വിവിധ ഭക്തസംഘടനകൾ, സണ്ഡേസ്കൂൾ അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ച് പ്രതിഷേധ പ്രമേയങ്ങൾ പാസാക്കി lawreformskerala@gmail.com എന്ന ഇമെയിൽ അഡ്രസ്സിലേയ്ക്ക് അയയ്ക്കണം. ഇതിനെക്കുറിച്ചുള്ള വാർത്തകൾ പത്രമാധ്യമങ്ങളിലൂടെ യും സോഷ്യൽ മീഡിയ മുഖേനയും പ്രചരിപ്പിക്കേണ്ട താണ്.

2. അന്നേദിവസം സാധിക്കുന്നിടത്തോളം സഭാംഗങ്ങൾ ഒപ്പുശേഖരണം നടത്തി അതിന്റെ സ്കാൻ കോപ്പി ഇമെയിൽ വഴി അയക്കേണ്ടതാണ്. ഇമെയിൽ അഡ്രസ് - lawreformskerala@gmail.com (ഉദാ. 1. സഭയുടെ അവകാശത്തിൻമേലുള്ള ഈ നിയന്ത്രണബിൽ പരിപൂർണ്ണ മായി പിൻവലിക്കണമെന്ന് താഴെ ഒപ്പിട്ടിരിക്കുന്നവരായ ഞങ്ങൾ ഇതിനാൽ ആവശ്യപ്പെടുന്നു,

2. എന്റെ വിശ്വാസത്തെ തകർക്കാനുള്ള ഭരണഘടനാ

വിരുദ്ധമായ ചർച്ച് ബിൽ 2019 – നെ ഞാനും എന്റെ കുടുംബവും ശക്തമായി എതിർക്കുന്നു.)

3. മാർച്ച് 7, 8 തീയതികളിൽ കോട്ടയത്ത് വച്ച് നടക്കുന്ന നിയമപരിഷ്കരണ കമ്മീഷന്റെ പ്രതിനിധികൾ ഈ ബില്ലിനോടുള്ള ജനങ്ങളുടെ പ്രതികരണം അറിയുവാൻ സിറ്റിംഗ് നടത്തുന്ന സമയത്ത് (Law Commission Hearing) ആവശ്യമെങ്കിൽ ഇടവകയിൽനിന്നും പ്രതിനിധികളെ അയയ്ക്കേണ്ടതാണ്.

4. മാർച്ച് 4–ാം തീയതി തിങ്കളാഴ്ച നടത്തുന്ന ഉപവാസ ദിനത്തിൽ നമ്മുടെ ത്യാഗപ്രവർത്തികളും പ്രാർത്ഥനകളും ഈ നിയോഗത്തിനായിട്ട് സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രാജ്യത്തിന്റെ സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ആദരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ക്രൈസ്തവസമൂഹത്തിന്റെ അവകാശങ്ങൾ നഷ്ടപ്പെടുത്തുന്ന നിയമനിർമ്മാണങ്ങൾക്ക് എതിരെ നമുക്കു ജാഗ്രതയുള്ളവരാകാം. നമ്മുടെ എല്ലാ സംരംഭങ്ങളേയും പ്രവർത്തനങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29.03.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: 2019 മാർച്ച് 3–ാം തീയതി എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യുന്നതിനായി നൽകപ്പെട്ടതാണ്.

Ref: 3178/K-5/KCBC/OL/DS 27.2.2019

## കേരളസഭ (വസ്തുക്കളും സ്ഥാപനങ്ങളും) ബിൽ 2019 സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള നിയമപരിഷ്കരണ കമ്മീഷൻ ദി കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ) ബിൽ 2019 എന്ന പേരിൽ, പ്രസ്തുത കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡ്രാഫ്റ്റ് സംബന്ധിച്ച് പൊതുജനാഭിപ്രായം തേടിയ സാഹചര്യത്തിൽ കേരളത്തിലെ കത്തോലിക്കാസഭയുടെ പ്രതികരണം ഏവരുടെയും ശ്രദ്ധയിലേക്ക് അറിയിക്കുന്നു.

കേരളത്തിലെ ക്രൈസ്തവസഭകളുടെ വസ്തുക്കളും സ്ഥാപനങ്ങളും ഫണ്ടുകളും സത്യസന്ധവും സുതാര്യവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ഇക്കാര്യത്തിൽ തെറ്റായ എന്തെങ്കിലും നടപടികളുണ്ടായാൽ അതിനു പരിഹാരമുണ്ടാക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ചർച്ച് ബിൽ 2019 കൊണ്ടുവരുന്നതെന്നാണ് അതിന്റെ ഡ്രാഫ്റ്റിൽ പറഞ്ഞിട്ടുള്ളത്. ക്രൈസ്തവസഭകളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് നിലവിൽ നിയമങ്ങളില്ലാത്ത പശ്ചാത്തലത്തിലും, സഭയുടെ സ്വത്തുക്കൾ ശരിയായ മണ്ഡലങ്ങളിൽ ആലോചനകൂടാതെ അന്യാധീനപ്പെടുത്തുകയും പണയപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ സഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ഭക്തരുടെ അഭിമാനത്തിനു ക്ഷതമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിലുമാണ് പ്രസ്തുത ബില്ലെന്നും, ഇപ്പോൾ സഭാസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനമില്ല എന്നും, സഭാസ്വത്തുക്കളുടെ കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ ഭക്തർക്ക് ഒരു വേദിയില്ല എന്നും ബില്ലിന്റെ ലക്ഷ്യങ്ങളെയും

കാരണങ്ങളെയും കുറിച്ചുള്ള പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. സഭയുടെ അത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു നിയമം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സർക്കാരിനു ബോധ്യമായതിനാലാണ് പ്രസ്തുത ബില്ലെന്നും പറഞ്ഞിരിക്കുന്നു.

ഇക്കാരണങ്ങളാൽ, സർക്കാർ പ്രസ്തുത ആവശ്യങ്ങൾക്കായി ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുമെന്നും, സഭകളുടെ വസ്തുവകകളുടെയും ഫണ്ടിന്റെയും കൈകാര്യത്തെക്കുറിച്ചുള്ള ഏതു തർക്കത്തെ സംബന്ധിച്ചും ആ സഭാവിഭാഗം സ്വീകരിച്ച തീരുമാനംകൊണ്ടു തൃപ്തിപ്പെടാത്ത ഏതൊരു സഭാംഗത്തിനും പ്രസ്തുത ട്രൈബ്യൂണലിൽ പരാതി നല്കാവുന്നതാണെന്നും, തർക്കവിഷയത്തിൽ ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

ഇപ്രകാരം ഒരു നിയമമുണ്ടാക്കുന്നതിന് ന്യായീകരണമായി നിർദ്ദിഷ്ടബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണ്. സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു നിയമവുമില്ല എന്നു പറഞ്ഞിരിക്കുന്നത് തെറ്റാണ്. കത്തോലിക്കാസഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഈ രാജ്യത്തുനിലവിലുള്ള സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ബാധകമാണ്. പ്രസ്തുത നിയമങ്ങൾക്കനുസരിച്ചാണ് അവ കൈകാര്യം ചെയ്യപ്പെടുന്നത്. ഏതെങ്കിലും നിയമലംഘനമുണ്ടായാൽ ബന്ധപ്പെട്ട സഭാധികാരികളെയോ, സിവിൽ കോടതികളെയോ സമീപിച്ച് പരിഹാരം തേടുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. സഭയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായും നീതിപൂർവ്വമായും കൈകാര്യം ചെയ്യുന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാരമുണ്ടാക്കുന്നതിനും ഒരു പുതിയനിയമം വേണം എന്ന തെറ്റായ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ടബിൽ തയ്യാറാക്കിയിരിക്കുന്നത്. കത്തോലിക്കാ സഭയോ സഭാംഗങ്ങളായ വിശ്വാസികളുടെ ഏതെങ്കിലും അംഗീകൃത സംഘടനയോ പ്രസ്ഥാനമോ ഇങ്ങനെ ഒരു

നിയമം വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം ഒരു പുതിയ നിയമത്തിന്റെ ആവശ്യകത അവർക്കാർക്കും അനുഭവപ്പെട്ടിട്ടില്ല, ബോധ്യപ്പെട്ടിട്ടുമില്ല. ക്രൈസ്തവസഭകളെ പൊതുജനമധ്യത്തിൽ അപമാനിക്കാൻ താല്പര്യമുള്ളതുകൊണ്ടോ, വ്യക്തിപരമായ കാരണങ്ങളാൽ സഭയോടും സഭാധികാരികളോടും വിദ്വേഷം വച്ചുപുലർത്തുന്നതുകൊണ്ടോ, മറ്റു നിക്ഷിപ്ത താത്പര്യങ്ങളുള്ളവരുടെ പ്രേരണയ്ക്കും സമ്മർദ്ദത്തിനും വഴങ്ങിയോ ക്രൈസ്തവനാമധാരികളായ ചില വ്യക്തികളും അവരുടെ സൃഷ്ടിയായ ചില നാമമാത്ര സംഘടനകളും പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ സഭയിലെ അസംതൃപ്തരും ഒറ്റപ്പെട്ടവരുമായ ചിലരുടെമാത്രം ശബ്ദമാണ്; സഭാവിശ്വാസികളുടെ പൊതു അഭിപ്രായമല്ല. അത്തരക്കാർ ആവശ്യപ്പെട്ടന്ന പേരിൽ ഒരു പുതിയനിയമം നിർദ്ദേശിക്കാൻ മുതിർന്ന നിയമപരിഷ്കരണ കമ്മീഷന്റെ നടപടി ആശങ്കാജനകവും അതിനുപിന്നിലെ ഉദ്ദേശ്യശുദ്ധി സംശയാസ്പദവുമാണ്.

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഭരണഘടനയുടെ അടിസ്ഥാനഘടനയും അടിസ്ഥാനസ്വഭാവങ്ങളും മാറ്റത്തക്കവിധം ഇന്ത്യയുടെ ഭരണഘടന ഭേദഗതിചെയ്യാൻ പാർലിമെന്റിനുപോലും അധികാരമില്ല എന്ന് സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ച് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മതേതരത്വം ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്നാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ മതേതരത്വം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമാണ്.

ഇന്ത്യൻ റിപ്പബ്ലിക്കിന് മതേതര സ്വഭാവം നല്കുന്ന ഭരണഘടനയിലെ സുപ്രധാന വകുപ്പുകളിൽ ഒന്നാണ് ആർട്ടിക്കിൾ 26. പ്രസ്തുത വകുപ്പുപ്രകാരം ഓരോ മതത്തിനും അല്ലെങ്കിൽ അതിന്റെ ഏതു വിഭാഗത്തിനും പൊതുവായ ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്കു വിധേയമായി താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:

എ) മതപരവും പരസ്നേഹപ്രവർത്തനപരവുമായ ലക്ഷ്യങ്ങളുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ഉള്ള അവകാശം,

ബി) മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള അവകാശം,

സി)ജംഗമവസ്തുക്കളും സ്ഥാവരവസ്തുക്കളും സമ്പാദിക്കാനും ഉടമസ്ഥത നിലനിർത്താനുമുള്ള അവകാശം,

ഡി) അത്തരം വസ്തുക്കൾ നിയമാനുസൃതം ഭരിക്കാനും പരി പാലിക്കാനുമുള്ള അവകാശം.

സ്ഥാവര ജംഗമ വസ്തുക്കൾ സ്വന്തമാക്കി വയ്ക്കാനും സമ്പാദിക്കാനുമുള്ള അവകാശം മാത്രമല്ല ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്നത്; പ്രത്യുത, നിയമാനുസൃതം അവയെ ഭരിക്കാനുള്ള അവകാശവുമാണ്. ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്ന മൗലികാവകാശങ്ങളെ, പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയൊഴികെ മറ്റൊരു കാരണത്തിന്റെയും പേരിൽ നിഷേധിക്കാനോ പരിമിതിപ്പെടുത്താനോ നിയന്ത്രി ക്കാനോ സർക്കാരിനും നിയമനിർമ്മാണസഭയ്ക്കും അധികാര മില്ല. ബില്ലിന്റെ പ്രഖ്യാപിത ലക്ഷ്യം പൊതുക്രമസമാധാനം, ധാർമ്മികത, ആരോഗ്യം എന്നിവയുടെ സംരക്ഷണമല്ല. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനയിൽ പൊതുക്ര മസമാധാനം, ധാർമ്മികത, ആരോഗ്യം എന്നിവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളതായി ചൂണ്ടിക്കാണിച്ചിട്ടില്ല. അതു കൊണ്ട്, തികച്ചും ഭരണഘടനാവിരുദ്ധമായ ഒരു നിയമമുണ്ടാക്കി ക്രൈസ്തവസഭകളുടെ ഭരണഘടനാദത്തമായ മൗലികാവകാശ ങ്ങളെ നിഷേധിക്കാനും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപ നങ്ങളുടെയും മേൽ വിശ്വാസികളല്ലാത്തവരുടെ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള ഗൂഢശ്രമം ഈ ബില്ലിനു പിന്നിലുണ്ട്. നില വിൽ സഭവകസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനവും, അത്തരം കൈമാറ്റങ്ങളെയും ദുരുപയോ ഗത്തെയും കുറിച്ച് പരാതിപ്പെടാൻ വേദികളും ഇല്ല എന്ന കാര

ണമാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. ഇത് വസ്തുതാവിരുദ്ധമാണ്. സഭാവസ്തുക്കളുടെ ഭരണത്തെയും കൈമാറ്റത്തെയും സംബന്ധിക്കുന്ന കാനൻ നിയമങ്ങളുണ്ട്. പ്രസ്തുത കാനൻ നിയമങ്ങളനുസരിച്ച് ഭരണം നടത്താൻ സഭയ്ക്ക് മൗലികാവകാശമുണ്ട്. കാനൻ നിയമത്തിലെ അത്തരം വ്യവസ്ഥകളും അവയുടെ പ്രയോഗവും പൊതുക്രമസമാധാനത്തിനും ധാർമ്മികതയ്ക്കും ആരോഗ്യത്തിനും എതിരാണെങ്കിൽ മാത്രമേ സ്റ്റേറ്റിന് ഇടപെടാൻ കഴിയുകയുള്ളൂ. നിർദ്ദിഷ്ട ബില്ലിൽ അത്തരം ആരോപണങ്ങളൊന്നുമില്ല. മാത്രവുമല്ല, മതവിഭാഗങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിൽ രാജ്യത്തെ നിയമങ്ങളുടെലംഘനം എന്തെങ്കിലും ഉണ്ടായാൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഇപ്പോൾത്തന്നെ നിയമങ്ങളുണ്ട്.

സഭാസ്വത്തുക്കളുടെ രജിസ്ട്രേഷൻ, ട്രാൻസ്ഫർ, ഇൻഹറിറ്റൻസ് മുതലായവയും ഫീസ്ഒടുക്കൽ, നികുതിഒടുക്കൽ എന്നിവയും അവയെ സംബന്ധിച്ച സിവിൽ നിയമങ്ങളും നടപടിക്രമങ്ങളും അനുസരിച്ചാണ് നടത്തേണ്ടത്. ആ വകകാര്യങ്ങൾ പാലിക്കപ്പെടുന്നുമുണ്ട്. രാജ്യത്തിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നിർദ്ദേശിക്കുന്ന രജിസ്ട്രേഷനുകളും അനുവാദങ്ങളും ലഭ്യമാക്കിയും കാലാകാലങ്ങളിൽ നടപ്പിൽ വരുന്ന ഓഡിറ്റുനിയമങ്ങൾ കൃത്യമായി പാലിച്ചും ചട്ടപ്രകാരമുള്ള റിട്ടേണുകളും രേഖകളും സമർപ്പിച്ചും നിയമാനുസരണമുള്ള അടവുകളും ഫീസുകളും ഒടുക്കിയും രാജ്യത്തു നിലവിലുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണ് സഭാവകസ്വത്തുവകകൾ കൈകാര്യം ചെയ്യുന്നതും സ്ഥാപനങ്ങൾ നടത്തുന്നതും.

ഭരണഘടനയിലെ ആർട്ടിക്കൾ 26-ന്റെ വെളിച്ചത്തിൽ മതവിഭാഗത്തിന്റെ സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കേണ്ടത് എങ്ങനെയെന്നും ആരെന്നും നിശ്ചയിക്കേണ്ടത് അതിലെ അംഗങ്ങളാണ്. സ്റ്റേറ്റിനോ ബാഹ്യശക്തികൾക്കോ ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. സഭയുടെ ഏതെങ്കിലും ഒരംഗത്തിന് ഇപ്പോഴത്തെ വ്യവസ്ഥിതി തൃപ്തികരമല്ലെങ്കിൽ അയാൾ തന്റെ വീക്ഷണം സഭയെക്കൊണ്ട് അംഗീകരിപ്പിക്കാൻ പരിശ്രമിക്കണം. ഉചിതമായ

വേദികളിൽ അത്തരം ആവശ്യങ്ങൾ ഉന്നയിക്കണം. അവയിൽ സഭയുടെ നിയമങ്ങൾ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തിയോ സംഘമോ തീരുമാനമെടുക്കണം. പാരിഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ തുടങ്ങിയ സഭയ്ക്കുള്ളിലെ ജനാധിപത്യസംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം. അതിന് ശ്രമിക്കാത്തവരും ശ്രമിച്ചു പരാജയപ്പെട്ടവരും സർക്കാരിന് ഇല്ലാത്ത അധികാരം ഉപയോഗിക്കാൻ സർക്കാരിനോട് അപേക്ഷിക്കുന്നത് ന്യായമല്ല; നീതിയല്ല, ജനാധിപത്യവിരുദ്ധവുമാണ്.

കൂടാതെ, ജനാധിപത്യത്തെ സംബന്ധിച്ച രാഷ്ട്രീയ സങ്കല്പം കുടുംബങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, അസോസിയേഷനുകൾ, മതവിഭാഗങ്ങൾ എന്നിവയുടെ കാര്യത്തിൽ പൂർണമായും പ്രയോഗിക്കാൻ സാധ്യമല്ല. സഭയിലെ ഇപ്പോഴത്തെ സമ്പ്രദായം കാലത്തിന്റെ പരീക്ഷയ്ക്കു വിധേയമായിട്ടുള്ളതാണ്. സഭയുടെ ഏതെങ്കിലും അംഗീകൃതസമിതിയോ ഫോറമോ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ സമ്പ്രദായം സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം കാര്യങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായി വന്നാൽ, അവ സംബന്ധിച്ചു തീരുമാനമെടുക്കേണ്ടത് സഭതന്നെയാണ്.

കൂടുതൽ ജനാധിപത്യമോ കാര്യക്ഷമതയോ വളർത്താനെന്ന ഭാവേന പുതിയ നിയമനിർമാണം നടത്താൻ സ്റ്റേറ്റിന് അധികാരമില്ല. കൂടാതെ, ബില്ലിൽ നിർദേശിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ ഗുണത്തെക്കാൾ കൂടുതൽ ദോഷം ചെയ്യുമെന്നാണ് സഭാവിശ്വാസികളുടെ നിരീക്ഷണം.

വഖഫ് ബോർഡ്, ദേവസ്വം ബോർഡ് തുടങ്ങിയ സംവിധാനങ്ങളും അവയെ ബാധിക്കുന്ന നിയമങ്ങളും ചൂണ്ടിക്കാട്ടി ക്രൈസ്തവരുടെ കാര്യത്തിൽ സമാനസംവിധാനങ്ങൾ എന്തുകൊണ്ട് പാടില്ല എന്നു ചോദിക്കുന്നത് യുക്തിസഹമല്ല. വഖഫ് ബോർഡുകളും ദേവസ്വം ബോർഡുകളും സ്ഥാപിക്കപ്പെട്ട ചരിത്രപരമായ കാരണങ്ങളും സാഹചര്യങ്ങളുമല്ല ക്രൈസ്തവസഭ

കളുടെ സ്വത്തിന്റെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ നില വിലുള്ളത്. ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള മതപരമായ അവ കാശങ്ങളും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സുതാര്യവും നീതിപൂർവ്വകവുമായ ഭരണം ഉറപ്പാക്കുന്നതിനാവ ശ്യമായ സഭാനിയമങ്ങളും സിവിൽ നിയമങ്ങളും ക്രൈസ്തവ സഭകളുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ അത്തരം സംവിധാനങ്ങളെ അനാവശ്യവും അപ്രസക്തവുമാ ക്കുന്നു.

ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ബില്ല് നിയമമായിത്തീർന്നാൽ സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ സമാ ധാനപൂർണവും ക്രമാനുസൃതവുമായ ഭരണം തർക്ക ങ്ങൾകൊണ്ടും വ്യവഹാരങ്ങൾകൊണ്ടും നശിപ്പിക്കപ്പെടു മെന്നതിൽ സംശയമില്ല. സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങ ളുടെയും ഭരണം സഭാധികാരികളുടെ കൈയിൽ നിന്നെടുത്ത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കുകയെന്ന ഗൂഢലക്ഷ്യം ഈ ബില്ലിന്റെ പിറകിലുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇത്തരം ഒരു നിയമമുണ്ടാക്കുന്നതിന് സർക്കാരിനുതന്നെ ഉദ്ദേശ്യമില്ലെന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യ ത്തിൽ, ഭരണഘടനയുടെ ആർട്ടിക്കൾ 26 ഉറപ്പുനല്കുന്ന മൗലി കാവകാശങ്ങളെ നിഷേധിക്കുന്നതും, ഭരണഘടനയിൽ സംരക്ഷി ക്കപ്പെട്ടിരിക്കുന്ന മതനിരപേക്ഷതയുടെ ചൈതന്യത്തിനു നിര ക്കാത്തതും, സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സമാ ധാനപൂർണമായ നടത്തിപ്പിന് വിഘാതമുണ്ടാക്കുന്നതുമായ ഇത്തരം ഒരു നിയമനിർമ്മാണ ശ്രമത്തിൽനിന്നും കേരളനിയമപ രിഷ്കരണ കമ്മീഷൻ പിന്മാറണം.

നിയമ പരിഷ്കരണകമ്മീഷൻ പ്രസിദ്ധീകരിച്ച ബിൽ പ്രത്യക്ഷത്തിൽ നിരുപദ്രവമെന്നു തോന്നുമെങ്കിലും, അതിന്റെ പരിണിതഫലങ്ങൾ അതീവഗുരുതരമാണ്. ഇത്തരം ഒരു നീക്കം നിയമപരിഷ്കരണ കമ്മീഷനിൽ നിന്നുണ്ടായത് അങ്ങേയറ്റം നിർഭാഗ്യകരവും അപലപനീയവുമാണ്. എന്നിരുന്നാലും, കമ്മീ

ഷൻ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം സഭയുടെ നിലപാട് നിശ്ചിത സമയപരിധിക്കുള്ളിൽ കമ്മീഷനെ അറിയിക്കുന്നതാണ്. നിർദ്ദിഷ്ട ബിൽ നല്കുന്ന അപകടസൂചനകളും, ഉയർത്തുന്ന വെല്ലുവിളികളും മനസ്സിലാക്കി ജാഗ്രതയോടെ പ്രവർത്തിക്കാൻ മുഴുവൻ വിശ്വാസികളെയും പൊതുസമൂഹത്തെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് ഡോ. എം. സൂസപാക്യം**

പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്തം**

വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**

സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2019 മാർച്ച് 3-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യുന്നതിനായി നൽകപ്പെട്ടതാണ്.

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**1. വി. മൂറോൻ കൂദാശാകർമ്മവും വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും :**

നമ്മുടെ രൂപതയിൽ മൂറോൻ കൂദാശാ കർമ്മം പെസഹാവ്യാഴാഴ്ച വി.കുർബാനയ്ക്കു മുമ്പു നടത്തുന്ന ഒരു ക്രമമാണ് സ്വീകരിച്ചുപോന്നത്. പ്രസ്തുത കർമ്മം കഴിഞ്ഞ വർഷം നടത്തിയതുപോലെ ഇക്കൊല്ലവും 40-ാം വെള്ളിയാഴ്ചയുടെ തൊട്ടുപിറകിലുള്ള ദിവസമായ **ഏപ്രിൽ 11-ാം തീയതി (വ്യാഴാഴ്ച)** എല്ലാ ബഹു. വൈദികരുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയാണ്. തന്മൂലം ഏപ്രിൽ 11-ാം തീയതി രാവിലെ 10 -ന് എല്ലാ അച്ചന്മാരും നമ്മുടെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ എത്തിച്ചേരേണ്ടതാണ്. വി. കുർബാന ഇടവകകളിൽ അർപ്പിച്ചിട്ടു വന്നാൽ മതിയാകും. സമൂഹബലി ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് തിരുവസ്ത്രം കൊണ്ടുവരേണ്ടതില്ല. എല്ലാവരുടെയും സാന്നിദ്ധ്യം ഉറപ്പാക്കിയാൽ മതി. ആദ്യം എല്ലാ ബഹു. വൈദികരുംചേർന്നു മാസധ്യാനമാണ്. സീറോ-മലങ്കര സഭയിലെ പെരിയ ബഹു. **മരിയദാസ് OIC** ധ്യാനപ്രസംഗം നടത്തുന്നതായിരിക്കും. (ഏപ്രിൽ മാസത്തിൽ ഫൊറോനാ മാസധ്യാനം നടത്തേണ്ടതില്ല). അതേതുടർന്ന് എല്ലാ അച്ചന്മാർക്കും കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും ക്രമീകരിക്കുന്നതാണ്. 12 മണിക്ക് മൂറോൻ കൂദാശ ആരംഭിക്കും. ഉച്ചഭക്ഷണത്തോടുകൂടി കർമ്മങ്ങളെല്ലാം അവസാനിക്കും. തിരികെ പോകുമ്പോൾ എല്ലാ പള്ളികളിലേക്കുള്ള വി. മൂറോൻ തന്നുവിടുന്നതാണ്. അതിനുള്ള പ്രത്യേക പാത്രം ഇപ്രാവശ്യം കൂടി ഇവിടെത്തന്നെ ക്രമപ്പെടുത്തുന്നതായിരിക്കും. ബഹു. വൈദികർ എല്ലാവരും ഈ പരിശുദ്ധ കർമ്മത്തിൽ പങ്കെടുക്കണം. ആരും ഒഴിവാകാതിരിക്കേണ്ടതിനാണ് മുൻകൂട്ടിത്തന്നെ അറിയിക്കുന്നത്. രൂപതാവൈദിക വിശുദ്ധീകരണദിനമായി എല്ലാവരും ഇതിനെ പരിഗണിക്കുമല്ലോ.

ഏവർക്കും പരിശുദ്ധമായ നോമ്പുകാലം ഒരിക്കൽകൂടി പ്രാർത്ഥിക്കുന്നു.

**2. പെസഹാ വ്യാഴാഴ്ചത്തെ സ്ത്രോത്രകാഴ്ച** നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുവേണ്ടിയാണ് എന്ന് അറിയാമല്ലോ. ബഹു. അച്ചൻ പള്ളിയിൽ ഈ കാര്യം മുൻകൂട്ടി പറഞ്ഞ് വേണ്ട ക്രമീകരണം നടത്താൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29.03.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. 400 വീടുകളിൽ കൂടുതൽ ഉള്ള ഇടവകകളിൽ ആണ്ടുതിരട്ട് പാസാക്കുന്നതിന് പ്രതിനിധിയോഗം കൂടിയാൽ മതിയാവും.
2. 400-ൽ താഴെ വീടുകളുള്ള ഇടവകകളിൽ ആണ്ടു തിരട്ട് പാസാക്കേണ്ടത് പൊതുയോഗമായിരിക്കും.
3. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽ വച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. തുടർച്ചയായി രണ്ടുപ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.
4. തെരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. മാസത്തിരട്ട് റിപ്പോർട്ട് അതാതു മാസങ്ങളിൽ രൂപതാ കേന്ദ്രത്തിലേയ്ക്കു അയച്ചുതരേണ്ടതാണ്. (ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതികൾ ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ). കഴിയുന്നതും അന്നേദിവസം തന്നെ ബുക്കുകൾ തിരിച്ചു നൽകുവാനും ശ്രമിക്കുന്നതാണ്. ആയതിനാൽ ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തേയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെകൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ കോപ്പികളും രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്.
5. കല്പനപ്രകാരുമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെ വന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേയ്ക്ക് നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കുവാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാനും ബുദ്ധിമുട്ടുണ്ടാകും.

6. രൂപതയിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വരവും ചെലവും തിരട്ടിൽ ഉൾപ്പെടുത്തണം.
7. മരാമത്തു പണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തി നായി ഏല്പിക്കേണ്ടതുമാണ്.
8. ആണ്ടുതിരട്ടിന് മുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലി തീർക്കേണ്ടതാണ്.
9. ആണ്ടു തിരട്ടു അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതു കണക്കിന്റെയും കൃഷികണക്കിന്റെയും തന്നാണ്ടത്തെ നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോ ധനാറിപ്പോർട്ടിന്റെ കോപ്പി എന്നിവ കൊണ്ടുവരേണ്ടതാണ്.
10. ആണ്ടുതിരട്ടു സംബന്ധിച്ച് രൂപതാനിയമാവലിയിൽ നല്കിയി ട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കു മല്ലോ.
11. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുത ന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്നക്രമം ഇപ്രകാരമാണ്.

വിവിധയിനത്തിലുള്ള നേർച്ച വരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിന് നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവ സംസ്കാര വരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരു മാനം, പലവക വരുമാനം, കാർഷിക വരുമാനങ്ങൾ (തേങ്ങ, റബർ, ജാതിയ്ക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്നും നിത്യ കുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാസനഫീസ് (Cathedraticum) ആയി കണ ക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരു മാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ച

വരുമാനത്തിൽനിന്നും 20000 രൂപ കുറച്ച് (ഇരുപതിനായിരം രൂപായെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കി വരുന്ന തുകയുടെ 10% വും ഇതരവരുമാനത്തിൽ നിന്നും 40000 രൂപ കുറച്ചു ബാക്കി തുകയുടെ 3% ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേയ്ക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാ ആവശ്യങ്ങൾക്കായും ADCP Fund Trust ലേയ്ക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചുചൊല്ലു കുറവു ചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാരഫണ്ടിലേയ്ക്കും സ്വീകരിക്കുന്നു. ഇതിനുപുറമെ രൂപത ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം ഇവയുടെ തുകയും ചേർന്നാണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| | |
|---|---|
| **13/5/2019 Monday** | **Palai Cathedral,** Kudakkachira, Lalam Old, Moonnani, Mutholy, Palakad, Thodanal, Urulikunnam, Valavoor |
| **14/5/2019 Tuesday** | **Aruvithura,** Chennad, Edamaruku, Kalathookadavu, Moonnilavu, Mania-nkulam, Nellappara, |
| **16/5/2019 Thursday** | **Bharananganam,** Amparanirapel, Choondacherry, Edappady, Idamattom, Plassanal, |
| **17/5/2019 Friday** | **Cherpumkal,** Alphonsagiri, Kanjira-mattom, Karimpany, Manalumkal, Manjamattom, Paduva, Palayam |

| | |
|---|---|
| **18/5/2019 Saturday** | **Elanji ,** Josegiri, Kakkoor, Mulakulam, Mutholapuram, Santhipuram, Thirumarady, Xavierpuram |
| **20/5/2019 Monday** | **Kadanad,**Anthinad, Kavumkandam, Manathoor, Urumbukavu, Aimcomb, Kurumannu, Geovalley |
| **21/5/2019 Thuesday** | **Kaduthuruthy,** Arunoottimangalam, Keezhoor, Mannar, Poozhikol, Thuruthipally |
| **22/5/2019 Wednesday** | **Koottickal** Cholathadam, Kavaly, Malayinchipara, Parathanam, Velanilam, Yendayar |
| **24/5/2019 Friday** | **Kothanalloor,** Kalathoor, Mannarappara, Manvettam, Nambiakulam, Perumthuruth, Sleevapuram, Vedagiri |
| **25/5/2019 Saturday** | **Kuravilangad,** Kattampak, Kurichithanam, Mannackanad, Monippally, Udayagiri, Vayala |
| **27/5/2019 Monday** | **Moolamattom** Arakulam New, Arakulam Old, Edadu, Elappally, Kudayathoor, Kulamavu, Lourdes Mount, Velliamattom, Vimalagiri (Chakkikavu) |
| **28/5/2019 Tuesday** | **Muttuchira,** Alphonsapuram, Fathimapuram, Jaigiri, Kanjirathanam, Malapuram, Valachira |
| **29/5/2019 Wednesday** | **Poonjar** Adivaram, Kaippally, Kunnonny, Maniankunnu, Payyanithottam, Peringulam, Thakady |
| **30/52019 Thursday** | **Pravithanam,** Elamthottam, Kaveekunnu, Mundankal, Kayyoor, Narianganam, Ullanad, Vezhanganam |
| **03/6/2019 Monday** | **Ramapuram,** Anthialam, Chakkampuzha, Chittar, Ezhacherry, Karoor, Kondad, Kurinji, Neeramthanam, Poovakulam, |

| | |
|---|---|
| **4/6/2019 Tuesday** | **Teekoy,** Ayyampara, Adukkam, Mangalagiri, Mavady, Santhigiri, Vagamon, Vellikulam |
| **5/6/2019 Wednesday** | **Thudanganad** Gagultha, Jose Mount (Illiary), Kakombu, Maryland, Melukavumattom, Neeloor, Sibigiri, |
| **6/6/2019 Thursday** | Arunapuram, Kizhathadiyoor, , Lalam New,, Meenachil, Mevida, Nelliyani, Paingalam, Poovarany |
| **07/6/2019 Friday** | Varianikad Chemmalamattom, Chettuthodu, Piusmount, Thidanad, Vakakkad, |
| **10/6/2019 Monday** | Chempilavu, Kadaplamattom, Kozhuvanal, Kuruvinal, Mangalaram, Mattakkara, Moozhoor, |
| **11/6/2019 Tuesday** | Koothattukulam, Marangoly, Periapuram, Piravom, Vadakara, Town Chapel |
| **12/6/2019/Wednesday** | Kalikavu, Koodalloor, Marangattupally, Palakattumala, Ratnagiri, Vakkad, Kochukottaram |
| **14/6/2019 Friday** | Kizhaparayar, Mallikasserry, Paika, Poovathodu, Vilakumadom, Alphonsa Shrine |

+Jacob Murickan

**മാർ ജേക്കബ് മുരിക്കൻ**

രൂപത സഹായമെത്രാൻ

---

NB : 13-5-2019 ന് മുമ്പ് കണക്കുകൾ തയ്യാറാക്കുന്ന പള്ളികൾക്ക് അവ മുൻകൂട്ടി സമർപ്പിക്കാവുന്നതാണ്. 13-5- 2019 മുതൽ ഈ ക്രമം കൃത്യമായി പാലിക്കണം.

## ബഹു.വൈദികരുടെ ശ്രദ്ധയ്ക്ക്

### വി. മൂറോൻ കൂദാശയും പ്രസ്ബിത്തേരിയവും

വി. മൂറോൻ കൂദാശ കർമ്മവും വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും ഏപ്രിൽ 11 വ്യാഴാഴ്ച 10 മണി മുതൽ 1 മണി വരെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതാണ്.

## സി.ജെ. മാടപ്പാട്ട് അവാർഡിന് രചനകൾ ക്ഷണിക്കുന്നു.

2019 ലെ സി.ജെ. മാടപ്പാട്ട് മെമ്മോറിയൽ ബൈബിൾ സാഹിത്യ അവാർഡിന് രചനകൾ ക്ഷണിക്കുന്നു. വി. മത്തായി 5:3-10 വാക്യങ്ങളിൽ പരാമർശിക്കുന്ന അഷ്ടഭാഗ്യങ്ങൾ ഓരോന്നിനെയും അടിസ്ഥാനമാക്കിയുള്ള എട്ടു പ്രബന്ധങ്ങളാണു മത്സരത്തിനു പരിഗണിക്കുന്നത്. സമകാലീന ജീവിതവുമായി ബന്ധപ്പെടുത്തിയുള്ള ഓരോ ലേഖനവും ആയിരം വാക്കിൽ (10 പേജ്) ആണ് തയ്യാറാക്കേണ്ടത്. 2019 ജൂലൈ 3-ന് മുമ്പ് രചനകൾ ലഭിക്കേണ്ടതാണ്. പതിനായിരത്തി ഒന്നു (10001) രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്. ജാതിമതഭേദമെന്യേ ഏവർക്കും മത്സരത്തിൽ പങ്കെടുക്കാം.

**രചനകൾ അയയ്ക്കേണ്ട വിലാസം :**

റവ.ഡോ. കുര്യൻ മാതോത്ത്, കൺവീനർ, സി.ജെ. മാടപ്പാട്ട് അവാർഡ്, മാർ അപ്രേം പ്രീസ്റ്റ് ഹോം,
കടപ്പാട്ടൂർ പി.ഒ. 686 574, പാലാ
ഫോൺ 9495510694, 9496310694

# അറിയിപ്പുകൾ

## സംഭാവനാശേഖരണം

1. **സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന:** നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി ഏപ്രിൽ 18 പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവ് നടത്തി കിട്ടുന്ന തുക മെയ് 26-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.

2. **വിശുദ്ധ നാടിനുള്ള സംഭാവന:** വിശുദ്ധ നാടിന്റെ സംരക്ഷണാർത്ഥം ദുഃഖവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക മെയ് 26-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.


# *Blooming Roses 2019*

# ബ്ലൂമിംഗ് റോസസ് 2019

പാലാ രൂപതാ ജീസസ് യൂത്ത് ഒരുക്കുന്ന

ജീവിതദർശന നവീകരണധ്യാനം

X, XI, XII ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികൾക്കുവേണ്ടി

***2019 ഏപ്രിൽ 8 തിങ്കൾ രാവിലെ 9.30 മുതൽ***

***ഏപ്രിൽ 11 വ്യാഴം വൈകുന്നേരം 3 വരെ***

ഉദ്ഘാടനം : **ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**

സ്ഥലം : **കൊടുമ്പിടി താബോർ ധ്യാനകേന്ദ്രം**

**Cont : 9745860252, 8086243157**

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

# സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി, പാലാ

**വൈദികർക്കായി മോക്ടെയിൻ നിർമ്മാണ പരിശീലനം**

2019 ഏപ്രിൽ 30-ന് രാവിലെ 10 മണി മുതൽ SJIHMCT യിൽ വച്ച് ഫൈവ്സ്റ്റാർ ഹോട്ടലിൽ വിതരണം ചെയ്യുന്ന Virgin Colada, Sea Breeze, Fruit Punch, Strawberry Mojito, Irish Coffee, Mint Julip തുടങ്ങിയ 25 ലധികം പാനീയങ്ങളുടെ നിർമ്മാണ പരിശീലനം നൽകുന്നു. ഉച്ചഭക്ഷണം ഉണ്ടായിരിക്കും. കോഴ്സ് ഫീ. 300/- ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 വൈദികർക്കായിരിക്കും പരിശീലനം. വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 9446609020.

**തുടർച്ചയായി 6-ാം വർഷവും 100% പ്ലേസ്മെന്റ്**

ട്രൈഡെന്റ്, ഒബ്റോയി, താജ്, മാരിയറ്റ്, സൂരി, ദിപോൾ, സി.ജി.എച്ച് എർത്ത് തുടങ്ങിയ ഫൈവ് സ്റ്റാർ ഹോട്ടലുകളിലും, ഫ്ളൈറ്റ് കിച്ചണിലുമായി എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് ഇന്റർവ്യൂ ജോലി ലഭിച്ചു. ഏപ്രിൽ 30-ന് ക്ലാസ് അവസാനിക്കുമ്പോൾ കുർഗ്ഗ്, ബാംഗ്ലൂർ, ചെന്നൈ, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിയമനം ലഭിച്ച ഹോട്ടലുകളിലേയ്ക്ക് വിദ്യാർത്ഥികൾ യാത്രയാവും.

**റിസൾട്ട്**

2014-18 ബാച്ചിന്റെ റിസൾട്ട് പ്രസിദ്ധീകരിച്ചു. 63% വിദ്യാർത്ഥികൾ ഡിസ്റ്റിംഗ്ഷൻ / ഫസ്റ്റ് ക്ലാസ്സോടെ പാസ്സായി. ജെറിൻ ജയിംസ് ഒന്നാം റാങ്കും ഗൗതം രമേശ് രണ്ടാം റാങ്കും ബാജിയോ ബാബു മൂന്നാം റാങ്കും കരസ്ഥമാക്കി.

**ഫാ. ജേക്കബ് പുതിയാപറമ്പിൽ**

# ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ ശില്പശാലയും സാഹിത്യരചനാമത്സരവും

സാഹിത്യ ശില്പശാല

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 6 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് സാഹിത്യകാരന്മാരുടെ സംഗമവും ശില്പശാലയും നടത്തുന്നു. ക്രിസ്തീയ സാഹിത്യകാരന്മാരുടെ മൂല്യാധിഷ്ഠിത രചനകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാഹിത്യരചനയിൽ താല്പര്യമുള്ള യുവപ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്കു പരിശീലനം നൽകുന്നതിനുവേണ്ടിയാണ് സാഹിത്യ ശില്പശാല സംഘടിപ്പിക്കുന്നത്. ഇടവകകളിലെ ക്രിസ്തീയ എഴുത്തുകാരെ പങ്കെടുപ്പിക്കാൻ വേണ്ട പ്രോത്സാഹനം നല്കുമല്ലോ. ഏപ്രിൽ 4 വ്യാഴാഴ്ചകളിൽ ഷലോമിലെ ഡിഎഫ്സി ഓഫീസിൽ സാഹിത്യകാരന്മാരുടെ പേര് വിവരങ്ങൾ എത്തിക്കുമല്ലോ.

**2. സാഹിത്യ രചനാമത്സരം**

ഡിഎഫ്സിയുടെ ആഭിമുഖ്യത്തിൽ സാഹിത്യരചനാമത്സരം നടത്തുന്നു. കഥ-കവിത-ലേഖന വിഭാഗങ്ങളിലാണ് മത്സരം. പ്രായപരിധി 15 മുതൽ 25 വരെ. കഥ. ഇതിവൃത്തം ഏതുമാസം. മൂല്യാധിഷ്ഠിതമായിരിക്കണം. ഫുൾസ്കാപ്പ് എട്ടു പേജിൽ കവിയരുത്.

കവിത - പ്രകൃതിസംരക്ഷണം 20 വരിയിൽ കവിയരുത്.

ലേഖനം - ഇന്നിന്റെ മാധ്യമസംസ്കാരം. ഫുൾസ്കാപ്പ് 8 പേജിൽ കൂടാൻ പാടില്ല.

ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് അവാർഡും ട്രോഫിയും നൽകും. പങ്കെടുക്കാനാഗ്രിഹിക്കുന്നവർ തങ്ങളുടെ രചനകൾ ഇടവക വികാരിയുടെ സാക്ഷ്യപത്രം സഹിതം ഏപ്രിൽ 30-നുമുമ്പ് പാലാ ഷാലോം പാസ്റ്ററൽ സെന്ററിലെ ഡിഎഫ്സി ഓഫീസിൽ എത്തിക്കുക.

ജോയി മുത്തോലി
(ചെയർമാൻ,
ഡിഎഫ്സി സാഹിത്യവേദി)

ഫാ. സ്കറിയ വേകത്താനം
(ഡിഎഫ്സി. കോർഡിനേറ്റർ)

# പാലാ കമ്മ്യൂണിക്കേഷൻസിൽ

## അവധിക്കാല സംഗീത ക്ലാസുകൾ

**ഏപ്രിൽ മാസം ഒന്നാം തീയിതി മുതൽ**

Keyboard | Guital | Classical Music

**Cont: 9048306071, 72**



# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Kumbulumkal Mathew | April 7 |
| Kumbulumoottil Sebastian | 8 |
| Kunnackattu Cherian | 9 |
| Kunnackattu Joseph | 10 |
| Kunnappally Jose | 11 |
| Kunnumpuram Berchmans | 12 |
| Kuppapuzhackal Abraham | 13 |
| Kurisumoottil Mathew | 14 |
| Kurumuttathu Joseph | 15 |
| Kuttianickal Mathew | 16 |
| Kuttiankal Joseph | 17 |
| Kuzhinjalil Joseph | 18 |
| Madappallil Thomas | 19 |
| Madathikunnel Joseph | 20 |
| Madathikunnel Paul | 21 |
| Madathiparampil Thomas | 22 |
| Madickangal James | 23 |
| Madukavil George | 24 |
| Malamackal Scaria | 25 |
| Malayilputhenpura Thomas | 26 |
| Maleparambil Joseph | 27 |
| Mampallikunnel Sebastian | 28 |
| Mandapathil George | 29 |
| Mangalath James | 30 |
| Manianchira Joseph | May 1 |
| Maniangattu Joseph | 2 |
| Mannanal Joseph | 3 |
| Mannoor Thomas | 4 |
| Mannukuzhumpil George | 5 |
| Maprekarottu Sebastian | 6 |
| Mathilakath Mathew | 7 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. രോഗീവയോജനദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തിവരുന്ന രോഗീവയോജനദിന പ്രാർത്ഥനയ്ക്ക് ഫാ. ജോസഫ് കിഴക്കേക്കര വി. കുർബാനയർപ്പിച്ചു. ഡീക്കൻ ബിബിൻ മാമ്പള്ളിത്തടത്തിൽ ആരാധനയ്ക്ക് നേതൃത്വം നൽകി.

**2. ഫീസ്റ്റാഘോഷം**

തീർത്ഥാടനകേന്ദ്രം റെക്ടർ ഫാ. ജോസ് വള്ളോംപുരയിടം ഫാ. ജോസഫ് മേയ്ക്കൽ, ഫാ. ജോസഫ് മഠത്തിക്കുന്നേൽ, ഫാ. ജോസഫ് കിഴക്കേക്കര എന്നിവരുടെ നാമഹേതുകതിരുനാൾ തീർത്ഥാടനകേന്ദ്രത്തിലെയും ഇടവക പള്ളിയിലേയും വൈദികർ ചേർന്ന് ആഘോഷിച്ചു.

**3. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷൻ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാ ദൈവാലയത്തിൽവച്ച് നടത്തുന്ന രാത്രി ആരാധനയ്ക്ക് ഫാ. ജോർജ് ചേറ്റൂർ (കോതമംഗലം) വചനപ്രഘോഷണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസ് വള്ളോംപുരയിടം എന്നിവർ രാത്രി ആരാധനയ്ക്ക് നേതൃത്വം വഹിച്ചു.

**4. ജപമാല മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ വൈകുന്നേരം നടത്തുന്ന വി. കുർബാനയും ജപമാല മെഴുകുതിരി പ്രദക്ഷിണത്തിനും ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ ഫാ. ജേക്കബ് പേഴത്തുങ്കൽ, ഫാ. ജോസ് മഠത്തിക്കുന്നേൽ, ഫാ. ജോസഫ് തോലാനിക്കൽ എന്നിവർ കാർമ്മികത്വം വഹിച്ചു.

**5. ഡീക്കന് യാത്രയയപ്പ്**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഇക്കഴിഞ്ഞ 3 മാസക്കാലം സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത് ഏപ്രിൽ 27-ന് തിരുപ്പട്ടം സ്വീകരിക്കാൻ പോകുന്ന അഡോർണാ ഫാദേഴ്സ് മല്ലികശ്ശേരിയിലെ ഡീക്കൻ ബിബിൻ മാമ്പ ള്ളിത്തടത്തിന് ഹൃദ്യമായ യാത്രയയപ്പു നൽകി.

**6. പ്രത്യേക സേവനം**

തീർത്ഥാടന കേന്ദ്രത്തിൽ ഒരു മാസത്തെ ശുശ്രൂഷയ്ക്കായി പാലാ രൂപതാ വൈദികനും കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി പ്രോഫ സറുമായ ഫാ. തോമസ് പുതുകുളങ്ങര എത്തിച്ചേർന്നു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസോത്സവം 2019 ഏപ്രിൽ 1 മുതൽ 6 വരെ**

2019 ഏപ്രിൽ 1 മുതൽ 6 വരെ തീയതികളിലായി ഈ വർഷത്തെ വിശ്വാ സോത്സവം നടത്തപ്പെടുന്നു. കഴിഞ്ഞവർഷം പിന്തുടർന്ന രണ്ടു രീതിയിലുള്ള സമയക്രമീകരണം ഈ വർഷവും സ്വീകരിക്കാവുന്നതാണ്. (രാവിലെ 7.30 ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്ന രീതിയിലും, രാവിലെ 9.30 ന് ആരംഭിച്ച് വൈകിട്ട് 3.45 ന് അവസാനിക്കുന്ന രീതിയിലും വിശ്വാസോത്സവം ക്രമീകരിക്കാവുന്നതാണ്.)

**2. കോളേജ് മതബോധന സ്കോളർഷിപ്പ്**

പാലാ രൂപതയിലെ കോളേജ് തല വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ മാർച്ച് 8-ാം തീയതി രാവിലെ 10 മണിക്ക് പാലാ അൽഫോൻസാ കോളേ ജിൽ വച്ച് നടന്നു.

**3. I-IX വരെ ക്ലാസുകളിലെ വാർഷിക പരീക്ഷാ**

I മുതൽ IX വരെയുള്ള ക്ലാസുകളിലെ വാർഷിക പരീക്ഷ 2019 മാർച്ച് 31 ഞായറാഴ്ച നടന്നു. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ മാർച്ച് 30-ാം തീയതി ശനിയാഴ്ച വിതരണം ചെയ്തു.

**4. CTP കോഴ്സ്**

വിശ്വാസ പരിശീലകരുടെ അടിസ്ഥാനയോഗ്യതയായ സി.റ്റി.പി. 2018-2019 ബാച്ചിന്റെ ക്ലാസുകളും പരീക്ഷകളും മാർച്ച് 9-ാം തീയതി അവസാനിച്ചു. വിവിധ ദൈവശാസ്ത്രവിഷയങ്ങളെ അധികരിച്ച് 20 ക്ലാസുകളാണ് ഉൾപ്പെടുത്തിയിരു ന്നത്.

**5. വിചിന്തനം ക്യാമ്പ് 2019**

10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള വിചിന്തനം ക്യാമ്പ് ആരംഭിക്കുകയാണ്. ക്യാമ്പിന്റെ തീയതികൾ വിശ്വാസപരിശീലന ബുള്ളറ്റിൻ

2018-2019, നമ്പർ 5 ൽ നൽകിയിട്ടുള്ളതാണ്. ക്യാമ്പിൽ പങ്കെടുക്കാനുള്ളവർ രൂപതാ വിശ്വാസപരിശീലന കേന്ദ്രം ഓഫീസിൽ 175 രൂപാ ഫീസടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1.അഭിവന്ദ്യ പിതാവിന്റെ ഔദ്യോഗിക സന്ദർശനം.**

പാലാ മിഷനിൽ 2019 മാർച്ച് 5 മുതൽ 11 വരെ പാലാ ബിഷപ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഔദ്യോഗിക സന്ദർശനം നടത്തി. പാലാ മിഷന്റെ ചുമതല വഹിക്കുന്ന വികാരി ജനറൽ പെരിയ ബഹു. ജോസഫ് കഴിഞ്ഞാലിൽ അച്ചനും ബഹു. എടേട്ട് അച്ചനും 12 പേരടങ്ങുന്ന ഇപ്പോഴത്തെ ബാച്ച് റീജൻസി ശെമ്മാശ്ശൻമാരും അഭിവന്ദ്യ പിതാവിനെ അനുഗമിച്ചു. പാലാ മിഷനിലെ എല്ലാ കേന്ദ്രങ്ങളും പള്ളികളും മഠങ്ങളും സന്ദർശിച്ച് നിർമ്മാണ, വികസന പ്രവർത്തനങ്ങൾ വിലയിരുത്തി. സഭയുടെ മിഷൻ കാഴ്ചപ്പാടുകൾ വ്യക്തമാക്കി അതിനനുസരിച്ച് മിഷൻ ശുശ്രൂഷകൾ മുന്നോട്ടു പോകേണ്ടതിന് ആവശ്യകമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തു.

'ഈശോയെ പ്രഘോഷിക്കുമ്പോൾ, പ്രഘോഷിക്കുന്നിടത്താണ് തിരുസഭ ജനിക്കുന്നത്. മിഷനറിമാർ ഈ പ്രഘോഷണം നടത്തേണ്ടത് തങ്ങളുടെ മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സാന്നിദ്ധ്യം കൊണ്ടുമാണ്'. തന്റെ സന്ദർശനവേളയിൽ ഈ സന്ദേശമാണ് അഭിവന്ദ്യ പിതാവ് ഊന്നിപ്പറഞ്ഞത്. ഈ വിധത്തിൽ പാലാ മിഷനറിമാർ നടത്തുന്ന സുവിശേഷവൽക്കരണ പ്രവർത്തനങ്ങളെ അഭിവന്ദ്യ പിതാവും വികാരി ജനറാൾ അച്ചനും അഭിനന്ദിക്കുകയും ചെയ്തു. സന്ദർശനം പൂർത്തിയാക്കി അഭിവന്ദ്യപിതാവും വികാരി ജനറൽ അച്ചനും സെക്രട്ടറിയച്ചനും ശെമ്മാശ്ശൻമാരും 11-ാം തിയതി പാലായിലേക്ക് തിരികെപ്പോയി.

**2. ST. ALPHONSA MISSION CENTRE, AVADOM ഉൽഘാടനവും വെഞ്ചരിപ്പും നടന്നു.**

പാലാ മിഷന്റെ സുവിശേഷവൽക്കരണ പ്രവർത്തനങ്ങളിൽ അഭിമാനാർഹമായ ഒരു ചുവടു കൂടി മുന്നേറിയിരിക്കുന്നു. ആവടം ടൗണിൽത്തന്നെ പാലാ മിഷൻ, വി.അൽഫോൺസാമ്മയുടെ നാമത്തിൽ പുതിയ ദൈവാലയവും ഭവനവും ആരംഭിച്ചിരിക്കുന്നു. മാർച്ച് എട്ടാം തിയതി രാവിലെ 10.00 മണിക്ക് നടന്ന ശുശ്രൂഷകൾക്ക് അഭിവന്ദ്യ പിതാക്കൻമാർ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ, മാർ ജോസഫ് കുന്നത്ത്, റവ.ഡോ.ജോസഫ് കുഴിഞ്ഞാലിൽ എന്നിവർ നേതൃത്വം നൽകി. പാലാ മിഷനറിമാരെല്ലാവരും സമീപ മിഷൻ കേന്ദ്രങ്ങളിലുള്ളവരുമായി 30 ഓളം വൈദികരും 35 ഓളം സന്യാസിനികളും അനവധി വിശ്വാസികളും പങ്കെടുത്തു. ആവടം ഗ്രാമത്തിലും പരിസര പ്രദേശങ്ങളിലും ദൈവവചനപ്രഘോഷണത്തിന്

വേണ്ടിയും കൂദാശാനുഷ്ഠാനങ്ങൾക്കു വേണ്ടിയും ദൈവം ഒരുക്കി തന്ന ഈ അനുഗ്രഹത്തിന് നന്ദി പറഞ്ഞുകൊണ്ട് അഭിവന്ദ്യ പ്രിൻസ് പിതാവ് സന്ദേശം നൽകി. അഭിവന്ദ്യ കല്ലറങ്ങാട്ടു പിതാവിന്റെ അനുഗ്രഹദായകമായ സാന്നിദ്ധ്യത്തെയും മിഷൻ പ്രോത്സാഹനങ്ങളെയും നന്ദിയോടെ ഓർമ്മിക്കുകയും പാലാ മിഷനെ അഭിനന്ദിക്കുകയും ചെയ്തു. ശുശ്രൂഷകൾക്കും മറ്റു ക്രമീകരണങ്ങൾക്കും ബഹു. ജോസഫ് കല്ലാച്ചേരിൽ, ബഹു. ആന്റണി ജോർജ്ജ് വാഴയിൽ, ബഹു. ജോർജ്ജ് കൊട്ടാരത്തിൽ, ബഹു. ഐസക്ക് കുറിച്ചിയേൽ, ബഹു. ജോർജ്ജ് വയലിപ്പറമ്പിൽ, ബ്ര.ജിനോ ആറ്റുചാലിൽ, ബ്ര. ടോം കട്ടിപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. കോ-ഓർഡിനേറ്റർ ഫാ.ജോർജ്ജ് കാരാംവേലിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാ.ജോസഫ് പര്യാത്ത് എല്ലാവർക്കും നന്ദി അറിയിച്ചു. തുടർന്ന് ചായ സൽക്കാരവും നടന്നു.

**3. വേമനപ്പള്ളിയിൽ ST. MARY'S ദൈവാലയ നിർമ്മാണത്തിന് തറക്കല്ലിട്ടു**

പാലാ മിഷനെ ഭരമേൽപിച്ചിരിക്കുന്ന രണ്ടാമത്തെ റവന്യൂ മണ്ഡലമായ വേമനപ്പള്ളി പാലാ മിഷനെ ഭരമേൽപിച്ചിരിക്കുന്ന രണ്ടാമത്തെ റവന്യൂ മണ്ഡലമായ വേമനപ്പള്ളിയിൽ പുതുതായി വാങ്ങിയ സ്ഥലത്ത് പുതിയ ദൈവാലയ നിർമ്മാണത്തിന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തറക്കല്ലിട്ടു. 09.03.2019 ന് രാവിലെ 10.30 ന് നടന്ന ചടങ്ങുകളിൽ അഭിവന്ദ്യ കല്ലറങ്ങാട്ടു പിതാവിനോടൊപ്പം പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചനും സഹകാർമ്മികനായി. പാലാ മിഷനറിമാരും ശെമ്മാശ്ശൻമാരും സ്ഥാനീയ നിവാസികളുമടക്കം ഒരു സമൂഹം കർമ്മങ്ങളിൽ പങ്കെടുത്തു. തദവസരത്തിൽ സന്ദേശം നൽകിയ പെരി. ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ ഈ ദേശവാസികളുടെ ജീവിതങ്ങളിലേക്ക് ഈശോയെ പങ്കുവച്ചു കൊടുക്കേണ്ട തിന്റെയും അവരെ ക്രിസ്തുവിന്റെ മൂല്യങ്ങളിലേക്ക് ആകർഷിക്കേണ്ടതിൻെറയും പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞു. പാലാ മിഷന് ഇത് ദൈവികമായ അഭിമാന നിമിഷമാണെന്നു പറഞ്ഞ അദ്ദേഹം എല്ലാ പാലാ മിഷനറിമാരെയും അഭിനന്ദിച്ചു. പെരിയ ബഹു. മാത്യു കുളംപള്ളിൽ CMI യും കർമ്മങ്ങളിൽ പങ്കു ചേർന്നു. തുടർന്ന് മധുര പലഹാര വിതരണവും നടത്തി.

**4. പാലാ മിഷനിൽ നോമ്പുകാല ശുശ്രൂഷകൾ.**

പ്രത്യേക പ്രാധാന്യത്തോടെ എല്ലാ മിഷൻ കേന്ദ്രങ്ങളിലും വിഭൂതി തിരുന്നാളോടുകൂടെ നോമ്പുകാല ശുശ്രൂഷകൾക്ക് തുടക്കമായി. എല്ലാ ദിവസവും വിശ്വാസി കൂട്ടായ്മയുടെ പങ്കാളിത്തത്തോടെ പരി.കുർബാനയർപ്പണം, ആഴ്ചയിലൊരിക്കൽ ദിവ്യകാരുണ്യാരാധനയും അനുരഞ്ജന ശുശ്രൂഷയും കുരിശിന്റെ വഴി പ്രാർത്ഥനകളും സംഘടിപ്പിക്കുന്നു. ജാവെങ്കിട്ടപുരം തിരുഹൃദയ ഇടവകയിലും സമീപ ഗ്രാമങ്ങളിലും ഫാ.ജോസഫ് പര്യാത്തും ഗൊല്ലപ്പള്ളി നല്ലിടയൻ ഇടവകയിലും മൈലാരത്തും ഫാ.ജോർജ്ജ് വയലിൽപറമ്പിൽ, ഫാ.ജോർജ്ജ് കൊട്ടാരം എന്നിവരും കോനംപെട്ട, ഉണ്ണീശോ ഇടവകയിൽ ഫാ.ജോസഫ് കല്ലാച്ചേരിലും നെന്നല, മദർ തെരേസാ, മന്നഗുഡം, സെന്റ് മേരീസ്, കൊത്ത ഗുടം, ഫാൻസീസ് സേവ്യർ ഇടവകകളിലും കർജിയിലും ഫാ.ഐസക്ക് കുറിച്ചിയേൽ, ഫാ.ആൻറണി ജോർജ്ജ് വാഴയിൽ, ഫാ.ജോർജ്ജ് കാരാംവേലിൽ

എന്നിവരും ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്നു. കോനം പെട്ടയിൽ വിഭൂതി കർമ്മങ്ങൾക്ക് നേതൃത്വം കൊടുത്തത് അഭിവന്ദ്യ മാർ പ്രിൻസ് പിതാവാണ്.

**5. നെന്നല മദർ തെരേസാ ഇടവകയിൽ കുടുംബവിശുദ്ധീകരണ ധ്യാനം.**

കൊത്തഗുടം, നെന്നല, മന്നഗുടം, കർജി ഗ്രാമങ്ങളിലെ വിശ്വാസികൾക്കായി മാർച്ച് 17-ാം തിയതി ഏകദിന കുടുംബ വിശുദ്ധീകരണ ധ്യാനം നടത്തി. ഫാ.മാത്യു കുളീപള്ളിൽ CMI, ഫാ. ഷിൻസ് CMI എന്നിവരും അദിലാബാദിൽ നിന്നെത്തിയ ഗായകസംഘവും നേതൃത്വം നൽകി. രാവിലെ. 8.30-ന് പരി. കുർബാനയോടെ ആരംഭിച്ച ധ്യാനം എല്ലാവർക്കും ദൈവാനുഭവത്തിന്റെ ഉണർവ്വ് പകർന്ന്, 2.30 നു നടന്ന സ്നേഹവിരുന്നോടെ സമാപിച്ചു. ക്രമീകരണങ്ങൾക്ക് വികാരി ഫാ.ഐസക്ക് കുറിച്ചിയേലും ഫാ.ആന്റണി ജോർജ്ജ് വാഴയിൽ, ബ്ര. ജിനോ ആറ്റുചാലിൽ, ബ്ര.ടോം കാട്ടിപ്പറമ്പിൽ, FDSHJ സമൂഹം എന്നിവർ നേതൃത്വം നൽകി.

**6. Superior General Mother Nuntia (LAR) - ക്കു സ്വാഗതം.**

Little Apostles of Redemption (LAR) സന്യാസസഭയുടെ സുപ്പീരിയർ ജനറൽ പെരിയ ബഹു. മദർ നുൺസിയ, മൈലാരം സന്യാസ ഭവനത്തിൽ ഔദ്യോഗിക സന്ദർശനം നടത്തി. പാലാ മിഷനിലും സന്ദർശനം നടത്തിയ മദർ ജനറൽ മിഷൻ പ്രവർത്തനങ്ങൾ വളർത്തുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞു. LAR മിഷൻ പ്രവർത്തനങ്ങളെ പാലാ മിഷൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

**7. മിഷനറി സംഗമവും, നാമഹേതുക തിരുന്നാളും ജൂബിലി ആശംസകളും.**

മാർച്ച് പത്താം തിയതി വൈകുന്നേരം 6 മണിക്ക് മൈലാരം LAR കോൺവെന്റിൽ വച്ച് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ പാലാ മിഷൻ സംഗമം നടന്നു. മുന്നോടിയായി, പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പെരിയ ബഹു. ജോസഫ് കഴിഞ്ഞാലിൽ അച്ചനും അഭിവന്ദ്യ പിതാവും കോഓർഡിനേറ്റർ അച്ചനും ചേർന്ന് ദിവ്യബലി അർപ്പിച്ചു. തുർന്നു നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവിനും ബഹു. കുഴിഞ്ഞാലിലച്ചനും എല്ലാ ജോസഫ് നാമധാരികൾക്കും നാമഹേതുകതിരുന്നാൾ ആശംസകൾ നേർന്നു. പെരിയ ബഹു. കുഴിഞ്ഞാലിലച്ചനു പൗരോഹിത്യ സുവർണ്ണ ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ആദരസൂചകമായി പ്രത്യേകം തയ്യാറാക്കിയ പാലാ മിഷൻ സ്മാരകം സമ്മാനിക്കുകയും ചെയ്തു.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

ഗുജറാത്തിലെ അഹമ്മദാബാദ് - ബറോഡ മിഷൻ വളർന്നുകൊണ്ടിരിക്കുന്നു. മിഷനെ ശക്തിപ്പെടുത്താൻ പാലായിൽനിന്ന് അഞ്ച് പുതിയ വൈദികർകൂടി എത്തിച്ചേർന്നു. മോൺ. ജോസഫ് കൊല്ലംപറമ്പിൽ, ഫാ. മാത്യു വെങ്ങാലൂർ, ഫാ. ജോൺ ചാവേലിൽ, ഫാ. പോൾ പാറപ്ലാക്കൽ, ഫാ. മൈക്കിൾ തോട്ടു

ങ്കൽ ഫെബ്രുവരി 24-ാം തീയതി എത്തിച്ചേർന്നു. എല്ലാവർക്കും ഊഷ്മളമായ സ്വീകരണം നൽകി.

**സെന്റ് അൽഫോൻസാ കുർബാന സെന്റർ**

ബഹുമാനപ്പെട്ട മാത്യു വെങ്ങാലൂർ അച്ചൻ മലേപറമ്പിൽ അച്ചനുപകരം പുതിയ വികാരിയായി ചാർജ്ജെടുത്തു. മോൺ. കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ വിഭൂതി തിരുനാൾ കുരിശുവരെ പെരുന്നാൾ ആചരിച്ചു. വിവിധ വാക്കുകളിലുള്ള വാർഡ് മീറ്റിംഗ് നടന്നുവരുന്നു. പുതിയ വികാരി ഭവനസന്ദർശനവും നോമ്പുകാല വീടു വെഞ്ചരിപ്പും നടത്തിവരുന്നു.

**സാമ്പ്രർമതി (Sabarmathi) കുർബാന സെന്റർ**

ബഹുമാനപ്പെട്ട പോൾ പാറപ്ലാക്കൽ അച്ചൻ പുതിയ വികാരിയായി ചാർജ്ജെടുത്തു. ഭവന സന്ദർശനങ്ങളും നോമ്പുകാല വെഞ്ചിരിപ്പുകളും നടത്തുന്നു. പുതിയ വികാരിയച്ചനു താമസിക്കാനായി ഇടവകക്കാരുടെ സഹകരണത്തോട് പുതിയ വൈദികമന്ദിരം കണ്ടെത്തുകയും വെഞ്ചിരിപ്പിനുശേഷം അച്ചൻ താമസം ലത്തീൻ പള്ളിയിൽ നിന്ന് അവിടെക്കു മാറ്റുകയും ചെയ്യുന്നു. വെഞ്ചിരിപ്പിൽ മോൺ.കൊല്ലംപറമ്പിൽ, മോൺ. ജോസഫ് പൂവേലിൽ - ലാറ്റിൻ പള്ളി വികാരി തുടങ്ങിയവർ പങ്കെടുത്തു.

**ആഗ്ലേശ്വർ & ബറൂക്ക്**

ബഹു. ജോൺ ചാവേലിൽ അച്ചൻ ആംഗ്ലേശ്വർ, ബറൂക്ക് എന്നീ കുർബാന സെന്ററുകളിൽ വികാരിയായി ചാർജ്ജെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തുവരുന്നു.

**മേരിമാതാ കുർബാന സെന്റർ**

ബഹു. മൈക്കിൾ തോട്ടുങ്കൽ അച്ചൻ ഇവിടെ കൊച്ചച്ചനായി ചാർജ്ജെടുത്തു.

**വൈദികരുടെ മാസധ്യാനം നടത്തി.**

യശോദ നഗർ, സെന്റ് ചാവറ കുരിയാക്കോസ് ഏലിയാസ് സീറോ മലബാർ ദേവാലയത്തിൽ വച്ച് ഗുജറാത്ത് റീജിയനിൽ സേവനമനുഷ്ഠിക്കുന്ന 19 വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു.

**യാത്രയയപ്പു നൽകി**

തന്റെ ഗുജറാത്ത് സേവനങ്ങൾക്കുശേഷം തിരിച്ചു നാട്ടിലേക്കു മടങ്ങുന്ന മോൺ മലേപറമ്പിൽ അച്ചന് വൈദികരുടെ മാസധ്യാനത്തിലും റീജിയണൽ ഹോമിലും യാത്രയയപ്പു നൽകി.

**പുതിയ ദേവാലയം**

യശോദ നഗർ, സീറോ മലബാർ വിശ്വാസികൾക്കായി, പുതിയ ഒരു ദേവാലയം എച്ച്.ഇ. റാഫേൽ തട്ടിൽ പിതാവ് കൂദാശ ചെയ്തു.

**നോമ്പുകാല ധ്യാനങ്ങൾ നടത്തപ്പെട്ടു.**

ആനന്ദ്, കരംസന്ദ്, ചോട്ടാ നഗർ എന്നിവർ ഇടവകകളിൽ പാലാ രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ, ബഹു. വിൻസെന്റ് മൂങ്ങാമാക്കൻ അച്ചൻ

നയിച്ച നോമ്പുകാലധ്യാനം നടത്തപ്പെട്ടു. ബഹു. ജേക്കബ് വെള്ളമരുതുങ്കൽ മുൻ സബീമതി, മേരി മാതാ കുർബാന സെന്ററുകളിൽ വാർഷികധ്യാനം നയിച്ചു.

**സെന്റ് ജോസഫ് തിരുനാൾ ആഘോഷിച്ചു.**

ലയോള പാരീഷിലും മോൺ. പുല്ലുവേലിൽ അച്ചന്റെയും മോൺ. കൊല്ലംപറമ്പിൽ അച്ചന്റെയും നേതൃത്വത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു.

ആനന്ദിലും ഷോട്ടാ നഗർ ഇടവകകളിലും വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും മോൺ. കൊല്ലംപറമ്പിൽ അച്ചൻ തിരുനാൾ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി.

മേരിമാതാ കുർബാന സെന്ററിൽ ബഹു. ജേക്കബ് വെള്ളംമരുതുങ്കൽ, മൈക്കിൾ തോട്ടുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ നടത്തിപോരുകയും ആഘോഷമായ തിരുനാൾ പ്രദക്ഷിണം നഗരവേദിയിലൂടെ നടത്തപ്പെടുകയും ചെയ്തു. ബഹു. മാത്യു വെങ്ങാലൂർ അച്ചന്റെ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**5. ലയോള കുർബാന സെന്റർ**

മോൺ. ജോസഫ് പുല്ലുവേലിൽ അച്ചന്റെ നേതൃത്വത്തിൽ ഭവനസന്ദർശനവും പുതിയ ദേവാലയ നിർമ്മാണവും നോമ്പുകാല വീടു വെഞ്ചരിപ്പും നടത്തിവരുന്നു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**1. മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത മാനേജിംഗ് കമ്മിറ്റി 2019 ഫെബ്രുവരി 16-ാം തീയതി വൈകുന്നേരം 6.30 മുതൽ ഭരണങ്ങാനം മാതൃഭവനിൽ നടന്നു. പ്രസിഡന്റ് ശ്രീ. തോമസ് അടുപ്പുകല്ലുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ റവ.ഡോ. തോമസ് മേനാച്ചേരി ആമുഖസന്ദേശം നൽകി. രൂപത, മേഖലാതല പ്രവർത്തനങ്ങളെപ്പറ്റി ഭാരവാഹികൾ സംസാരിച്ചു.

**2. യാത്രയയപ്പ് സമ്മേളനം**

കഴിഞ്ഞ 6 വർഷക്കാലം മിഷൻലീഗ് രൂപതാ ഡയറക്ടറായി സേവനം അനുഷ്ഠിച്ച റവ.ഡോ. തോമസ് മേനാച്ചേരി അച്ചന് രൂപതാ മാനേജിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. പ്രസിഡന്റ് തോമസ് അടുപ്പുകല്ലുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് ഡയറക്ടർ സി. സുദീപ സി.എം.സി. ആമുഖസന്ദേശം നൽകി. ജോബി ആലയ്ക്കപ്പറമ്പിൽ, ബിനോയി പള്ളിപ്പറമ്പിൽ, മനു ചെറുകാട്ടിൽ, ജോസ് കരീക്കുന്നേൽ, ബെന്നി മുത്തനാട്ട്, ലിസി മുണ്ടുവാലയിൽ, അലക്സ് കാവുകാട്ട്, ജസ്റ്റിൻ വയലിൽ തുടങ്ങിയവർ സംസാരിച്ചു.

**3. രൂപതാ എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് യോഗം 2019 മാർച്ച് 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപതാ ഡയറക്ടറായി ചുമതലയേറ്റ റവ.ഫാ. സെബാസ്റ്റ്യൻ പഴേപറമ്പലിന് രൂപതാസമിതി സ്വാഗതമാശംസിച്ചു. പ്രസിഡന്റ് ശ്രീ. തോമസ് അടുപ്പുകല്ലുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വരും മാസങ്ങളിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

**5. പ്രതിഷേധ പ്രമേയം**

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന ന്യൂനപക്ഷാവകാശങ്ങൾ ഇല്ലാതാക്കാനുള്ള കേരള സർക്കാരിന്റെ നീക്കൾക്കെതിരെ പാലാ രൂപതാ ചെറുപുഷ്പ മിഷൻലീഗ് പ്രതിഷേധിച്ചു. ചർച്ച് പ്രോപ്പർട്ടിബിൽ 2019 പിൻവലിക്കണമെന്നാവശ്യപ്പെട്ട് രൂപതാ എക്സിക്യൂട്ടീവ് പ്രമേയം പാസാക്കി. റവ.ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, സി. സുദീപ സി.എം.സി., തോമസ് അടുപ്പുകല്ലുങ്കൽ, ജിസ്മോൻ തുടിയൻപ്ലാക്കൽ തുടങ്ങിയവർ സംസാരിച്ചു.

**6. വചനഭേരി മെഗാക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വചനഭേരി മെഗാക്വിസ് മത്സരത്തിലേക്കുള്ള അംഗങ്ങളെ കണ്ടെത്തുന്നതിനായി രൂപതാതല മത്സരം 2019 ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ഭരണങ്ങാനം മാതൃഭവനിൽ നടത്തുന്നു. മത്സരത്തിന്റെ വിഷയം പ്രഭാഷകന്റെ പുസ്തകമാണ് (51 അധ്യായങ്ങൾ). ഒരു ഇടവകയിൽനിന്നും 10-15,16-25 പ്രായപരിധിയിൽ രണ്ട് പേരടങ്ങുന്ന എത്ര ടീമുകൾക്ക് വേണമെങ്കിലും ആൺ, പെൺ വ്യത്യാസമില്ലാതെ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്ന ടീമുകളുടെ എണ്ണം ഏപ്രിൽ 10-ന് മുമ്പായി 9447120957 എന്ന നമ്പറിൽ അറിയിക്കേണ്ടതാണ്.

**7. രൂപതാ ഇലക്ഷൻ**

ചെറുപുഷ്പ മിഷൻലീഗിന്റെ 2019-2022 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ 27-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.30 മുതൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തുന്നു. രൂപതാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഇലക്ഷനിൽ സംബന്ധിക്കേണ്ടതാണ്. വോട്ടേഴ്സ് ലിസ്റ്റ് മാർച്ച് 25 മുതൽ മിഷൻലീഗ് രൂപതാ ഓഫീസിൽ പരിശോധിക്കാവുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**ചർച്ച് ബില്ലിനെതിരേ പ്രതിഷേധം**

സംസ്ഥാന നിയമ പരിഷ്കരണക്കമ്മീഷൻ സർക്കാരിന്റെ മുമ്പിൽ സമർപ്പിച്ച ചർച്ച് ബിൽ കരടുരേഖ റദ്ദാക്കണമെന്നാവശ്യപ്പെട്ട് കെ. സി. എസ്.

എൽ പാലാ രൂപത എക്സിക്യൂട്ടീവ് യോഗം മാർച്ച് 1 -ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്ന് പ്രതിഷേധപ്രമേയം പാസാക്കി. പ്രസിഡന്റ് സാലി കെ.ജെ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ഉൾപ്പെടെ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കുകയും ചർച്ച നടത്തുകയും ചെയ്തു. മുഖ്യമന്ത്രിക്കും, നിയമപരിഷ്കരണ കമ്മീഷൻ ചെയർമാനും പ്രതിഷേധ പ്രമേയത്തിന്റെ കോപ്പി അയച്ചുകൊടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഏപ്രിൽ, മേയ് മാസങ്ങളിൽ നടക്കാനിരിക്കുന്ന അവധികാല ക്യാമ്പിനെക്കുറിച്ച് ചർച്ച നടത്തി തീരുമാനങ്ങൾ എടുക്കുന്നതിനായി മാർച്ച് 1 ന് ഷലോം പാസ്റ്ററൽ സെന്ററിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും തന്നെ മീറ്റിംഗിൽ പങ്കെടുത്തു. അഞ്ചു മണിയോടെ മീറ്റിംഗ് സമാപിച്ചു.

**സെൻട്രൽ കൗൺസിൽ - പി. ഒ. സി**

മാർച്ച് 9 ശനിയാഴ്ച പി. ഒ. സി.യിൽ വച്ച് നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് സാലി കെ. ജെ, വൈസ്പ്രസിഡന്റ് പ്രിറ്റി അഗസ്റ്റിൻ, ട്രഷറർ സി. ജെയ്ൻ റോസ്, സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ ആഷ്ലി ടെസ്സ് ജോൺ, സ്റ്റേറ്റ് സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങളായ നിക്കി ജോയി, എമ്മാനുവൽ തോമസ് എന്നിവർ സംബന്ധിച്ചു.

**സ്പെഷൽ സ്കൂൾ സന്ദർശനം**

മൂന്നാനി സ്നേഹാരാം സ്പെഷൽ സ്കൂൾ സ്റ്റേറ്റ് ഡയറക്ടറും രൂപത ഡയറക്ടറുമായ ഫാ. കുര്യൻ തടത്തിൽ സന്ദർശിക്കുകയും സ്പെഷൽ ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്ത ടെസ്സി തോമസിന് വിജയാശംസകൾ നേരുകയും പ്രാർത്ഥന വാഗ്ദാനം ചെയ്യുകയും ചെയ്തു.

**ഫീസ്റ്റ് ഡേ ആശംസിച്ചു**

മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് പാലാ ബിഷപ്സ് ഹൗസിലെത്തി അഭിവന്ദ്യപിതാക്കൻമാരെയും ജോസഫ് നാമധാരികളായ ബഹു. അച്ചൻമാരെയും രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ നേതൃത്വത്തിൽ കെ.സി.എസ്.എൽ ടീച്ചേഴ്സ് എക്സിക്യൂട്ടീവംഗങ്ങളും സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങളും സന്ദർശിക്കുകയും തിരുനാൾ ആശംസിക്കുകയും ചെയ്തു. ചെയർമാൻ ആൽബിൻ ജിജോയുടെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങൾ ബൊക്കെ സമ്മാനിച്ചു.

**കളരി വിതരണം നടത്തി**

കെ. സി. എസ്. എൽ പ്രസിദ്ധീകരണമായ കളരി മൂന്നാം ലക്കം ബ്രദർ അനൂപ് വാഴേപ്പറമ്പിലിന്റെ നേതൃത്വത്തിൽ എല്ലാ സ്കൂളുകളിലും വിതരണം നടത്തി.

**നേതൃത്വപരിശീലന - വ്യക്തിത്വവികസനക്യാമ്പ്**

പാലാ രൂപത കെ.സി.എസ്.എൽ.ന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നേതൃത്വപരിശീലന- വ്യക്തിത്വവികസനക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. പാലാ ചെത്തിമറ്റത്തുള്ള ക്രിസ്തുജ്യോതി ധ്യാനകേന്ദ്രമാണു വേദി. യു.പി. വിദ്യാർത്ഥികൾക്ക് ഏപ്രിൽ 27 ശനിയാഴ്ച 5 മണിക്കാരംഭിച്ച് 29 തിങ്കളാഴ്ച രാവിലെ 8.30 ന് അവസാനിക്കും. ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് മേയ് 8 ബുധനാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് 10 വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കും.

വിവിധ ദിനങ്ങളിലായി നടക്കുന്ന ശില്പശാലയിൽ വിദഗ്ധർ നയിക്കുന്ന മോട്ടിവേഷണൽ ട്രെയിനിംഗ് സെഷനുകൾ, സ്കിൽഡ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ആത്മീയ ധാർമ്മികബോധനക്ലാസുകൾ, ചർച്ചകൾ, സംവാദങ്ങൾ, കലാകായികവിനോദങ്ങൾ എന്നിവ ഉണ്ടായിരിക്കും. ആധുനികദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെയുള്ള നൂതനാവതരണരീതികൾ ക്യാമ്പിനു മാറ്റുകൂട്ടും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന കെ.സി.എസ്.എൽ. ഓഫീസിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് യു.പി. വിഭാഗത്തിന് 450 രൂപയും ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗത്തിന് 550 രൂപയുമാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 8281730715, 9447294545, 9207115445.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# എസ്.എം.വൈ.എം.

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഈ വർഷത്തെ ആറാമത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് മാസം 10-ാം തീയതി പാലായിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാ. തോമസ് തയ്യിലിന്റെ നേതൃത്വത്തിൽ നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ വരും മാസങ്ങളിലെ പരിപാടികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. വിവിധ കർമ്മപരിപാടികൾക്ക് എക്സിക്യൂട്ടീവ് അംഗങ്ങളെ നിയമിക്കുകയും അവരുടെ ആശയങ്ങൾ കേൾക്കുകയും ചെയ്തു.

**2. സൗജന്യ തൊഴിൽ മേള**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വിവിധ കോളേജുകളുടെ സഹകരണത്തോടെ സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. പാലാ സെന്റ് തോമസ് കോളേജ്, ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജ്, അരുവിത്തുറ സെന്റ് ജോർജ് കോളേജ്, പാലാ അൽഫോൻസാ കോളേജ്, ചേർപ്പുങ്കൽ ബി.വി.എം. കോളേജ്, കുറവിലങ്ങാട് കോളേജ്, രാമപുരം കോളേജ്, മൂലമറ്റം കോളേജ്, കൂത്താട്ടുകുളം മേരിഗിരി കോളേജ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. നമ്മുടെ നാട്ടിൽ തൊഴിൽ ലഭിക്കാതെ കഷ്ടപ്പെടുന്ന നാനാജാതി മതസ്ഥർക്ക് ഇത് ആശ്വാസമാകും എന്നാണ് പ്രതീക്ഷി

ക്കുന്നത്. ഇതിന്റെ ഒരുക്കമായി ഡയറക്ടർ ഫാ. തോമസ് തയ്യിലിന്റെ നേതൃത്വ ത്തിൽ വിവിധ കോളേജിലെ അധ്യാപകരുമായി അരമനയിൽ വച്ച് മീറ്റിംഗ് നട ന്നു. തൊഴിൽമേളയുടെ ഭാഗമായി വിവിധ കോളേജുകൾ സന്ദർശിക്കുകയും ചെയ്തു. ഏപ്രിൽ അവസാനവാരം പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തപ്പെടുന്ന തൊഴിൽ മേളയുടെ രജിസ്ട്രേഷൻ ഫോം ഇടവകയിലെ എസ്.എം.വൈ.എം. സംഘടന ഭാരവാഹികളിൽനിന്ന് ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫോം തിരിച്ചേൽപിക്കേണ്ട അവസാന തീയതി ഏപ്രിൽ 5 വരെയാണ്.

**3. ചർച്ച് ആക്ടിനെതിരെ പ്രതിഷേധിച്ചു.**

പാലാ രൂപതയിലെ വിവിധ ഇടവകകളിൽ എസ്.എം.വൈ.എം. സംഘ ടനയുടെ ആഭിമുഖ്യത്തിൽ ചർച്ച് ആക്ടിനെതിരെ ശക്തിയായ പ്രതിഷേധങ്ങൾ നടന്നു. വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് വച്ച് നടന്ന ചർച്ച് ആക്ടിനെതിരെയുള്ള സമ്മേളനത്തിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**4. മേഖല പ്രവർത്തനവർഷ ഉദ്ഘാടനം**

രാമപുരം മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 3-ാം തീയതി ഞായറാഴ്ച വികാരി ജോർജ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സംസാരിച്ചു. മേഖലാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടയ ത്തിനാൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**5. യൂണിറ്റ് സന്ദർശനം**

പയസ് മൗണ്ട് യൂണിറ്റിൽ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ സന്ദർശനം നടത്തുകയും ക്ലാസ് എടുക്കുകയും ചെയ്തു. റീതു ജോർജ്, റോഷ്നി, ജോസഫ് സാവിയോ എന്നിവർ പങ്കെടുത്തു.

**6. കുരിശിന്റെ വഴിയെ**

വലിയ നോമ്പിലെ ഓരോ ദിവസവും വിവിധ യൂണിറ്റുകളും സഹ കരണത്തോടെ നോമ്പുകാല വീഡിയോ സന്ദേശങ്ങൾ സോഷ്യൽ മീഡിയ യിലൂടെ അയയ്ക്കുന്നു.

**7. കുരിശുമലകയറ്റം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 15-ാം തീയതി അറുനൂറ്റിമംഗലം കുരിശുമലയിലേയ്ക്ക് മലകയറ്റം നടത്തു ന്നു. 9 മണിക്ക് കടുത്തുരുത്തി നഗരത്തിൽനിന്ന് കാൽനടയായി യാത്ര ആരം ഭിച്ച് 10 മണിക്ക് മലയടിവാരത്ത് എത്തിച്ചേരുന്നു. അവിടെനിന്ന് മലയിലേയ്ക്ക് കുരിശിന്റെ വഴി നടത്തുന്നു.

**8. യുവജനസംഗമം**

എസ്.എം.വൈ.എം. രൂപതയിലെ യുവജനപ്രതിനിധികളുടെ സംഗമം മാർച്ച് മാസം 30-ാം തീയതി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു.

**9. കരിയർ ഗൈഡൻസ്**

പാലാ എസ്.എം.വൈ.എംന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ മാസം 29, 30 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് കരിയർ

ഗൈഡൻസ് നടത്തപ്പെടുന്നു. 29-ാം തീയതി രാവിലെ കെ. ജയകുമാർ ഐ.എ.എസും ഉച്ചകഴിഞ്ഞ് പ്രൊഫ. ടോമി ചെറിയാനും ക്ലാസ് നയിക്കും. 30-ാം തീയതി രാവിലെ ബി.എസ്. വാര്യരും ഉച്ചകഴിഞ്ഞ് ടോമി ചെറിയാൻ ക്ലാസ് എടുക്കുന്നതാണ്.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. മംഗള വാർത്താധ്യാനം**

ജീവിത പങ്കാളികൾക്കും ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കായി കാത്തിരിക്കുന്ന ദമ്പതികൾക്കും വേണ്ടിയുള്ള മംഗളവാർത്താധ്യാനം മാർച്ച് 1,2,3,4 തീയതികളിൽ കൊടുമ്പിടി താബോർ ധ്യാനമന്ദിരത്തിൽ നടന്നു. മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, സി. ഡോ. ലത, സുനിൽ ജോൺ, ജോർജുകുട്ടി ഒഴുകയിൽ, ഡോ.റ്റി.സി. തങ്കച്ചൻ, ജോസ് മാത്യു, ജോൺസൺ കണ്ടത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. സിറിൽ തയ്യിൽ, ഫാ. മാത്യു മാടയാങ്കൽ എന്നിവർ ബലിയർപ്പിച്ചു സന്ദേശം നൽകി. ജോസുകുട്ടി ജേക്കബ്, ഡോ. ജോസ് മാത്യു, സജി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**2. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുവേണ്ടിയുള്ള രാത്രി ആരാധന മാർച്ച് 1-ന് അരുണാപുരം ഇടവകയിൽ നടന്നു. സണ്ണി ആന്റണി വാഴയിൽ വചനം പ്രഘോഷിച്ചു. ഫാ. സിറിൽ തയ്യിൽ വി. ബലിയർപ്പിച്ചു. ഫാ. കുര്യൻമറ്റം, ആൽവിൻ സ്കറിയ, പ്രണോയി, ബിജീഷ്, റോയി ജോസഫ് ജിയോ മൈക്കിൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**3. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച സംഗമം മാർച്ച് 9-ന് പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. സമ്മേളനത്തിൽ ജോയിന്റ് ഡിറക്ടറായി ചാർജെടുത്ത ഫാ. സിറിൽ തയ്യിലിന് സ്വീകരണം നല്കി. ഫാ. തോമസ് ഓലായത്തിൽ വചനപ്രഘോഷണം നടത്തി. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ സന്ദേശം നല്കി. അരുവിത്തുറ കോളേജ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. പ്രത്യേകിച്ച് കോർഡിനേറ്റർ തോമസ് ദിവ്യകാരുണ്യ ആരാധനയോടെ ശുശ്രൂഷകൾ സമാപിച്ചു.

**4. ഒരുക്ക സമ്മേളനം**

'ബ്ളൂമിംഗ് റോസസ്' പ്രോഗ്രാമിന് മുന്നോടിയായി ഒരുക്കസമ്മേളനം മാർച്ച് 4-ന് ഷാലോമിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ആൽവിൻ സ്കറിയ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ ചർച്ച് ആക്ടിനെതിരെയുള്ള പ്രതിഷേധവും രേഖപ്പെടുത്തി.

**5. എയ്ഞ്ചൽസ് ആർമി സമ്മേളനം**

എയ്ഞ്ചൽ ആർമിയുടെ മാസാദ്യ സമ്മേളനം മാർച്ച് 9-ന് ഭരണങ്ങാനം പാറേൽ പള്ളിയിൽ നടന്നു. ഫാ. സിറിൽ തയ്യിൽ ബലിയർപ്പിച്ചു സന്ദേശം നൽകി.

**6. പരീക്ഷ ഒരുക്ക സെമിനാർ - ഇലഞ്ഞി**

പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരുക്ക സെമിനാറും ദിവ്യകാരുണ്യ ആരാധനയും മാർച്ച് 2-ന് ഇലഞ്ഞി പഴയപള്ളിയിൽ നടന്നു. ഫാ. കുര്യൻമറ്റം, ലിൻസി മുണ്ടാങ്കൽ എന്നിവർ ക്ലാസുകളും ദിവ്യകാരുണ്യ ശുശ്രൂഷയും നയിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, ടോമി, മറ്റു ജീസസ് യൂത്ത് പ്രവർത്തകർ നേതൃത്വം കൊടുത്തു.

**7. നവീകരണ സെമിനാർ - ചാവറ ഹോസ്റ്റൽ ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഇടവകയിൽ സി.എം.സി. സിസ്റ്റേഴ്സ് നടത്തുന്ന ചാവറ ഹോസ്റ്റലിൽ മാർച്ച് 19-ന് വിദ്യാർത്ഥിനികൾക്കുവേണ്ടിയുള്ള നവീകരണ സെമിനാർ നടന്നു. ഫാ. കുര്യൻ മറ്റം, അനിതാ ജോജി, സി. ആൻസിറ്റ് സി.എം.സി. എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**8. ഹൗസ്ഹോൾഡ് സമ്മേളനം - അരുവിത്തുറ**

ജീസസ് യൂത്തിന്റെ മാർച്ച് മാസം ഹൗസ് ഹോൾഡ് സമ്മേളനം 10-ാം തീയതി അരുവിത്തുറ മിനി പാരിഷ് ഹാളിൽ നടന്നു. ജറീൻ മാത്യു, റെജി കുന്നേൽ, ആൽഫി എന്നിവർ നേതൃത്വം നല്കി.

**9. വചനപഠനധ്യാനം**

ദൈവത്തിന്റെ വചനം പഠിക്കാനുള്ള സംരംഭത്തിന്റെ ഭാഗമായി ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനമന്ദിരത്തിൽ മാർച്ച് 15,16,17 തീയതികളിൽ ഒരു വചന പഠനധ്യാനം നടന്നു. ഫാ. കുര്യൻമറ്റം, നന്ദു ജോൺ, ആന്റോ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**10. കുരിശുമലകയറ്റം**

എയ്ഞ്ചൽസ് ആർമിയുടെ നേതൃത്വത്തിൽ മാർച്ച് 22-ന് അരുവിത്തുറ വല്യച്ചൻ മലയിൽ കുരിശിന്റെ വഴി നടത്തി. മോൺ. ജോസഫ് മലേപ്പറമ്പിൽ, ഫാ. സിറിൽ തയ്യിൽ, ജോസുകുട്ടി ജേക്കബ്, ജോസ് മാത്യു എന്നിവർ നേതൃത്വം നൽകി.

**11. ഔട്ട് റീച്ച് പ്രോഗ്രാം**

ജീസസ് യൂത്ത് കാമ്പസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ മാർച്ച് 3-ന് ഇടപ്പാടി സ്നേഹഗിരി സിസ്റ്റേഴ്സിന്റെ പരിപാലനയിലുള്ള ഭിന്നശേഷിക്കാരെ സന്ദർശിച്ച് വിവിധങ്ങളായ പ്രോഗ്രാമുകൾ നടത്തി. ഫാ. കുര്യൻ മറ്റം, ഗ്രേഷ്മ, ആൽബിൻ എന്നിവർ നേതൃത്വം നൽകി.

**12. യുവജനധ്യാനം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള യുവജനധ്യാനം മാർച്ച് 8,9,10 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനമന്ദിരത്തിൽ നടന്നു.

ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ജോർജ്കുട്ടി ആഗസ്തി, അനിതാ ജോജി, ബിലാസ് കളത്തൂർ എന്നിവർ നേതൃത്വം നൽകി.

**13. മരിയസദൻ സന്ദർശനം**

ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ മാർച്ച് 17-ന് പാലാ മരിയസദനിലെ അന്തേവാസികളെ സന്ദർശിച്ച് കലാവിരുന്നും സമ്മാന ങ്ങളും നല്കി.

**14. ഹൗസ് ഹോൾസ് സമ്മേളനം പാലാ**

ജീസസ് യൂത്തിന്റെ പാലാ ഹൗസ് ഹോൾസ് സമ്മേളനം ഷാലോം പാസ്റ്ററൽ സെന്ററിൽ മാർച്ച് 31-ന് നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ആൽവിൻ സ്കറിയ, പ്രണോയി ടോം, മാത്യു എം. കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

9-3-2019 ശനിയാഴ്ച രാവിലെ 10 മണിക്ക് കുടുംബകൂട്ടായ്മ രൂപതാ കൗൺസി ലംഗങ്ങൾ ഫൊറോന കോർഡിനേറ്റേഴ്സ്, റിസോഴ്സ് ടീം അംഗങ്ങൾ ഡയറ ക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി സന്ദർശനം നടത്തി. റവ.ഫാ. ഗർവാസീസ് ആനിത്തോട്ടം, റവ.ഫാ. ജോസഫ് കീരംഞ്ചിറ എന്നിവർ എല്ലാ ഭാഗങ്ങളും കാണിച്ചുതരുകയും മെഡിസിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു തരുകയും ചെയ്തു.

10-3-2019 ഞായറാഴ്ച കുടുംബകൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അറുനൂറ്റിമംഗലം പള്ളിയിൽ രാവിലെ 7 മണിക്ക് വിശുദ്ധ കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. വി. കുർബാനയ്ക്കുശേഷം കുടുംബകൂട്ടായ്മ ഭാരവാഹികൾ അവരുടെ ദൗത്യ ങ്ങളെ ക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

17-3-2019 ഞായറാഴ്ച കുടുംബകൂട്ടായ്മ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വ ത്തിൽ അറുനൂറ്റിമംഗലം ഇടവകയിലെ 20 കുടുംബകൂട്ടായ്മ യൂണിറ്റുകളിലും വൈകിട്ട് 4.30 മുതൽ 6 മണിവരെ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? കൂട്ടായ്മയിൽ എന്തൊക്കെ ചെയ്യണം എന്നതിനെക്കുറിച്ച് ക്ലാസ്സെടുത്തു.

3-3-2019 ഞായറാഴ്ച വൈകുന്നേരം 5 ന് കുടുംബകൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പാളയം ഇടവകയിലെ ഒരു കുടുംബകൂട്ടായ്മ സമ്മേളനത്തിൽ സംബന്ധിച്ച് കൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

17-3-2019 ഞായറാഴ്ച കുടുംബകൂട്ടായ്മ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാ മാക്കൽ പാളയം ഇടവകയിൽ രാവിലെ 7 മണിക്ക് വിശുദ്ധ കുർബാന അർപ്പിച്ച് കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ **Calicut University bpsS Christian Chair** യുമായി അഫിലിയേറ്റ് ചെയ്തുള്ള **Diploma in Counselling, Certificate in Counselling-** കോഴ്സുകൾ ആരംഭിച്ചു. ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 6-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഭരണങ്ങാനം അൽഫോൻസിയൻ സ്പിരിചാലിറ്റി സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**മാർച്ച് 11-13, 25-27** തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 185 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഏപ്രിൽ 8-10, 22-24** തിയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **ഏപ്രിൽ 22-24 കോഴ്സ് ഇലക്ഷൻ പ്രമാണിച്ച് 23-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് രജിസ്ട്രേഷനോടെയാണ് ആരംഭിക്കുന്നത്. മെയ് 6-8, 20-22** തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

മാർച്ച് മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 315 മാതാപിതാക്കന്മാർ സംബന്ധിച്ചു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. വല്യച്ചൻമല തീർത്ഥാടനം - അരുവിത്തുറ**

മാതൃ-പിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 5-ാം തീയതി അരുവിത്തുറ വല്യച്ചൻമല തീർത്ഥാടനം നടത്തപ്പെടുന്നതാണ്.

## D. പിതൃവേദി

**1. പുതിയ യൂണിറ്റ് - മംഗളാരം, കാക്കൊമ്പ്**

മംഗളാരം, കാക്കൊമ്പ് ഇടവകകളിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പരിപാടിയിൽ പങ്കെടുത്തു.

**2. പ്രവർത്തനോദ്ഘാടനം**

പാലാ രൂപത പിതൃവേദി 2019-20 വർഷത്തെ രൂപതാതലപ്രവർത്തനോദ്ഘാടനം ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. പിതൃവേദി രൂപതാ പ്രസിഡന്റ് ശ്രീ. ജോസ് ജോൺ കീലത്തിന്റെ അദ്ധ്യക്ഷതയിൽ പാലാ രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ആമുഖപ്രഭാഷണം നടത്തി.

പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രവർത്ത നോദ്ഘാടനം നടത്തുകയും മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, വെരി. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ എന്നിവർ ആശംസകളർപ്പിക്കുകയും ചെയ്തു. പാലാ രൂപതയിലെ വിവിധ ഇടവകകളിലെ 250 ഓളം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

**3. കർമ്മരേഖപ്രകാശനം**

പിതൃവേദിയുടെ രൂപതപ്രവർത്തനോദ്ഘാടനത്തോടനുബന്ധിച്ച് 2019 – 20 വർഷങ്ങളിലെ പ്രവർത്തനവർഷകർമ്മരേഖ അഭിവന്ദ്യ മാർ ജോസഫ് കല്ല റങ്ങാട്ട് പിതാവ് പ്രകാശനം ചെയ്തു.

**4. സെമിനാർ– കൂത്താട്ടുകുളം**

ഏപ്രിൽ 7 –ാം തീയതി കൂത്താട്ടുകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പേരന്റ്സിനായി ആദ്യകുർബാനസ്വീകരണഒരുക്കസെമിനാർ നടത്തപ്പെടുന്നതാ ണ്.

**E. എ. മാതൃവേദി**

**1. സിൽവർ ജൂബിലി ആഘോഷം**

മാതൃവേദി സ്ഥാപിതമായതിന്റെ രജതജൂബിലി ആഘോഷവും മാതൃ സംഗമവും മാർച്ച് 1 ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 ന് പാലാ രൂപത സഹാ യമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ പ്രധാന കാർമ്മികത്വ ത്തിൽ ഡയറക്ടറായ റവ. ഡോ. ഷീൻ പാലയ്ക്കത്തടവും മാതൃവേദിയുടെ മുൻ ഡയറക്ടർമാരും ആഘോഷമായ ജൂബിലി കുർബാന നടത്തപ്പെട്ടു. തുടർന്ന് പാരീഷ്ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറ ങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി ഉദ്ഘാടനം നിർവഹിച്ചു. രൂപത പ്രസി ഡന്റ് വേറോനിക്ക ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷപദം അലങ്കരിക്കുകയും ഡയ റക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ സ്വാഗതം ആശംസിക്കുകയും ചെയ്തു. രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കത്തീ ഡ്രൽ വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, മാതൃവേദി അന്തർദേശീയ പ്രസിഡന്റ് ഡോ. റീത്താമ്മ കെ.വി, മാതൃവേദി പ്രാരംഭകൻ റവ. ഫാ. ജോസ് കോട്ടയിൽ, ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച്, ശ്രീമതി സിജി ലൂക്ക്സൺ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പ്രസ്തുത ചടങ്ങിൽ മുൻ ഡയറക്ടേഴ്സിനെയും, ജോയിന്റ് ഡയറക്ടേഴ്സിനെയും ആദരിച്ചു. സമീ പകാലത്തു ഏറെ കോളിളക്കം സൃഷ്ടിച്ച ചർച്ച് പ്രോപ്പർട്ടി ബില്ലിന് എതിരെ മാതൃവേദി വൈസ് പ്രസിഡന്റ് ശ്രീമതി ജാൻസമ്മ ജോസഫ് പ്രമേയം അവതരി പ്പിക്കുകയും യോഗത്തിലുള്ള എല്ലാവരുടെയും ഒപ്പു ശേഖരിക്കുകയും ചെയ്തു. രൂപതാ സെക്രട്ടറി ശ്രീമതി മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര കൃതജ്ഞത അർപ്പി ക്കുകയും ചെയ്തു. ജൂബിലി ആഘോഷത്തിന് 1500 പേർ പങ്കെടുത്തു.

**2. സെമിനാർ– വെള്ളിയാമറ്റം**

മാർച്ച് 2 ന് വെള്ളിയാമറ്റം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ മാതാക്കൾക്കായി സെമിനാർ സംഘടിപ്പിച്ചു. ഡയറക്ടർ റവ.ഡോ. ഷീൻ പാല

യ്ക്കത്തടത്തിൽ, ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച് എന്നിവർ ക്ലാസ്സുകൾ നയിച്ചു. വികാരി റവ. ഫാ. തോമസ് വാലുമ്മേൽ സമ്മേളനത്തിന് നേതൃത്വം നല്കി.

**3. ജൂബിലി സ്വപ്നങ്ങൾ**

മാർച്ച് 5 ന് നടത്തപ്പെട്ട രൂപതാസമിതിയിൽ ജൂബിലി സ്വപ്നങ്ങളുടെ നടത്തിപ്പിനായുള്ള ഫണ്ടുസമാഹരണത്തിന്റെ ആദ്യതവണ പ്രസിഡന്റ് ശ്രീമതി വേറോനിക്ക ജോസഫിന് മേഖലാഭാരവാഹികൾ നല്കി ആരംഭം കുറിച്ചു.

**4. പാനമത്സരം- പാലാ**

രൂപതാതല രക്ഷാകരവേദകീർത്തനം(പാന) മത്സരം ഏപ്രിൽ 16 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് 9.30 am മുതൽ 1 pm മണിവരെ നടത്തപ്പെടുന്നതാണ്.

**5. നവോമി ഫോറം (വിധവകളുടെ സംഗമം)- പാലാ**

മെയ് 11 ന് നവോമി ഫോറം (വിധവകളുടെ സംഗമം) രാവിലെ 10 മുതൽ 1 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**6. വിവാഹജൂബിലി ആഘോഷം**

ജൂൺ 5 ന് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ രാവിലെ 10 മുതൽ 1 മണി വരെ വിവാഹത്തിന്റെ 25, 50 ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്നു.

## F. മാതൃവേദി

**ഹോംമിഷൻ**

**1. വടകര**

505 കുടുംബങ്ങൾ ഉള്ള വടകര ഇടവകയിൽ മാർച്ച് 6 മുതൽ ആരംഭിച്ച ഹോംമിഷൻ മാർച്ച് 18 -ാം തീയതി അവസാനിച്ചു.

**2. തകടി**

ഏപ്രിൽ 1 മുതൽ തകടി ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

## H. പ്രോലൈഫ്

പാലാ രൂപത പ്രോലൈഫ് ദിനാഘോഷവും പ്രോലൈഫ് സമിതിയുടെ പുതിയ രൂപതഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഷലോം പാസ്റ്ററർ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. യുഗേഷ് പുളിക്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട ദിനാഘോഷത്തിന്റെ ഉദ്ഘാടനം രൂപത ഡയറകടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ നിർവഹിച്ചു. എട്ടു കുട്ടികളുടെ പിതാവായ ശ്രീ. ബിനോയി ജയിംസ് ഊടുപുഴയെയും പ്രോലൈഫ് സംസ്ഥാന ആനിമേറ്ററായി തെരഞ്ഞെടുക്കപ്പെട്ട സി. മേരി ജോർജിനെയും ആദരിച്ചു. ഈ യോഗത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾ യഥാക്രമം മാത്യു എം. കുര്യാക്കോസ് മഠത്തിൽ (പ്രസിഡന്റ്), സിബി ജോർജ് നീണ്ടൂർ, ജോളി യുഗേഷ് പുളിക്കൽ (വൈസ് പ്രസിഡന്റ്), ഡോ. ഫെലിക്സ് വെട്ടുകാട്ടിൽ (സെക്രട്ടറി), റോസമ്മ സണ്ണി (മോളി), ജോർജ് വേരിങ്കൽ (ജോ. സെക്രട്ടറി), മോളി റ്റോമി (ട്രഷറർ),

സി. ബ്ലെസ്സി, സി. മേരി ജോർജ് (ആനിമേറ്റേഴ്സ്) എന്നിവരാണ്. പരിപാടികൾക്ക് പ്രോലൈഫ് ഭാരവാഹികൾ നേതൃത്വം നൽകി.

**2. 2019 പ്രവർത്തനോദ്ഘാടനം, കർമ്മരേഖാപ്രകാശനം**

പ്രോലൈഫ് 2019 ലെ പ്രവർത്തനോദ്ഘാടനവും കർമ്മരേഖാപ്രകാശനവും മെയ് 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**I. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഏപ്രിൽ മാസത്തെ മാഗസിൻ വർക്കുകൾ ചെയ്തുവരുന്നു.

**J. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റിക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ –– 9496571321

**K. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം കോതനല്ലൂർ ഇടവകയിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടിക്ക് വിവാഹസഹായമായി **7,000** രൂപാ നൽകി.

**ഫാ. അബ്രഹാം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

---

# എ.കെ.സി.സി.

---

**1. 'ചർച്ച് ആക്ട്' വിരുദ്ധ സമരങ്ങൾ**

സംസ്ഥാന സർക്കാർ കൊണ്ടുവന്ന ചർച്ച് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിയുടെ നേതൃത്വത്തിൽ വമ്പിച്ച പ്രതിഷേധസമരങ്ങൾ വിവിധ ദിവസങ്ങളിൽ വിവിധ കേന്ദ്രങ്ങളിലായി നടത്തി.

ഫെബ്രുവരി 24-ന് പാലായിൽ പ്രതിഷേധയോഗം ചേർന്നു. രൂപതാ, ഫൊറോനാ ഭാരവാഹികൾ ഒത്തുചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ വിഷയ അവതരണം നടത്തി. ഈ ദിവസങ്ങളിൽ മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ശക്തമായ പ്രതികരണങ്ങൾ രേഖപ്പെടുത്തി.

മാർച്ച് 1-ന് കോട്ടയത്ത് വച്ച് ചേർന്ന പ്രതിഷേധസമര ഏകോപന യോഗത്തിൽ പാലാ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

മാർച്ച് 2-ന് രാമപുരത്ത് വച്ച് വമ്പിച്ച പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് അഡ്വ. ബിജു പറയനിലം മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. നിർദ്ദിഷ്ട ചർച്ച് ബിൽ ചെറുതേനിൽ ചാലിച്ച വിഷ ഗുളികയാണെന്നും ഒരു കാരണവശാലും അത് നടപ്പാക്കാൻ അനുവദിക്കില്ല എന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസ്താവിച്ചു. ബിൽ പിൻവലിക്കുന്നതു വരെ ശക്തമായ സമരപരിപാടികളുമായി മുമ്പോട്ടു പോകുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രസംഗം നടത്തി. രൂപതാ വികാരി ജനറാൾമാരായ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ചാൻസിലർ റവ.ഡോ. ജോസ് കാക്കല്ലിൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി, ജോബിൻ പുതിയിടത്തുചാലിൽ എന്നിവർ പ്രസംഗിച്ചു.

മാർച്ച് 3-ന് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ രൂപതയിലുടനീളം കരിദിനാചരണം നടത്തി. അന്നേദിവസം രാവിലത്തെ വി. കുർബാനയെത്തുടർന്ന് ഇടവക യൂണിറ്റുകളുടെ നേതൃത്വത്തിൽ കറുത്ത ബാഡ്ജ് ധരിച്ച് പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വിശ്വാസി സമൂഹത്തിന്റെ ഒപ്പുശേഖരണം നടത്തി. ഈ ഒപ്പുകൾ സമാഹരിച്ച് മുഖ്യമന്ത്രിക്കും നിയമപരിഷ്കാര കമ്മീഷൻ ചെയർമാനും രൂപതാ സമിതി സമർപ്പിച്ചു. കൂടാതെ ഇടവകകളിൽനിന്ന് നേരിട്ട് നൂറുകണക്കിന് ഇ-മെയിൽ പരാതികൾ സമർപ്പിക്കുകയും ചെയ്തു.

മാർച്ച് 5-ന് കോട്ടയത്ത് വച്ച് കത്തോലിക്ക കോൺഗ്രസ് സംഘടിപ്പിച്ച പ്രതിഷേധം മഹാസമ്മേളനത്തിൽ രൂപതയിൽനിന്ന് ആയിരത്തിലധികം ആളുകൾ പങ്കെടുത്തു. വിവിധ രൂപതകളിൽനിന്ന് ആളുകൾ പങ്കെടുത്ത ബില്ലിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അദ്ധ്യക്ഷത വഹിച്ചു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ശക്തമായ സമരങ്ങളും പ്രതിഷേധങ്ങളും പ്രചാരണങ്ങളും ഫലം കണ്ടും ബിൽ പിൻവലിക്കമെന്ന് കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് അഭിവന്ദ്യ പിതാക്കന്മാരും ഉൾപ്പെട്ട നിവേദക സംഘത്തിന് മുഖ്യമന്ത്രി ഉറപ്പു നൽകി.

**2. കത്തോലിക്ക കോൺഗ്രസ് നേതൃസമ്മേളനം മൗണ്ട് സെന്റ് തോമസിൽ**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് മാർച്ച് 8-ന് കത്തോലിക്ക കോൺഗ്രസ് നേതൃസമ്മേളനം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനി, മാർ സെബാസ്റ്റ്യൻ വാണിയപ്പുര എന്നിവർ പങ്കെടുത്ത സമ്മേളനത്തിൽ രൂപതയിൽനിന്ന് ബഹു. ഡയറക്ടർ ഉൾപ്പെടെ 20 ഭാരവാഹികൾ പങ്കെടുത്തു.

**3. നവ വൈദികർക്ക് സ്വീകരണം**

രൂപതയിലെ നവ അഭിഷിക്തമായ വൈദികർക്ക് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ കോതനല്ലൂരിൽ വച്ച് സ്വീകരണം നൽകി. എല്ലാവരുടെയും പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ രൂപതാ സമിതി ഉറപ്പു നൽകുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

**4. ഫൊറോന കർഷക സമ്മേളനം അരുവിത്തുറയിൽ**

കത്തോലിക്ക കോൺഗ്രസ് അരുവിത്തുറ ഫൊറോന കർഷകസമ്മേളനം അരുവിത്തുറ പള്ളിയിൽ വച്ച് മാർച്ച് 10-ന് നടത്തപ്പെട്ടു. ഫൊറോന വികാരി റവ.ഡോ. അഗസ്റ്റ്യൻ പാലയ്ക്കാപറമ്പിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. റബർ ഉൾപ്പെടെയുള്ള കർഷകർക്ക് പ്രഖ്യാപിച്ച പാക്കേജ് മാർച്ച് 31-നകം നടപ്പിലാക്കണമെന്നും കർഷക ആത്മഹത്യകൾ തടയാൻ നടപടികൾ സ്വീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ഫൊറോന പ്രസിഡന്റ് അഡ്വ. ജോൺസൺ വീട്ടിയാങ്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, ജോസഫ് പരുത്തിയിൽ, പയസ് കവളംമാക്കൽ, ഡോ. റെജി മേക്കാടൻ, ജോൺസൺ ചെറുവള്ളി എന്നിവർ പ്രസംഗിച്ചു.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ബഡ്മാ വായ്പാ പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പിന്നോക്ക ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ സ്വയം സഹായ സംഘങ്ങൾക്ക് നവസംരംഭങ്ങൾ തുടങ്ങുവാൻ കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ വിതരണം ചെയ്തു. 33 സംഘങ്ങൾക്ക് 50 ലക്ഷം രൂപായുടെ വായ്പകൾ വിതരണം ചെയ്തു. രാമപുരം സെന്റ് അഗസ്റ്റ്യൻ പാരീഷ് ഹാളിൽ വച്ച് നടന്ന സമ്മേളനത്തിൽ വച്ച് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ലോണിന്റെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. യോഗത്തിൽ രാമപുരം ഫൊറോനാപള്ളി വികാരി റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവ്വഹിച്ചു.

**2. നവ സംരംഭങ്ങൾ തുടങ്ങുവാൻ വിധവകൾക്ക് സഹായപദ്ധതി**

കേരളാ കാത്തലിക് സർവ്വീസ് ഫോറത്തിന്റെ സഹകരണത്തോടെ നവ സംരംഭങ്ങൾ തുടങ്ങുവാൻ വിധവകൾക്ക് സഹായപദ്ധതി ആരംഭിച്ചു. കേരളാ സോഷ്യൽ സർവ്വീസ് ഫോറം പ്രോഗ്രാം ഓഫീസർ സി. ജെസീന പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

**3. തയ്യൽ പരിശീലനം**

പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് വനിതകൾക്ക് ചുരിദാർ, സാരി, ബ്ലൗസ്, നൈറ്റി എന്നിവയുടെ കട്ടിംഗ് പരിശീലനം നടത്തി.

**4. ഹൈ ടെക് കോഴിക്കൂടുകൾ**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ഹൈടെക് കോഴിക്കൂടുകൾ വിതരണം ആരംഭിച്ചു.

**5. ഭിന്നശേഷി ക്ഷേമപദ്ധതി**

പി.എസ്.ഡബ്യു.എസ്. ന്റെ ഭിന്നശേഷി ക്ഷേമപദ്ധതി പ്രകാരം 2019 മാർച്ച് മാസം 375000 രൂപാ വിദ്യാഭ്യാസം, ചികിത്സ എന്നീ ആവശ്യങ്ങൾക്കായി വിതരണം ചെയ്തു.

**6. സ്വാശ്രയസംഘം വാർഷികങ്ങൾ**

അയ്യമ്പാറ, പറത്താനം, ഇടമറുക്, തീക്കോയി, തിരുമാറാടി, കടുത്തുരുത്തി, ശാന്തിപുരം, പറത്താനം, വടകര, മലയിഞ്ചിപ്പാറ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടത്തി.

**7. ആശാകിരണം**

ആശാകിരണം പദ്ധതിപ്രകാരം പി.എസ്.ഡബ്യു.എസ്. ന്റെ വിവിധ യൂണിറ്റുകൾ 2019 ഫെബ്രുവരി മാസം 82500/- രൂപാ കാൻസർ ചികിത്സയ്ക്ക് ധനസഹായം നൽകി.

**8. സോൺ വാർഷികങ്ങൾ വനിതാദിനാഘോഷം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വിവിധ സോണുകളുടെ വാർഷികവും വനിതാദിനാഘോഷവും ബസ്റ്റ് ഗ്രൂപ്പുകളെ ആദരിക്കലും വിവിധ പരിപാടികളോടെ സോൺ തലത്തിൽ നടത്തി.

**പൂഞ്ഞാർ :** പൂഞ്ഞാർ സോൺ വാർഷികവും വനിതാദിനാഘോഷവും പൂഞ്ഞാർ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടന്നു. പൂഞ്ഞാർ ഫൊറോനാ പള്ളി വികാരി ഫാ. അഗസ്റ്റ്യൻ തെരുവത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈനി സന്തോഷ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ മുഖ്യപ്രഭാഷണവും സീറോ മലബാർ സഭാ കൗൺസിൽ സെക്രട്ടറി റവ.ഡോ. തോമസ് വടക്കേൽ അനുഗ്രഹപ്രഭാഷണവും നടത്തി. ബ്ലോക്ക് മെമ്പർ റോഷ്ണി ടോമി വനിതാദിന സന്ദേശം നൽകി.

**കൂട്ടിക്കൽ :** കൂട്ടിക്കൽ സോൺ വാർഷികവും വനിതാദിനാഘോഷവും സോൺ രക്ഷാധികാരി വെരി. റവ.ഫാ. അരഞ്ഞാണിപുത്തൻപുരയുടെ അദ്ധ്യക്ഷതയിൽ സ്കൂൾ ഹാളിൽ വച്ച് നടന്നു. കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ജസി ജോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറ

ക്ടർ റവ.ഫാ. മാത്യു പുല്ലുകാലായിൽ മുഖ്യപ്രഭാഷണം നടത്തി. മുണ്ടക്കയം സെൻട്രൽ സ്കൂൾ അധ്യാപിക അജിതാ സെബാസ്റ്റ്യൻ വനിതാദിന സന്ദേശം നൽകി.

**അരുവിത്തുറ** : അരുവിത്തുറ സോൺ വാർഷികവും വനിതാദിനാഘോഷവും അരുവിത്തുറ സെന്റ് ജോർജ് പാരിഷ് ഹാളിൽ വച്ച് നടന്നു. അരുവിത്തുറ സോൺ ഡയറക്ടർ ഫാ. ജോർജ് പൈമ്പള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മാതൃവേദി സെനറ്റ് അംഗം സിജി ലൂക്സൻ വനിതാദിന സന്ദേശം നൽകി.

**രാമപുരം** : രാമപുരം സോൺ വാർഷികവും വനിതാദിനാഘോഷവും രാമപുരം സെന്റ് അഗസ്റ്റ്യൻ പാരിഷ് ഹാളിൽ വച്ച് നടന്നു. രാമപുരം ഫൊറോനാ രക്ഷാധികാരി വെരി. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. സോൺ ഡയറക്ടർ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ ആശംസ നേർന്നു.

**കടനാട്** : കടനാട് സോൺ വാർഷികവും വനിതാദിനാഘോഷവും പിഴക് പള്ളിയുടെ പാരിഷ് ഹാളിൽ വച്ചു നടന്നു. സംഘം ഡയറക്ടർ ഫാ. കുരുവിള തുടിയംപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. അഗ്രികൾച്ചർ ഓഫീസർ ധന്യ അഗസ്റ്റിൻ വനിതാദിനസന്ദേശം നൽകി.

**കുറവിലങ്ങാട് :** കുറവിലങ്ങാട് സോണിന്റെ വാർഷികവും വനിതാദിനവും കുറവിലങ്ങാട് മുത്തിയമ്മ പാരിഷ് ഹാളിൽ വച്ച് ആർച്ച് പ്രീസ്റ്റ് റവ. ഡോ. ജോസഫ് തടത്തിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആൻസമ്മ സാബു സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ മുഖ്യപ്രഭാഷണവും സോൺ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രസംഗവും നടത്തി.

**മുട്ടുചിറ** : മുട്ടുചിറ സോണിന്റെ വാർഷികവും വനിതാദിനവും മുട്ടുചിറ പള്ളി പാരിഷ് ഹാളിൽ വച്ച് ഫൊറോനാ പള്ളി വികാരി ഫാ. ജോസഫ് ഇടത്തുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. കടുത്തുരുത്തി ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് പത്മചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ മുഖ്യപ്രഭാഷണവും സോൺ ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ ആമുഖപ്രസംഗവും നടത്തി.

**ഇലഞ്ഞി :** ഇലഞ്ഞി സോണിന്റെ വാർഷികവും വനിതാദിനാഘോഷവും ഇലഞ്ഞി പള്ളി പാരിഷ് ഹാളിൽ വച്ച് ഫൊറോനാപ്പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും മലയാള മനോരമ മികച്ച വീട്ടമ്മ പുരസ്കാര ജേതാവായ ലീലാ സുഹവാസ് വനിതാദിനസന്ദേശം നൽകുകയും ചെയ്തു. സോണൽ ഡയറക്ടർ

ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ ആമുഖ പ്രഭാഷണവും ഫാ. തോമസ് മഠത്തിപ്പറമ്പിൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ എന്നിവർ ആശംസകൾ നേരുകയും ചെയ്തു. തുടർന്ന് നടത്തപ്പെട്ട വനിതാദിന റാലി സോൺ രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ ഫ്ളാഗ് ഓഫ് ചെയ്തു.

**പാലാ :** പാലാ സോണിന്റെ വാർഷികവും വനിതാദിനവും ഷാലോം സെന്ററിൽ വച്ച് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പാലാ മുൻസിപ്പൽ ചെയർപേഴ്സൺ ബിജി ജോജോ കുടക്കച്ചിറ ഉദ്ഘാടനം ചെയ്തു.

**ചേർപ്പുങ്കൽ :** ചേർപ്പുങ്കൽ സോണിന്റെ വാർഷികവും വനിതാദിനവും ചേർപ്പുങ്കൽ പാരിഷ് ഹാളിൽ വച്ച് സോൺ രക്ഷാധികാരി ഫാ. ജോസ് അഞ്ചേരിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. സി. ഡോ. ജോവാൻ ചുങ്കപ്പുര പ്രിൻസിപ്പൽ & സെക്രട്ടറി ട്രീസ വനിതാദിന സന്ദേശം നൽകി. സോൺ ഡയറക്ടർ ഫാ. ജോർജ് ഈറ്റയ്ക്കക്കുന്നേൽ ആമുഖപ്രസംഗം നടത്തി. കാഞ്ഞിരമറ്റം ഫെഡറേഷൻ ഡയറക്ടർ ഫാ. ജോസഫ് അമ്പാട്ട് ആശംസകൾ നേർന്നു.

**പ്രവിത്താനം :** പ്രവിത്താനം സെന്റ് അഗസ്റ്റ്യൻ പാരീഷ് ഹാളിൽ വച്ച് സോണിന്റെ വാർഷികവും വനിതാദിനാഘോഷവും നടന്നു. സോൺ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പടിക്കകുഴുപ്പിലച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാത്തുകുട്ടി മാത്യു ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ പെണ്ണമ്മ ജോസഫ് വനിതാദിന സന്ദേശം നൽകി.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

## 1. TRAINING CAMPS 2019

**മധ്യവേനലവധി ക്യാമ്പുകൾ - മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്**

1. **ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് ക്യാമ്പ്** (2019 ഏപ്രിൽ 6 ശനി 4 pm മുതൽ ഏപ്രിൽ 8 തിങ്കൾ 4 pm വരെ) – ഡിഗ്രി, റ്റി.റ്റി.സി, ബി.എഡ്, പി.ജി, ഇതരകോഴ്സുകൾ പൂർത്തിയാക്കിയവരുമായ ഉദ്യോഗാർത്ഥികൾക്ക്, രജിസ്ട്രേഷൻ ഫീസ് : 150 (ഒരാൾക്ക്)
2. **ജീവിതദർശന ക്യാമ്പ്** (juniors 1st batch) 2019 ഏപ്രിൽ 8 തിങ്കൾ 4 pm മുതൽ ഏപ്രിൽ 10 ബുധൻ 4 pm വരെ – 5, 6 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക്, രജിസ്ട്രേഷൻ ഫീസ് : 150 (ഒരാൾക്ക്)
3. **ജീവിതദർശന ക്യാമ്പ്** (seniors 1st batch)(2019 ഏപ്രിൽ 10 ബുധൻ 4 pm മുതൽ ഏപ്രിൽ 12 വെള്ളി 4 pm വരെ.)– 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക്, രജിസ്ട്രേഷൻ ഫീസ് : 150 (ഒരാൾക്ക്)

4. **സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ്** (seniors)- എസ്.എസ്.എൽസി, പ്ലസ്‌വൺ, പ്ലസ്ടു ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക്- രജിസ്ട്രേഷൻ ഫീസ് : 200 (ഒരാൾക്ക്) തീയതി സമയം : ഏപ്രിൽ 24 ബുധൻ രാവിലെ 9 am മുതൽ ഏപ്രിൽ 27 ശനി 4 pm വരെ. NB : കോഴ്സ് ഫീസ് എക്സ്ട്രാ നൽകേണ്ടതാണ്
5. **സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ്** (future stars)- ഏപ്രിൽ 28 ഞായർ 4 pm മുതൽ 30 ചൊവ്വ 4 pm വരെ - സിവിൽസർവ്വീസ് കോച്ചിംഗ് ഒരു വർഷം പൂർത്തിയാക്കിയ കുട്ടികൾക്കുവേണ്ടി (5 മുതൽ 9 വരെ ക്ലാസ്സുകാർക്ക്). രജിസ്ട്രേഷൻ ഫീസ് : 150 രൂപ (ഒരാൾക്ക്) NB : കോഴ്സ് ഫീസ് എക്സ്ട്രാ നൽകണം.
6. **ജീവിതദർശന ക്യാമ്പ്** (juniors 11nd batch) 2019 മെയ് 5 ഞായർ 4 pm മുതൽ മെയ് 7 ചൊവ്വ 4 pm വരെ 5,6 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക്, രജിസ്ട്രേഷൻ ഫീസ് : 150
7. **ജീവിതദർശന ക്യാമ്പ്** (seniors 11nd batch) 2019 മെയ് 8 ബുധൻ 4 pm മുതൽ 2019 മെയ് 10 ചൊവ്വ 4 pm വരെ - 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക്, രജിസ്ട്രേഷൻ ഫീസ് : 150
8. **കുടുംബസർവ്വേ**

   പാലാ രൂപതയിലെ ദളിത് കത്തോലിക്കാ കുടുംബാംഗങ്ങളുടെ സർവ്വേ നടത്തുവാൻ ഫോറം തയ്യാറായിട്ടുണ്ട്. സർവ്വ നടത്തി എത്രയും വേഗം രൂപത ഓഫീസിൽ റിപ്പോർട്ട് തരണമെന്ന് അഭ്യർത്ഥിക്കുന്നു.
9. **സിവിൽസർവ്വീസ് കോച്ചിംഗ് ക്യാമ്പ്** മെയ് - 2019 മെയ് 12 ഞായർ 4 pm മുതൽ മെയ് 14 ചൊവ്വ 4 pm വരെ): ഡിഗ്രി, പിജി, ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കുവേണ്ടി ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പി നടത്തുന്നതാണ്. രജിസ്ട്രേഷൻ ഫീസ് : 200 രൂപ NB : കോഴ്സ് ഫീസ് എക്സ്ട്രാ നൽകേണ്ടതാണ്.
10. **വാർഷിക റിപ്പോർട്ടും കണക്കും സമർപ്പിക്കുക**

    യൂണിറ്റ്, മേഖല തലത്തിൽ കഴിഞ്ഞ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള ഒരു വർഷത്തെ വാർഷിക കണക്കും റിപ്പോർട്ടും യൂണിറ്റ് പ്രസിഡന്റിന്റെയും ഡയറക്ടറുടെയും സാക്ഷിപ്പോടുകൂടി 2019 ഏപ്രിൽ 15-നകം ഡി. സി.എം.എസ്. പാലാ രൂപത ഓഫീസിൽ നൽകേണ്ടതാണ്.
11. **ഡി.സി.എം.എസ്. സമ്മാനകൂപ്പൺ**

    ഡി.സി.എം.എസ്. യൂണിറ്റ്, മേഖല, രൂപത തലങ്ങളിലുള്ള പ്രവർത്തനഫണ്ട് സമാഹരണത്തിനായി സമ്മാനകൂപ്പൺ അച്ചടിച്ച് നൽകുന്നു. പ്രസ്തുത കൂപ്പൺ എല്ലാ തലങ്ങളിലും വിറ്റഴിച്ച് ഫണ്ട് ശേഖരണത്തിന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മെയ് 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കൂപ്പൺ നറുക്കെടുപ്പ് നടത്തുന്നതും സമ്മാനങ്ങൾ ഡി.സി.എം.എസ്. രൂപത വാർഷിക സമ്മേളനത്തിൽവച്ച് നൽകുന്നതുമാണ്.

**2. രൂപതാ കമ്മറ്റി**

2019 മാർച്ച് 10-ാം തീയതി ഞായറാഴ്ച 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷ തയിൽ കൂടിയ യോഗത്തിൽ രൂപതാകമ്മിറ്റി നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ടവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വട ക്കേക്കുറ്റ് യോഗത്തിന് സന്ദേശം നല്കി.

**3. രൂപത കൗൺസിൽ**

2019 മാർച്ച് 17-ാം തീയതി ഞായറാഴ്ച 2 pm ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷ തയിൽ കൂടിയ യോഗത്തിൽ രൂപതാ കൗൺസിൽ നടത്തപ്പെട്ടു. രൂപത കമ്മറ്റി മെമ്പർ ശ്രീമതി മേരി എം.പി. യോഗത്തിന് സ്വാഗതം പറയുകയും രൂപത ഡയറ ക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് വനിതാദിനം, കുട്ടികളുടെ അവധിക്കാല ക്യാമ്പ് എന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ടവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീമതി ബിജി അഗസ്റ്റിൻ യോഗത്തിന് കൃതജ്ഞതയർപ്പിച്ചു.

**14. യൂത്ത് റിസോഴ്സ് ടീം ക്യാമ്പ്**

2019 മാർച്ച് 8,9,10 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് യുവജനങ്ങൾക്കുള്ള ട്രെയിനിംഗ് ക്യാമ്പ് നടത്തപ്പെട്ടു. ഷലോം ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പഴേപ്പറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീമതി സെലിൻ ജോസഫ് യോഗത്തിന് അദ്ധ്യക്ഷത വഹിക്കുകയും രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആശംസയർപ്പിക്കുകയും ചെയ്തു. അഡ്വ. ജയ്മോൻ തങ്കച്ചൻ വ്യവസായ വകുപ്പ് ഓഫീസർ ശ്രീ. ലോറൻസ് മാത്യു. റവ. ഫാ. കുര്യൻ ആനിത്താനം, ശ്രീ. ജോൺ മാത്യു കട്ടൂപറമ്പിൽ, ശ്രീ. സദീപ് കെ. പി. എന്നിവർ ക്ലാസെടുത്തു. ശ്രീ. പി.ഒ. പീറ്റർ, അഞ്ജു ജോസഫ് സാവിയോ സണ്ണി, റ്റോമി സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് ലീഡ് ചെയ്തു.

**15. സംസ്ഥാന ദ്വിദിന സെമിനാർ**

2019 മാർച്ച് 2,3 തീയതികളിൽ കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് സംസ്ഥാന ദ്വിദിന ക്യാമ്പ് നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്നും രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ സെലിൻ ജോസഫ് ശ്രീ. പി.ഒ. പീറ്റർ, ബിജി അഗസ്റ്റിൻ, ടി.ഡി. കുര്യാക്കോസ്, ജോണി പരമല, അമൽ ജോസഫ്, സിമി ജോണി തങ്കച്ചൻ എന്നിവർ പങ്കെടുത്തു.

**16. വനിതാദിനം**

2019 മാർച്ച് 8-ാം തീയതി സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ നിർമ്മല റിട്രീറ്റ് സെന്ററിൽ വച്ച് വനിതാദിനം ആചരിച്ചു. രൂപതാ ഡയറക്ട റുടെ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ പാലാ രൂപതയിൽനിന്നും 26 പേർ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കരൂർ ബോയ്സ് ടൗൺ ഉപകാരികളുടെ സംഗമം**

കരൂർ ബോയ്സ് ടൗണിൽ ഉപകാരികളുടെ സംഗമവും ജൂബിലിയാഘോഷവും സംയുക്തമായി നടത്തി. പാലാ രൂപത വികാരി ജനറാൾ വെരി. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ പാലാ സർക്കിൾ ഇൻസ്പെക്ടർ രാജൻ കെ.അരമന സംഗമം ഉദ്ഘാടനം ചെയ്തു. വെരി. റവ. ഫാ. ജോസുകുട്ടി പടിഞ്ഞാറെ പീടികയിൽ, വെരി. റവ.ഫാ. ദേവസ്യാ കൊല്ലംപറമ്പിൽ, റവ. ഫാ. ജോൺസൺ പുള്ളീറ്റ്, റവ.ഫാ. ജോസഫ് മുത്തനാട്ട്, റവ.ഫാ. സ്കറിയ വേകത്താനം, റവ.ഫാ. മൈക്കിൾ വടക്കേക്കര, ബെറ്റി ഷാജു തുരുത്തേൽ, ജനമൈത്രി സി.ആർ.ഒ., ബിനോയി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**2. എക്സിക്യൂട്ടീവ് യോഗം**

കെയർ ഹോംസ് എക്സിക്യൂട്ടീവ് യോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സിബി ചെരുവിൽപുരയിടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**3. അവേക്ക് 2019**

കെ.ഇ. കോളേജ് സാമൂഹ്യപ്രവർത്തനവിഭാഗത്തിന്റെയും സ്റ്റുഡന്റ് അസോസിയേഷൻ ഓഫ് സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും നേതൃത്വത്തിൽ മാനസിക ന്യൂനതയുള്ള കുട്ടികളുടെ സംസ്ഥാന കലോത്സവം അവേക്ക് 2019 മാന്നാനം കെ.ഇ. കോളേജിൽ വച്ച് നടത്തി. മത്സരത്തിൽ പുലിയന്നൂർ ശാലോം ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. പാലാ രൂപതയിലെ വിവിധ സ്പെഷ്യൽ സ്കൂൾ മത്സരത്തിൽ പങ്കെടുത്ത് സമ്മാനാർഹരായി.

**4. കെയർ ഹോംസ് 4-ാം വാർഷികസമ്മേളനം**

കെയർ ഹോംസ് പാലാ രൂപതയുടെ 4-ാമത് വാർഷിക സമ്മേളനം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. റവ.ഫാ. ഫിലിപ്പ് ഞരളക്കാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മോൺ വെരി. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വാർഷികം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം ആമുഖപ്രഭാഷണം നടത്തി. സിസ്റ്റർ എത്സീന പാലായ്ക്കാട്ടുകുന്നേൽ എസ്.എച്ച്. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് മുഖ്യപ്രഭാഷണം നടത്തി. സിബി ചെരുവിൽ പുരയിടം, മിനി പ്രിൻസ് തയ്യിൽ, സന്തോഷ് മരിയസദനം, സിസ്റ്റർ വനജ ചുവപ്പുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് വിവിധ സ്ഥാപനങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**5. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളും ഊട്ടുനേർച്ചയും**

പാലാ സന്മനസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളും ഊട്ടുനേർച്ചയും സന്മനസ് കൂട്ടായ്മ ഓഫീസിൽ വച്ച് നടത്തി. പ്രസിഡന്റ് എം.വി. ജോർജ് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മോൺ. വെരി റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ഫാ. സ്കറിയ വേകത്താനം തിരുനാൾ സന്ദേശം നൽകി. ജനമൈത്രി സി.ആർ. ഒ. ബിനോയി തോമസ് വാക്കർ വിതരണം ചെയ്തു. ടോമി കുറ്റിയാങ്കൽ ഡയാലിസ് കിറ്റ് വിതരണം ചെയ്തു. സെബാസ്റ്റ്യൻ ജോസഫ്, ലീലാമ്മ തോമസ്, വേണു ഗോപാലൻനായർ വണ്ടാനത്ത്, രാജു പണ്ടാരകുളം, സി. വനജ ചുവപ്പുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ സൗജന്യമായി വിതരണം ചെയ്തു.

**6. ഓർഫനേജ് അസ്സോസിയേഷൻ സംസ്ഥാന സമ്മേളനം - തൃശ്ശൂരിൽ**

ഓർഫനേജ് അസ്സോസിയേഷൻ സംസ്ഥാനസമ്മേളനം തൃശ്ശൂരിൽ വച്ച് നടത്തി. പാലാ രൂപതയിലെ വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു. കോട്ടയം ജില്ല പ്രസിഡന്റുമായി സന്തോഷ് മരിയസദനം, ആലപ്പുഴ ജില്ലാ പ്രസിഡന്റായി സി. വനജ ചുവപ്പുങ്കൽ എന്നിവരെ തെരഞ്ഞെടുത്തു.

**7. അഭിനന്ദിച്ചു**

മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ സ്മരണ നിലനിർത്താൻ 2006 മുതൽ കോട്ടയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡോ. കെ. ആർ. നാരായണൻ ഫൗണ്ടേഷന്റെ മികച്ച പൊതു പ്രവർത്തകനുള്ള പുരസ്കാരം പാലാ സന്മനസ് കൂട്ടായ്മയിലെ എം.വി. ജോർജ് അർഹനായി.

വനിതാശിശു വികസന വകുപ്പ് പാമ്പാടി ഐ.സി.ഡി.എസ്. പ്രോജക്ട് 2019 വനിതാദിനത്തിന്റെ ഭാഗമായി മികച്ച ജീവകാരുണ്യപ്രവർത്തയനായി ആനിക്കാട് സെന്റ് മേരീസ് ആശ്രമത്തിലെ മേരിക്കുട്ടി ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. അകലക്കുന്നം പഞ്ചായത്ത് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ബെറ്റി റോയി മണിയങ്ങാട്ട് അവാർഡ് വിതരണം ചെയ്തു.

**8. ജീവകാരുണ്യനിധി - കാരുണ്യസ്പർശം**

പാലാ രൂപതയിലെ ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് കൈത്താങ്ങായി കെയർ ഹോംസിന്റെ ആഭിമുഖ്യത്തിൽ പലചരക്ക് സാധനങ്ങൾ, സ്റ്റേഷനറി, വസ്ത്രം (പുതിയത്) സംഭാവന എന്നിവ സമാഹരിച്ച് വിതരണം ചെയ്യുന്ന ആശ്വാസപദ്ധതിയാണ് കാരുണ്യസ്പർശം 100 ലധികം ജീവകാരുണ്യസ്ഥാപനങ്ങളിൽ കുട്ടികൾ മുതൽ മുതിർന്നവരെ ഏകദ്ശം 3800 ലധികം പാവപ്പെട്ട വരെ സംരക്ഷിക്കുന്നുണ്ട്. ഈ പദ്ധിതിയിൽ ഇടവക, സംഘടനകൾ, കുടുംബകൂട്ടായ്മകൾക്ക് പങ്കാളിയാക്കാവുന്നതാണ്.

**9. കരുതൽ പദ്ധതി**

വീടുകളിലെ പത്രങ്ങൾ, മാസികകൾ, ആക്രി സാധനങ്ങൾ സമാഹരിച്ച് ലഭിക്കുന്ന പണം ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് കൈമാറുന്ന പദ്ധതിയാണ് കൂടുതൽ. ഈ അവധിക്കാലത്ത് ഇടവകയിൽ പദ്ധതി നടപ്പിലാക്കി സഹായിക്കാവുന്നതാണ്.

**10. മനസ്സുണർത്തൽ യാത്ര**

ജീവകാരുണ്യ ധർമ്മ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ഒരു പരിപാടികൾക്ക് മനസ്സുണർത്തൽ യാത്ര. (കലാപരിപാടി, ഭക്ഷണം തയ്യാറാക്കൽ, ശ്രമദാനപദ്ധതി)

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. കെ.എൽ.എം. പൊതുസമ്മേളനം & തെരഞ്ഞെടുപ്പ്**

കെ.എൽ.എം. പാലാ രൂപതയുടെ പൊതുസമ്മേളവും തെരഞ്ഞെടുപ്പും പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി തോമസ് ചെമ്പകത്തിൽ ക്ലാസ് നയിച്ചു. ഫാ. സ്കറിയ വേകത്താനം ചർച്ചകൾക്ക് നേതൃത്വം നൽകി. കെ.എൽ.എം.ന്റെ പുതിയ രൂപത ഭാരവാഹികളായി (2019-2021) താഴെപറയുന്നവരെ തെരഞ്ഞെടുത്തു.

**പുരുഷഭാരവാഹികൾ**

1. പ്രസിഡന്റ് - സന്തോഷ് പി.ജെ. പുതിയാപറമ്പിൽ, മോനിപ്പള്ളി
2. വൈസ് പ്രസിഡന്റ് - ജോസഫ് പി.സി. പന്തിരുപാറയിൽ, കടുത്തുരുത്തി
3. സെക്രട്ടറി - സുബിൻ വി.വി. വരവള്ളിയാങ്കൽ, അരുവിത്തുറ
4. ജോയിന്റ് സെക്രട്ടറി - ഷാജി ജോൺ മേലാളത്തേൽ, മരങ്ങോലി
5. ഖജാൻജി - മനോജ് ജോർജ് കൊച്ചുപുരയ്ക്കൽ, മോനിപ്പള്ളി
6. ട്രഷറർ - സോണി പോൾ അടിയാനാൽ, മോനിപ്പള്ളി

**കമ്മറ്റിയംഗങ്ങൾ**

ബേബി കെ.സി. കലവനാൽ ഉള്ളനാട്, ജിയോ ജോസഫ് കൊച്ചുകുളത്തുങ്കൽ സേവ്യർപുരം, ജോബി തോമസ് വയലിൽ തിടനാട്, ബാബു പി.കെ., പുളിച്ചുള്ളിൽ, കുറവിലങ്ങാട്, ജോസ് കണിയാരകത്ത് രാമപുരം.

**ബി. വനിതാഭാരവാഹികൾ**

1. പ്രസിഡന്റ് - ഷേർളി തോമസ് മാങ്കൂട്ടത്തിൽ, പൈങ്ങുളം
2. വൈസ് പ്രസിഡന്റ് - കൊച്ചുറാണി സി.വി. മണക്കാട്ടുചിറയിൽ, മരങ്ങോലി
3. സെക്രട്ടറി - മേരി വർഗീസ് കോളുക്കണ്ടത്തിൽ, മോനിപ്പള്ളി
4. ജോയിന്റ് സെക്രട്ടറി - മേഴ്സി പി. ജോൺ പന്തപ്പള്ളിൽ, പൈങ്ങുളം
5. ഖജാൻജി - കല്ലോലിൽ സോജൻ അടക്കാട്ടുതുരുത്തിയിൽ, കൂടല്ലൂർ
6. ഓർഗനൈസർ - ലിസ്സി ജോസ് തോണികല്ലേൽ, മോനിപ്പള്ളി

**കമ്മറ്റിയംഗങ്ങൾ**

സാലി ബേബി തോട്ടുങ്കര മോനിപ്പള്ളി, മിനി മാത്യു മൂന്നുതൊട്ടിയിൽ, കൂടല്ലൂർ, സിന്ധു പി.ആർ പാറപ്പള്ളിൽ വള്ളിച്ചിറ, ശോഭ പ്രഭാകരൻ കാലായിപ്പള്ളിൽ വള്ളിച്ചിറ.

**2. ഡയറക്ടേഴ്സ് മീറ്റ് എറണാകുളം പി.ഒ.സി.യിൽ**

കേരള ലേബർ മൂവ്മെന്റ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ എറണാകുളം പി.ഒ.സി.യിൽ വച്ച് രൂപതാ ഡയറക്ടേഴ്സ് മീറ്റ് നടത്തി. സംസ്ഥാന പ്രസിഡന്റ് ഷാജു ആന്റണി ആമുഖപ്രഭാഷണം നടത്തി. ബിഷപ്പ് റവ.ഡോ. അലക്സ് വടക്കുംതല മുഖ്യപ്രഭാഷണം നടത്തി. തോമസ് കെ.ജെ. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. പ്രസാദ് കണ്ടത്തിപറമ്പിൽ, മോളി കളത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. പാലാ രൂപത പ്രതിനിധിയായി ഡയറക്ടർ ഫാ. സ്കറിയ വേകത്താനം പങ്കെടുത്തു.

**3. റെയിൽവേയിൽ ജോലി**

റെയിൽവേയിൽ ജോലിക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പത്താം ക്ലാസ് ജയം അല്ലെങ്കിൽ ഐ.ടി.ഐ.. പ്രായം : 18–33 വയസ്സ്, വെബ്സൈറ്റ് www.rrbchennnai.gov.in. അവസാന തീയതി ഏപ്രിൽ 12.

**4. എൽ.ഐ.സി.**

590 അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ. അവസാനതീയതി മാർച്ച് 22, വെബ്സൈറ്റ് www.licindia.in.

**5. നേവിയിൽ ഓഫീസർ**

നാവികസേനയിൽ ഓഫീസർ തസ്തികയിലേക്ക് അവിവാഹിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും അപേക്ഷിക്കാം. വെബ്സൈറ്റ് www.joinindiannavy.gov.in, അവസാന തീയതി ഏപ്രിൽ 5.

**6. യൂണിയൻ ബാങ്കിൽ ജോലി ഒഴിവ്**

യൂണിയൻ ബാങ്കിൽ 181 സ്പെഷ്യൽലിസ്റ്റ് ഓഫീസർ ഒഴിവുകൾ. വെബ്സൈറ്റ് www.unionbankof india.com.in

**7. ബാങ്ക് ഓഫ് ബറോഡ**

വെബ്സൈറ്റ് www.bankof baroda.co.in

**8. വിദേശത്തും സ്വദേശത്തും ജോലി**

വരാപ്പുഴ അതിരുപതയുടെ സ്ഥാപനമായ കളമശ്ശേരി ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സ്വദേശത്തും വിദേശത്തും ജോലിയും പരിശീലനവും നൽകുന്നു. ആയിരക്കണക്കിന് യുവജനങ്ങൾക്ക് തൊഴിൽ നൽകിയ ഈ സ്ഥാപനത്തിൽ വിദേശത്തു നിന്ന് 200ലധികം കമ്പനികൾ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നു. ഇന്ത്യയിലെ റ്റാറ്റാ മോട്ടേഴ്സ്, യമഹ, ഗോദ്റേജ്, ഹിന്ദുസ്ഥാൻ തുടങ്ങിയ കമ്പനി ജോലി ഉറപ്പാക്കുന്നു. ഐ.ടി.ഐ., പോളി ടെക്നിക് പഠിച്ചവർക്ക് മുൻഗണന. പ്രായപരിധി 45. ജോലി ഇലക്ട്രീഷ്യൻ, പ്ലംബർ, ഫിറ്റർ, പെയിന്റർ, വെൽഡർ, ഏ.സി. മെക്കാനിക്, ഇൻസ്ട്രമെന്റേഷൻ, മോട്ടോർ മെക്കാനിക് തുടങ്ങിയ ട്രേഡുകളിലുള്ളവരെയാണ് ജോലിക്ക് പരിഗണിക്കുന്നത്.

**9. വടുതല സോൺ ബോസ്കോയിൽ തൊഴിലവസരം**

വടുതലയിലെ ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂഷന്റെ നേതൃത്വത്തിൽ പ്രിന്റിംഗ് & പ്രസ് മേഖലയിൽ പരിശീലനവും ജോലിയും നല്കുന്നു. ഗ്രാഫിക് ഡിസൈനിംഗ്, വെബ് ടെക്നോളജി, ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി ഇന്ത്യയിലും വിദേശത്തും 100% ജോലി സാധ്യത ഉറപ്പു നല്കുന്നു.

**10. ഡോൺ ബോസ്കോയിൽ പഠനത്തോടൊപ്പം സംഗീതോപകരണങ്ങളിൽ പരിശീലനം**

വടുതല ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂഷന്റെ നേതൃത്വത്തിലുള്ള കൾച്ചറൽ സെന്ററിൽ 8–ാം ക്ലാസിലേക്ക് പ്രവേശനം കിട്ടുന്ന കുട്ടികൾക്കു വേണ്ടി സ്കൂൾ പഠനത്തോടൊപ്പം സംഗീതവും സംഗീതോപകരണ

ങ്ങളും പിയാനോ, കീബോർഡ്, വയലിൻ, ഗിത്താർ, ഡ്രംസ്) അഭ്യസിക്കുവാനുള്ള പരിശീലനം നൽകുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടുതലറിയുവാൻ പാലാ ഷാലോമിലെ കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടുക. ഈ വിവരങ്ങൾ പള്ളിയിൽ അറിയിച്ച് സഹകരിക്കുമല്ലോ.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവത്കരണ ക്ലാസുകൾ**

RRTC South - II ചങ്ങനാശ്ശേരി (മാർച്ച് 5, മാർച്ച് 11, മാർച്ച് 18, മാർച്ച് 25), ഉപാസന, തൊടുപുഴ (മാർച്ച് 10) ളാലം ഓൾഡ് (മാർച്ച് 10), കവീക്കുന്ന് - പാമ്പൂരാംപാറ (മാർച്ച് 15), വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ മിഷൻ ഹോം, രാമപുരം (മാർച്ച് 16), ഹോളിക്രോസ് ചർച്ച് അടൂർ (മാർച്ച് 17), പൂവരണി (മാർച്ച് 22), തലപ്പലം പഞ്ചായത്ത് ഹാൾ, പ്ലാശനാൽ (മാർച്ച് 23).

**ആത്മവിശുദ്ധീകരണധ്യാനം**

മാർച്ച് 3,4 തീയതികളിൽ അഡാർട്ടിൽവച്ച് ലഹരി വിമുക്തീകരണദിനം നയിക്കുന്നവർക്കായി ആത്മവിശുദ്ധീകരണധ്യാനം നടത്തി. റവ.ഡോ. തോമസ് പാറക്കൽ, ഫാ. മാത്യു പുതിയിടത്ത്, ബ്ര. ലാലിച്ചൻ മേരികുളം, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ വചനശുശ്രൂഷ നടത്തി.

**പഠനസന്ദർശനം**

പാലാ രൂപതയുടെ മാർ അപ്രേം സെമിനാരിയിലെ അവസാനവർഷ ഡിഗ്രിക്കു പഠിക്കുന്ന ബ്രദേഴ്സ് മാർച്ച് 7-ാം തീയതി അഡാർട്ടിൽ പഠനസന്ദർശനം നടത്തി. ക്ലാസുകളിൽ പങ്കെടുക്കുകയും അഡാർട്ടിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുകയും ചെയ്ത ബ്രദേഴ്സ് അഡാർട്ടിൽ ചികിത്സയിൽ കഴിയുന്നവരുമായി മുഖാമുഖം പരിപാടിയിലും പങ്കെടുത്തു.

**ഡീ-അഡിക്ഷൻ കൗൺസിലേഴ്സിന്റെ പഠനസന്ദർശനം**

കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ലഹരി വിമോചനകേന്ദ്രങ്ങളിലെ കൗൺസിലേഴ്സിനുവേണ്ടി മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റീസും, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസും, RRTC South II ഉം ചേർന്ന് നടത്തുന്ന 15 ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്നവർ ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് അഡാർട്ടിൽ മാർച്ച് 24-ാം തീയതി പഠനസന്ദർശനം നടത്തി. മാതൃകാസ്ഥാപനം എന്ന നിലയിലാണ് അഡാർട്ട് പഠനസന്ദർശനത്തിനായി തിരഞ്ഞെടുക്കുന്നത്. അഡാർട്ടിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും എ. എ. മീറ്റിംഗിൽ നിരീക്ഷകരായി പങ്കെടുക്കുകയും ചെയ്തു.

**ജയിൽ മിനിസ്ട്രി**

മാർച്ച് 9-ാം തീയതി പാലാ സബ് ജയിലിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി. സന്ദേശം നൽകി.

ജയിൽ മിനിസ്ട്രി പാലാ രൂപത ഡയറക്ടർ ഫാ. മാത്യു പുതിയിടത്തിന്റെ നിർദ്ദേശപ്രകാരം പാലാ റോട്ടറി ക്ലബ് സബ് ജയിലിലേക്ക് കസേരകൾ, സീലിംഗ് ഫാൻ, ചെസ് ബോർഡ് എന്നിവ മാർച്ച് 23-ാം തീയതി സംഭാവന ചെയ്തു.

**സാരഥി**

യൂണിറ്റ് മീറ്റിംഗുകൾ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റ് സംഘടിപ്പിക്കുന്ന ഏകവർഷ/ ദ്വിവർഷ ബൈബിൾ കോഴ്സിന്റെ മാർച്ച് മാസത്തെ ക്ലാസുകൾ ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിയും, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലും നയിച്ചു. അടുത്ത ക്ലാസുകൾ ഏപ്രിൽ 13-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

**വിശുദ്ധനാട് തീർത്ഥാടനം**

പാലാ രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിശുദ്ധനാട് തീർത്ഥാടനം 2019 മെയ് 15 മുതൽ 27 വരെ കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**ബിബ്ലിയ 2019- സുവിശേഷപകർത്തിയെഴുത്തു മത്സരം**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെയും ചെറുപുഷ്പമിഷൻ ലീഗ് മുട്ടുചിറ മേഖലയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച സുവിശേഷ പകർത്തിയെഴുത്തു മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ 2019 ഏപ്രിൽ മാസം 6-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം സ്പിരിച്ചൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്യുന്നതാണ്.

**മുതിർന്ന വിഭാഗം വിജയികൾ**

| | |
|---|---|
| 1. ഫിലോമിന ലൂക്കാ | കീഴൂർ |
| 2. ആൻസി ജോർജ് | കാഞ്ഞിരത്താനം |
| 3. സിൽവി ജോസഫ് | അടിവാരം |
| 4-1 ജസ്റ്റിൻ തോമസ് | ഉരുളികുന്നം |
| 4-2 എലിസബത്ത് റോജിൻ | ഉരുളികുന്നം |
| 4-3 ജോളി തോമസ് | പാലാ |
| 4-4 സാബു ഫിലിപ്പ് | മറ്റത്തിപ്പാറ |
| 4-5 ടിന്റു തോമസ് | പാലാ |
| 4-6 ബബിന തോമസ് | പ്രവിത്താനം |
| 4-7 സി. സുജ എഫ്.സി.സി. | അരുവിത്തുറ |

**കുട്ടികളുടെ വിഭാഗം**

| | |
|---|---|
| 1. എയ്ഞ്ചൽ മരിയ ബെന്നി | വെള്ളിയാമറ്റം |
| 2. റോസ ആഗസ്തി | പിറവം |
| 3. കെവിൻ ടോമി | മുട്ടുചിറ |
| 4-1 ജെസ്ന മാത്യു | കൂട്ടിയ്ക്കൽ |
| 4-2 ബെഞ്ചമിൻ ബിജു | ജയ്ഗിരി |
| 4-3 മിലൻ മധുമോൻ | ഫാത്തിമപുരം |
| 4-4 റെൻ മരിയ സജൻ | ചൂണ്ടച്ചേരി |
| 4-5 മെറിൻ ജയ്മോൻ | വാലാച്ചിറ |
| 4-6 ഡെൽന മാത്യു | മൂന്നിലവ് |
| 4-7 ഹെലൻ മേരി സാബു | മറ്റത്തിപ്പാറ |

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഫെബ്രുവരി മാസം 8,15,22 തീയതികളിൽ തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. ജേക്കബ് തടത്തിൽ (എം.എസ്.പി.) കോട്ടയം, റവ.ഫാ. മാത്യു പഴുപറമ്പിൽ (ക്ലരീഷ്യൻ കുറവിലങ്ങാട്) റവ. ഫാ. മാർട്ടിൻ വിതയത്തിൽ (സി.എം.എഫ്. കുറവിലങ്ങാട്) ഫാ. തോമസ് തയ്യിൽ, ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ശാലോമിൽ**

ഈ മാസം 4,11,18,25 തീയതികളിൽ വൈകുന്നേരം വൈകുന്നേരം 4.30 മുതൽ 6 വരെ ഷാലോം ഓഫീസിൽ വച്ച് സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളും, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷലോമിൽ**

ഈ മാസം 4,5,6,7,11,12,13,14,18,19,20,21,25,26,27,28 തീയതികളിൽ രാവിലെ 10 മണി മുതൽ 3 വരെ ഷാലോമിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും കരിസ്മാറ്റിക്സിന്റെയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ചു -പ്രാർത്ഥിച്ചു.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി, മദ്ധ്യസ്ഥപ്രാർത്ഥന തുടങ്ങിയ മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 20-ാം തീയതി ഷാലോമിൽ കൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും ഈ മാസം

പ്രവർത്തിക്കേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ ജോർജുകുട്ടി ഞാവള്ളിൽ വചനം പങ്കുവച്ചു. ബ്രദർ ജോർജ് ഓടയ്ക്കൽ ഒരു ചെറിയ കഥാ പ്രസംഗം നടത്തി. തങ്കച്ചൻ ശ്രാമ്പിക്കൽ, സോണിയ ചെറ്റുകാരിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി തുടർധ്യാനം**

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം മാർച്ച് 8-ാം തീയതി വെള്ളിയാഴ്ച നടത്തി. റവ.ഫാ. ജിനു മച്ചുകുഴിയിൽ സി.എം.ഐ. വചനശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മ മാർച്ച് 2-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. റവ.ഫാ. ജീനു മച്ചുകുഴിയിൽ സി.എം.ഐ. വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും പാലാ ബി. സബ് സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതി മീറ്റിംഗ് മാർച്ച് 4-ാം തീയതി തിങ്കളാഴ്ച 1.30 മുതൽ 3.30 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ.വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

**4. വരദാന മദ്ധ്യസ്ഥപ്രാർത്ഥന**

സോണൽ സേവനസമിതി അംഗങ്ങളും സബ് സോൺ കോർഡിനേറ്റർമാരും മാർച്ച് 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1 വരെ ളാലം പുത്തൻപള്ളിയിൽ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ സമ്മേളിച്ചു വരദാന മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

**5. മലയാറ്റൂർ കുരിശിന്റെ വഴി**

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെയും നേതൃത്വത്തിൽ കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽനിന്നുള്ള ശുശ്രൂഷകൾ പിതാക്കന്മാരോടൊപ്പം മാർച്ച് 18 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പിതാക്കന്മാരോടൊപ്പം മലയാറ്റൂർ കുരിശുമല കയറി. പാലാ സോണിൽനിന്നും 200 പേർ പങ്കെടുത്തു.

**6. കരിസ്മാറ്റിക് ശുശ്രൂഷ ഫോർമേഷൻ**

ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട 4 സോണുകളിൽ ഉള്ള ശുശ്രൂഷകൾക്കായി കോട്ടയം ക്രിസ്റ്റീനിൽ വെച്ച് മാർച്ച് 22-23 തീയതികളിൽ നടത്തിയ ഫോർമേഷൻ പ്രോഗ്രാമിൽ 70 പേർ പങ്കെടുത്തു.

**7. രാത്രി ആരാധന**

രൂപത സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന മാർച്ച് 30-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. ഫാ. ജോർജ് ചേറ്റൂർ കോതമംഗലം വചനശുശ്രൂഷ നയിച്ചു. ഫാ. ജോസ് വള്ളോംപുരയിടം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഫെബ്രുവരി ഇരുപത്തിമൂന്നാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെച്ചു. മാർച്ച് പത്താം തീയതി മുതൽ പതിനാറാം തീയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് ഡയറക്ടർ അസി. ഡയറക്ടർ എന്നിവർക്കൊപ്പം ഫാ. ജോർജ് വയലിൽ കളപ്പുര സി.എം.ഐ., ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ചെറിയാൻ മൂലയിൽ, ഫാ. ജോസഫ് തെരുവിൽ, ഫാ. ഓസ്റ്റിൻ കച്ചിറമറ്റം, ഫാ. മാത്യു പിണക്കാട്ട്, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. റിന്റു മണ്ണൂർ OFM Cap, ഫാ. ജസ്റ്റിൻ മേപ്പുറത്ത് എച്ച്.ജി.എൻ., അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കറിച്ച്യാപറമ്പിൽ എ.എസ്.ഐ., സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മാർച്ച് ഇരുപതു മുതൽ ഇരുപത്തിനാലു വരെ വടകര ജോൺ ബാപ്റ്റിസ്റ്റ് ഇടവകയിൽ ദൈവരാജ്യാനുഭവധ്യാനം നടത്തി. മൗണ്ട് നെബോയിൽ അടുത്ത ധ്യാനം മെയ് പന്ത്രണ്ട് മുതൽ പതിനെട്ട് വരെ. ബുക്കിംഗിന് 9847472522, 9620190088, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായ സഭ

**1. വാർഷികസമ്മേളനം**

ഫ്രാൻസിസ്ക്കൻ അല്മായസഭ പാലാ രൂപത വാർഷികം ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽവച്ച് നടന്നു. മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. മൈക്കിൾ പറുശ്ശേരിൽ OFM Cap., ഫാ. മാത്യു മുളങ്ങാശ്ശേരിൽ

OFM Cap., ഫാ. തോമസ് തലക്കുളം OFM Cap., സോജൻ മാത്യു, ജോസ് മണ്ണൂർ, തോമസ് മടിയ്ക്കാങ്കൽ, പോൾ വെച്ചുകെട്ടിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി റ്റിസി രാജു കടലംകാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap., സ്വാഗതവും, റ്റോമി കളപ്പുര കൃതജ്ഞതയും പറഞ്ഞു. വിവാഹധനസഹായം, ജീവകാരുണ്യ സഹായം എന്നിവ വിതരണം ചെയ്തു. മികച്ച യൂണിറ്റുകൾക്ക് ട്രോഫിയും മത്സരവിജയികൾക്ക് സമ്മാനദാനവും നടത്തി.

**ചേർപ്പുങ്കൽ ഫൊറോന മികച്ച യൂണിറ്റ്**

അല്മായ സഭയുടെ കഴിഞ്ഞ വർഷത്തേ പ്രവർത്തനങ്ങൾ വിലയിരുത്തി ചേർപ്പുങ്കൽ ഫൊറോനാ യൂണിറ്റ് ഒന്നാം സ്ഥാനം നേടി. അരുവിത്തുറ ഫൊറോന, പ്രവിത്താനം ഫൊറോനാ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**സ്പിരിച്വൽ അസിസ്റ്റന്റിന്റെ കാനോനിക സന്ദർശനം**

പൂഴിക്കോൽ, മണ്ണാറപ്പാറ, കളത്തുക്കടവ് യൂണിറ്റുകളിൽ സ്പിരിച്വൽ അസിസ്റ്റന്റ് കാനോനിക സന്ദർശനം നടത്തും.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

---

# ദീപിക ഫ്രണ്ട്സ് ക്ലബ്

---

**1. എക്സിക്യൂട്ടീവ് യോഗം**

ഡി.എഫ്.സി. പാലാരൂപത എക്സിക്യൂട്ടീവ് യോഗം പാലാ ഷാലോം പാസ്റ്റർ സെന്ററിൽ വച്ച് നടത്തി. പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ, ജെയ്സി സണ്ണി പറത്താനത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**2. റിസോഴ്സ് വോളന്റിയർ ടീം പരിശീലനം**

ദീപിക പത്രപ്രചാരണത്തിന്റെ ഭാഗമായി ഡിഎഫ്സി. റിസോഴ്സ് & വോളണ്ടിയർ ടീം പരിശീലനപരിപാടി പാലാ ഷാലോമിൽ വച്ച് നടത്തി. ഡി.എഫ്.സി. സംസ്ഥാന വൈസ് ഡയറക്ടർ ഫാ. ജിനോ പുനമറ്റത്തിൽ ക്ലാസ് നയിച്ചു.

**3. ഡി.എഫ്.സി. സംസ്ഥാന കമ്മറ്റി കോട്ടയത്ത്**

ഡി.എഫ്.സി. സംസ്ഥാന കമ്മറ്റി കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. ഫാ. റോം പുന്നമറ്റത്തിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. സംസ്ഥാന പ്രസിഡന്റ് ടോമി തുരുത്തിക്കര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ദീപിക എം. സി., വെരി. റവ.ഫാ. മാണി പുതിയിടത്തിന് യാത്രയയപ്പ് നൽകി. ഡിഎഫ്സി. യുടെ കർമ്മരേഖ റവ.ഡോ. മാണി പുതിയിടം പ്രകാശനം ചെയ്തു. റവ.ഫാ. ബോബി മണ്ണാറപ്ലാക്കൽ, റവ.ഫാ. റോയി കണ്ണംച്ചിറ, സജി പുല്ലുകാലായിൽ, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**4. ഡി.എഫ്.സി. നേതൃസമ്മേളനം**

ഡി.എഫ്.സി. പാലാ രൂപത നേതൃസമ്മേളനം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ബെന്നി വടക്കേടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വിവിധ കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

**5. ഡി.എഫ്.സി. ഫൊറോനാ കോർഡിനേറ്റർമാരുടെ സംഗമം**

പാലാ രൂപതയിലെ 17 ഫൊറോനായിലെ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഫൊറോനയിൽ പുതിയ അല്മായ കോർഡിനേറ്റർമാരെ നിയമിച്ചു.

**6. അരുവിത്തുറയിൽ പരസ്യം ബോർഡ് ഉദ്ഘാടനവും യാത്രയയപ്പും**

ഡി.എഫ്.സി. അരുവിത്തുറ ഫൊറോനയുടെ ആഭിമുഖ്യത്തിൽ രൂപതാതല ദീപികയുടെ പരസ്യ ബോർഡിന്റെ ഉദ്ഘാടനം അരുവിത്തുറയിൽ വച്ച് വികാരി റവ.ഫാ. തോമസ് വെടിക്കുന്നേൽ നിർവ്വഹിച്ചു. തുടർന്ന് പള്ളി ഹാളിൽ വച്ച് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ മേഖലാ പ്രസിഡന്റ് ജോർജുകുട്ടി വാളിപ്ലാക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വികാരി റവ.ഫാ. തോമസ് വെടിക്കുന്നേലിന് ഡി.എഫ്.സി. സെക്രട്ടറി ടോമി തുരുത്തിക്കര, ഫാ. അബ്രാഹം തകടിയേൽ ഡി.എഫ്.സി. പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ തുടങ്ങിയവർ ഡി.എഫ്.സി. യുടെ ഉപഹാരം നൽകി. കോർഡിനേറ്റർ ഫാ. ജോസഫ് പരവുമ്മേൽ, ജോർജ് വടക്കേൽ, സാലിമ്മ പരവുമ്മേൽ, ജോർജ് വടക്കേൽ, സാലിമ്മ ജോളി അറയ്ക്കൽ, ജോർജ് വട്ടപ്പലം, സിസ്റ്റർ ആൻസിറ്റ എസ്.എ.ബി.എസ്. ആനക്കല്ലുങ്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. മാധ്യമ സെമിനാർ ഉള്ളനാട്**

ഡി.എഫ്.സി.യുടെ ആഭിമുഖ്യത്തിൽ ഉള്ളനാട് പള്ളി ഹാളിൽവച്ച് നടന്ന മാധ്യമസെമിനാറിന് ഫാ. ജിനോ പുനമറ്റത്തിൽ നേതൃത്വം നൽകി. പ്രസിഡന്റ് ജോസ് വട്ടപ്പലം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ.ഫാ. ജോസ് കോട്ടയിൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ജോയി ചന്ദ്രൻകുന്നേൽ, സിസി ഐപ്പൻപറമ്പിക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് യൂണിറ്റിലെ പുരുഷ-വനിതാ ഭാരവാഹികളെ പുനഃസംഘടിപ്പിച്ചു.

**8. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേലിന് ആശംസകൾ നേർന്നു.**

ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽനിന്ന് ദീപികയുടെ എം.ഡി.യായി ചുമതലയേൽക്കുന്നു. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേലിന് ഡിഎഫ്സി. പാലാ രൂപത നേതൃസമിതി ആശംസകൾ അർപ്പിച്ചു.

**ഡി.എഫ്.സി. നേതൃസമ്മേളനം**

ഡി.എഫ്.സി.യുടെ നേതൃസമ്മേളനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ, ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**10. ഇന്റർ ഡയസീഷ്യൻ മീറ്റിംഗ് തക്കലയിൽ**

തക്കലയിൽ വച്ച് നടന്ന ഇന്റർ ഡയസിഷ്യൻ മീറ്റിംഗിൽ പാലാ രൂപത ഡി.എഫ്.സി. കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം പങ്കെടുത്തു.

**11. കുറവിലങ്ങാട് ഫൊറോനാ സമ്മേളനം**

ഡി.എഫ്.സി. കുറവിലങ്ങാട് ഫൊറോനാ സമ്മേളനം പള്ളി ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് ജോസഫ് വട്ടംതൊട്ടിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. മാണി കൊഴുപ്പൻകുറ്റി, ഡോ. സണ്ണി വി. സ്കറിയ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**12. ചേർപ്പുങ്കൽ ഫൊറോന സമ്മേളനം**

ഡിഎഫ്.സി. ചേർപ്പുങ്കൽ ഫൊറോനാ സമ്മേളനം പള്ളി ഹാളിൽ വച്ച് നടത്തി. മേഖലാ പ്രസിഡന്റ് സാജൻ കൊല്ലംപറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ.ഫാ. ജോസ് അഞ്ചേരിൽ, ഫാ. സ്കറിയ വേകത്താനം, ബെന്നി വടക്കേടം, ജോയ്മോൻ പുത്തൻപുരയ്ക്കൽ, ബേബി ഗണപതിപ്ലാക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**13. പ്രവിത്താനം ഫൊറോന ഡിഎഫ്.സി. മീറ്റിംഗ്**

പ്രവിത്താനം ഫൊറോനാ ഡി.എഫ്.സി. മീറ്റിംഗ് പള്ളി ഹാളിൽവച്ച് നടത്തി. മേഖല പ്രസിഡന്റ് ജോയി ഓരത്തുംപുറത്ത് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ.ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ, ഫാ. സ്കറിയ വേകത്താനം, ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ടോമി തുരുത്തിക്കര, സി. സുനിത് സി.എം.സി, പള്ളത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**14. ചർച്ച് ആക്ട് ബിൽ ആലോചനായോഗം**

ചർച്ച് ആക്ട് ബിൽ നടപ്പിലാക്കുന്നതിനെതിരെ ഒരു ആലോചനായോഗം പാലാ അരമനയിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ, വികാരി ജനറാൾമാർ തുടങ്ങിയവർ പങ്കെടുത്ത മീറ്റിംഗിൽ ഡി.എഫ്.സി. രൂപതാ പ്രതിനിധികൾ സംബന്ധിച്ചു.

**15. നരിയങ്ങാനം -മാധ്യമ സെമിനാർ**

ഡി.എഫ്.സി. യുടെ ആഭിമുഖ്യത്തിൽ നരിയങ്ങാനത്ത് മാധ്യമ സെമിനാർ നടത്തി. പ്രസിഡന്റ് ബേബി സെബാസ്റ്റ്യൻ വാഴചാരിക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. സ്കറിയ മൊളോപ്പറമ്പിൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**16. പ്രതിനിധി യോഗം**

ഡി.എഫ്.സി. പ്രതിനിധികളുടെ ഒരു യോഗം ഷലോമിൽ നടത്തി. വിവിധ കർമ്മപദ്ധതികളെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ വിശദീകരിച്ചു.

**17. ചർച്ച് ആക്ട് ബിൽ സമ്മേളനം കോട്ടയത്ത്**

കോട്ടയം തിരുനക്കര മൈതാനത്ത് വച്ച് ചർച്ച് ആക്ട് ബില്ലിനെതിരെ പ്രതിഷേധ സമരം നടത്തി. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ അഭി

വന്ദ്യ മാർ ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ രൂപതയിലെ ഡി.എഫ്.സി. പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സഭയുടെ സ്വത്തുക്കൾ പിടിച്ചെടുക്കാനുള്ള ലക്ഷ്യത്തോടെ തയ്യാറാക്കിയിരിക്കുന്ന ചർച്ച് ആക്ട് ബിൽ 2019 പിൻവലിക്കണമെന്ന് ഡി.എഫ്.സി. പാലാ രൂപത നേതൃത്വസമിതി അധികാരികളോടു ആവശ്യപ്പെട്ടു.

**18. കുരുവിനാൽ സന്ദർശിച്ചു.**

ഡിഎഫ്സി പാലാ രൂപത നേതൃസമിതി കുരുവിനാൽ യൂണിറ്റ് സന്ദർശിച്ചു. വികാരി റവ.ഫാ. മാത്യു വാഴയ്ക്കാപ്പാറ, ഫാ. സ്കറിയ വേകത്താനം, ബേബിച്ചൻ ഗണപതി പ്ലാക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**19. പാളയം യൂണിറ്റ് സന്ദർശിച്ചു.**

പാളയം യൂണിറ്റ് പ്രസിഡന്റ് ടോം സി. ആന്റണി ചെമ്പകമറ്റം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. അബ്രാഹം തലവയലിൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**20. കടപ്ലാമറ്റം  യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് അഡ്വ. സജീവ് മാത്യു കുത്തിവളച്ചേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ.ഫാ. ജോസഫ് തടത്തിൽ, ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് കൂനാനിക്കൽ, ജയ്മോൻ റോബർട്ട് കൂവള്ളൂർ തുടങ്ങിയവർ പ്രസംഗിച്ചു.

**21. കരിമ്പാനി യൂണിറ്റ് സന്ദർശിച്ചു.**

കരിമ്പാനി ഇടവകയിലെ ഡിഎഫ്സി പ്രവർത്തനങ്ങളെ വിലയിരുത്തി. വികാരി ഫാ. ജോൺ പുത്തൻപുര, ഫാ. സ്കറിയ വേകത്താനം, മാത്യു പ്ലാക്കാട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**22. മൂഴൂർ യൂണിറ്റ് സന്ദർശിച്ചു.**

ഡി.എഫ്.സി. യൂണിറ്റ് പ്രസിഡന്റ് ലൂക്കാച്ചൻ തെക്കേകരോട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ്, ഫാ. സ്കറിയ വേകത്താനം, മാത്യു പ്ലാക്കാട്ട്, ജോർജ് വട്ടപ്പലം തുടങ്ങിയവർ പ്രസംഗിച്ചു.

**23. കാഞ്ഞിരമറ്റം യൂണിറ്റ് സന്ദർശിച്ചു.**

കാഞ്ഞിരമറ്റം  ഇടവകയിലെ ഡിഎഫ്സി യോഗം പള്ളി ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് മാത്തുകുട്ടി ഞായർകുളം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. ജോസഫ് അമ്പാട്ട്, ഫാ. സ്കറിയ വേകത്താനം, മാത്യു പ്ലാക്കാട്ട്, ജെയ്മോൻ പുത്തൻപുരയ്ക്കൽ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**24. മണലുങ്കൽ യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് പി.എം. മാത്യു മണിയങ്ങാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. ജേക്കബ് പൊട്ടംകുളം, ഫാ. സ്കറിയ വേകത്താനം, മാത്യു പ്ലാക്കാട് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**25. ചക്കിക്കാവ് യൂണിറ്റ് സന്ദർശിച്ചു.**

ഡി.എഫ്.സി. യുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. വികാരി ഫാ. കുര്യാക്കോസ് തടിക്കപറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**26. അറക്കുളം പഴയപള്ളി സന്ദർശിച്ചു.**

ഡിഎഫ്സി. യൂണിറ്റ് പ്രസിഡന്റ് മാണി ജോസഫ് മുണ്ടത്താനത്ത് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. എമ്മാനുവേൽ വരിക്കമാക്കൽ മുഖ്യപ്രഭാഷണം നടത്തി.

**27. വെള്ളിയാമറ്റം യൂണിറ്റ് സന്ദർശിച്ചു.**

ഡി.എഫ്.സി. യൂണിറ്റിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി വികാരി ഫാ. തോമസ് വാലുമ്മേൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ജോയി തുരുത്തിക്കര, ജോയി ഓരത്തുംപുറത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**28. കുടയത്തൂർ യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സിയുടെ യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തി വികാരി ഫാ. തോമസ് ബ്രാഹ്മണവേലിൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, നോബിൾ കെ. അഗസ്റ്റിൻ, രാജു കൊക്കപ്പുഴ തുടങ്ങിയവർ പ്രസംഗിച്ചു.

**29. സിബിഗിരി യൂണിറ്റി സന്ദർശിച്ചു.**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് കെ.ജെ. തോമസ് കുന്നംകോട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. വികാരി ഫാ. കുര്യൻ കോട്ടയിൽ, ഡോ. സണ്ണി വി. സ്കറിയ, മാത്യു പ്ലാക്കാട്ട്, ചാക്കോച്ചൻ കളപ്പുര തുടങ്ങിയവർ പ്രസംഗിച്ചു.

**30. അറക്കുളം പുത്തൻപള്ളി യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സിയുടെ യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. വികാരി ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു പാലക്കാട്ടുകുന്നേൽ, ഡോ. സജി വി. സക്കറിയ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**31. മൂലമറ്റം യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് തോമസ് പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി റവ.ഫാ. ജോർജ് മണ്ഡപത്തിൽ ഫാ. സ്കറിയ വേകത്താനം, ജോർജ് പുളിയമാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**32. ഡ്രീം ലൈൻ പ്രോജക്ട്**

പയസ് മൗണ്ട്, ഉള്ളനാട്, നരിയങ്ങാനം എന്നീ ഇടവകകളിൽ പത്രപ്രചാരണ പരിപാടി നടത്തി. ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. റോയി കണ്ണഞ്ചിറ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# ഇൻഫാം

**കർഷക ആത്മഹത്യ : കർമസമിതി ബോധവത്കരണം നടത്തും.**

സമൂഹത്തിൽ കർഷകരുടെ മഹത്വവും പ്രാധാന്യവും വ്യക്തമാക്കാനും ആത്മഹത്യയല്ല പ്രശ്നപരിഹാരം എന്ന സന്ദേശം വിവിധ മാനസികാരോഗ്യ ശുശ്രൂഷകളിലൂടെ കർഷക കുടുംബങ്ങളിൽ എത്തിക്കാനും ഇൻഫാം, സോഷ്യൽ സർവീസ് വിഭാഗം, കെസിബിസി പ്രോ ലൈഫ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കർമസമിതി രൂപീകരിച്ചു. കാർഷിക-മേഖലയിലെ പ്രശ്നങ്ങളിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധവേണ്ട കാര്യങ്ങൾ കർമസമിതി പഠിച്ച് അവതരിപ്പിക്കും.

പാലാരിവട്ടം പി.ഒ.സി.യിൽ ചേർന്ന സംയുക്തയോഗത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പി.ഒ.സി. ഡയറക്ടറുമായ റവ.ഡോ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. ഇൻഫാം ഡയറക്ടർ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, പാലാ രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് തയ്യിൽ, കെസിബിസി പ്രോലൈഫ് സമിതി പ്രസിഡന്റ് സാബു ജോസ്, കെസിബിസി എറണാകുളം മേഖല പ്രസിഡന്റ് ജോൺസൺ സി.എബ്രാഹം, സൈക്കോളജിസ്റ്റും പ്രോ ലൈഫ് മാനസികാരോഗ്യ വിഭാഗം കോ ഓർഡിനേറ്ററുമായ ജിൻസി മാത്യു, വിവിധ ജില്ലകളിലെ ഇൻഫാം ഭാരവാഹികളായ ജോസഫ് എടപ്പാട്ട് (മൂവാറ്റുപുഴ), ജോയ് തെങ്ങുംകുടി (തൊടുപുഴ), സ്കറിയ നെല്ലാംകുഴി (കണ്ണൂർ), മാത്യു മാമ്പറമ്പിൽ (പാലാ), ജോസഫ് കരിയാംപറമ്പിൽ (മലപ്പുറം), സ്കറിയ കളപ്പുര (തലശ്ശേരി), ബേബി പന്തപ്പള്ളി (പാലാ), ടോമി എടാട്ടേൽ (കണ്ണൂർ) എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)




# ആദരാഞ്ജലികൾ



## സി. മാഗി ഐരമന എഫ്.സി.സി.

പാലാ രൂപതയിൽ ചേർപ്പുങ്കൽ ഇടവകയിൽ ഐരമന കുടുംബത്തിൽ സ്കറിയ-ഏലി ദമ്പതികളുടെ ഏഴുമക്കളിൽ ഏറ്റവും ഇളയ സന്താനമായി 21-8-1943 ൽ മോളി എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന സി. മാഗി ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേര് നൽകപ്പെട്ടു. 1960 ൽ കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായി. കോട്ടയം ബി.സി.എം. കോളേജിൽനിന്ന് ഡിഗ്രിയും ബി.എസ്.സി.യും പാസ്സായി. തുടർന്ന് പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽനിന്ന് ബി.എഡും പാസ്സായി.തുടർന്ന് മുത്തോലപുരം, മഞ്ഞാമറ്റം, വാകക്കാട് എന്നീ സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചു. വാകക്കാട് സ്കൂളിൽ 12 വർഷക്കാലം ഹെഡ്മിസ്ട്രസ്സായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

1975 ൽ പോസ്റ്റുലൻസിയും 1976 ൽ നോവിഷ്യേറ്റും പൂർത്തിയാക്കി. 3-5-1976 ൽ ആദ്യവ്രതവാഗ്ദാനവും 24-5-1982 ൽ നിത്യവ്രതവാഗ്ദാനവും നടത്തി തന്നെത്തന്നെ നാഥന് പൂർണമായി സമർപ്പിച്ചു. 1998 ൽ സ്കൂളിൽനിന്നും വിരമിച്ചു. തുടർന്ന് പ്രൊവിൻഷ്യൽ കൗൺസിലർ, ജനറൽ ആനിമേറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. മൂന്നിലവ്, അറക്കുളം എന്നീ മഠങ്ങളിൽ സുപ്പീരിയറായും വിമല സ്റ്റഡി ഹൗസ്, തീക്കോയി എന്നീ മഠങ്ങളിൽ അസി. സുപ്പീരിയർ, മെസ് മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. ഈ സമയത്തെല്ലാം ലിവർസിറോസിസും ഷുഗറും സിസ്റ്ററിനെ വല്ലാതെ അലട്ടിയിരുന്നു.

അനുദിന ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവം അറിയാതെ സംഭവിക്കുന്നില്ലെന്നും ദൈവം അനുവദിക്കുന്നതെല്ലാം തന്റെ നന്മയ്ക്കാണെന്നും വിശ്വസിച്ചിരുന്ന മാഗിയമ്മ, വർഷങ്ങളായി തന്നെ അലട്ടിയിരുന്ന രോഗങ്ങൾ ദൈവതൃക്കരങ്ങളിൽനിന്നും ലഭിച്ച സമ്മാനങ്ങളായി കരുതി സന്തോഷത്തോടെ സ്വീകരിച്ച് പരാതിയോ, ആവലാതിയോ കൂടാതെ സഹിച്ചു. രോഗാവസ്ഥയിലും

ആര് എന്ത് സഹായം ചോദിച്ചാലും അമ്മ നിരസിച്ചിരുന്നില്ല. ആർക്കും എപ്പോൾ വേണമെങ്കിലും സമീപിക്കാൻ കഴിയുന്ന ഒരു നല്ല ഹൃദയത്തിന്റെ ഉടമയായിരുന്നു മാഗിയമ്മ. ആരെപ്പറ്റിയും ഒരു കുറ്റവും പറഞ്ഞുകേട്ടിട്ടില്ല. എല്ലാവരെയും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അമ്മയ്ക്ക് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. വൈദികരോടും അധികാരികളോടും വലിയ ആദരവും സ്നേഹവും വിധേയത്വവും അമ്മ പുലർത്തിയിരുന്നു. "To love & serve God and Men" എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം.

2019 ജനുവരി മാസം മുതൽ ലിവർ സിറോസിസ് രോഗം അമ്മയെ കൂടുതൽ അസ്വസ്ഥതപ്പെടുത്തി. ഫെബ്രുവരി മാസം 12-ാം തീയതി പെട്ടെന്ന് ക്ഷീണം വർദ്ധിക്കുകയും ശ്വാസതടസ്സം നേരിടുകയും ചെയ്തു. ഉടൻതന്നെ മരിയൻ സെന്ററിലെ മെഡിക്കൽ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. 16-ാം തീയതി രാവിലെ അമ്മ കൂടുതൽ ക്ഷീണിതയായി കാണപ്പെട്ടു. ബഹു. പ്രൊവിൻഷ്യലമ്മയും മദറും മറ്റു സിസ്റ്റേഴ്സും പ്രാർത്ഥിച്ചുകൊണ്ടിരിക്കെ വൈകിട്ട് 5.30 ന് അമ്മയുടെ പാവനാത്മാവ് വളരെ ശാന്തമായി നിത്യതയിലേക്ക് പറന്നുയർന്നു.

പിറ്റേദിവസം ഉച്ചകഴിഞ്ഞ് 3 ന് സഹോദരി പൗത്രൻ റവ.ഫാദർ ജിറ്റോ തെങ്ങുപള്ളിലച്ചന്റെ നേതൃത്വത്തിൽ സമൂഹബലിയർപ്പിച്ചു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചൻ കാർമ്മികത്വം വഹിക്കുകയും അനുസ്മരണപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് മൃതദേഹം തീക്കോയി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

തന്റെ ജീവിതദൗത്യം പൂർത്തിയാക്കി നിത്യതയുടെ തീരമണഞ്ഞ ബഹു. മാഗിയമ്മയെ സ്വർഗീയ മണവാളൻ മഹത്വത്തിന്റെ പൊൻമുടി അണിയിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

## റവ.സി. ആൻസ് മേരി എഫ്.സി.സി.



പാലാ രൂപത കാഞ്ഞിരമറ്റം ഇടവകയിൽ ഇഞ്ചിക്കാലായിൽ കുടുംബത്തിൽ വർക്കി - റോസ ദമ്പതികളുടെ 9 മക്കളിൽ 6-ാമത്തെ സന്താനമായി 12-3-1937ൽ ബഹു. ആൻസ് മേരിയമ്മ ഭൂജാതയായി. കാഞ്ഞിരമറ്റം L.F.H.Sൽ നിന്ന് 1955ൽ എസ്.എസ്.എൽ.സി പാസ്സായി. 1957 ജൂലൈയിൽ ചെമ്മലമറ്റം എഫ്.സി. കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. 1958 ഏപ്രിൽ 8-ാം തീയതി സഭാവസ്ത്രസ്വീകരണവും 1959 ഏപ്രിൽ 13-ാം തീയതി പ്രഥമവ്രതവാഗ്ദാനവും 1962 മെയ് 24-ാം തീയതി നിത്യവ്രതവാഗ്ദാനവും ചെയ്തു.

1964-ൽ വാഴപ്പള്ളി സെന്റ് തെരേസാസ് B.T.Sൽ നിന്ന് റ്റി.റ്റി.സി പാസ്സായി. 1961 മുതൽ 1983 വരെ മണലുങ്കൽ ഹോളിഫാമിലി എൽ.പി. സ്കൂളിൽ അധ്യാപികയായും 1983 മുതൽ 1992 വരെ ഭരണങ്ങാനം ലിറ്റിൽ തെരേസാസ് എൽ.പി.

സ്കൂളിൽ പ്രധാന അധ്യാപികയായും അമ്മ സേവനം അനുഷ്ഠിച്ചു. കല്ലൂർക്കുളം, മണലുങ്കൽ, ഭരണങ്ങാനം, പ്രൊവിൻഷ്യൽഹൗസ്, സെറാഫിക്, മൂഴൂർ, മഞ്ഞാമറ്റം ബാലികാഭവൻ എന്നീ ഭവനങ്ങളിൽ താമസിച്ച് സുപ്പീരിയർ, കൗൺസിലർ, ബോർഡിംഗ് മിസ്ട്രസ്, മെസ് മാനേജർ, കമ്മ്യൂണിറ്റി സിസ്റ്റർ എന്നീ നിലകളിൽ അമ്മ തന്റെ സ്നേഹസേവനങ്ങൾ കാഴ്ചവച്ചു. "ചെയ്യാൻ പറ്റുന്ന നന്മ എല്ലാവർക്കും ചെയ്യുക. ആരെയും വിധിക്കാതിരിക്കുക." ഇതായിരുന്നു അമ്മയുടെ ആദർശം.

പ്രാർത്ഥനാനിരതമായ ജീവിതം, നിശബ്ദമായ സഹനം, ശാന്തപ്രകൃതി, സൗമ്യമായ ഇടപെടൽ, സാധുക്കളോടുള്ള പരിഗണന ഇവ അമ്മയിൽ പ്രകടമായ ഗുണങ്ങളായിരുന്നു. ആരുടെയും കുറ്റംപറയാതെ, വിമർശിക്കാതെ, ഏവർക്കും സംലഭ്യമായ ഒരു ജീവിതമായിരുന്നു അമ്മയുടേത്. ദൈവവിളി പ്രോത്സാഹനത്തിൽ അമ്മ അതീവ തൽപ്പരയായിരുന്നു.

2016 അവസാനത്തോടുകൂടി അൽഷിമേഴ്സ് രോഗം ആരംഭിച്ചു. വാർദ്ധക്യസഹജമായ രോഗങ്ങളാൽ ശയ്യാവലംബയായിത്തീർന്ന അമ്മയുടെ ക്ഷീണം വർദ്ധിച്ചുവന്നതിനാൽ 2019 മാർച്ച് 5–ാം തീയതി മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. 8–ാം തീയതി വെള്ളിയാഴ്ച ക്ഷീണം വർദ്ധിച്ചതിനാൽ രാത്രി 8pm ന് റവ. ഫാ. ജോർജ് ഞാറക്കുന്നേലിൽ നിന്ന് രോഗീലേപനം സ്വീകരിച്ചു. 9–ാം തീയതി ശനിയാഴ്ച വെളുപ്പിന് 2.45ന് അമ്മയുടെ ആത്മാവ് ശാന്തമായി തിരുസന്നിധിയിലേയ്ക്ക് യാത്രയായി.

14–3–2019 വ്യാഴാഴ്ച രാവിലെ 10മണിക്ക് അമ്മയുടെ പിതൃസഹോദരപുത്രൻ റവ. ഫാ. ജിന്റോ ഇഞ്ചിക്കാലായുടെ പ്രധാന കാർമ്മികത്വത്തിൽ 7 വൈദികർ ചേർന്ന് കല്ലൂർക്കുളം മഠം ചാപ്പലിൽ സമൂഹബലി അർപ്പിച്ചു. ദിവ്യബലി മധ്യേ റവ. ഡോ. കുര്യൻ മറ്റം ചരമപ്രസംഗം നടത്തി. പാലാ രൂപത വികാരി ജനറാൾ റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ സംസ്കാരശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുകയും അനുശോചനസന്ദേശം നൽകുകയും ചെയ്തു. 12 മണിയോടെ കല്ലൂർക്കുളം മഠംവക സെമിത്തേരിയിൽ അമ്മയുടെ മൃതദേഹം സംസ്ക്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത ദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെ എന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MARCH 2019

| | | |
|---|---|---|
| 1 | 08.30 - 10.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ മാതൃവേദി രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 07.00 pm | ളാലം മാർ അപ്രേം സെമിനാരി സന്ദർശിച്ചു. |
| 2 | 10.30 am | മണ്ണയ്ക്കനാട് ഇടവക ദൈവാലയത്തിൽ എൽ.എ. ആർ. സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.30 pm | പെരിയപ്പുറത്ത് ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് 16 കുടുംബങ്ങൾക്ക് ആധാരം കൈമാറി സന്ദേശം നൽകി. |
| | 03.30 pm | പാലാ അൽഫോൻസ കോളേജിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മീറ്റിംഗിൽ സന്ദേശം നല്കി. |
| | 05.30 pm | രാമപുരത്ത് എ.കെ.സി.സി. യുടെ നേതൃത്വത്തിൽ ചർച്ച് ബില്ലിനെതിരെ നടത്തിയ യോഗം ഉദ്ഘാടനം ചെയ്തു. |
| 3 | 12.00 noon | മൂന്നിലവ് ഇടവകയിൽ മാമ്മോദീസ നൽകി. |
| | 05.00 pm | കുറവിലങ്ങാട് ഇടവകയിൽ ആർച്ച് പ്രീസ്റ്റിനു നൽകിയ പൗരസ്വീകരണത്തിൽ പങ്കെടുത്തു. |
| 4 | 06.30 am | പാലാ കത്തീഡ്രലിൽ വിഭൂതിയുടെ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | പാലാ അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 5 | 09.30 am | മുത്തോലി സി. സെലിൻ കോയിപ്പുറത്തിന്റെ പിതാവിന്റെ വിയോഗത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.30 am | കടുത്തുരുത്തി ഇടവകയിൽ ജോസഫ് കോച്ചേരിലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.30 pm | അദിലാബാദ് മിഷനിലേയ്ക്കുള്ള യാത്ര ആരംഭിച്ചു. |
| 6 | 02.45 pm | അദിലാബാദിൽ എത്തിച്ചേർന്നു. |
| | 03.30 pm | മഞ്ചേരിയിൽ അരമന സന്ദർശിച്ചു. |
| | 04.30 pm | നെന്നലിലുള്ള മിഷൻ കേന്ദ്രത്തിലെത്തിച്ചേർന്നു. |
| 7 | 10.30 am | ജെണ്ടാവെങ്കിട്ടപുരത്തുള്ള മിഷൻ കേന്ദ്രം സന്ദർശിച്ചു. |
| | 04.00 pm | ബൊക്കാലഗുട്ടയിൽ സ്ഥാപിതമായ കുരിശിന്റെ വഴിയുടെ ആശീർവാദകർമ്മത്തിൽ സംബന്ധിച്ചു. |
| 8 | 10.30 am | ആവടത്തുള്ള പുതിയ സെന്റ് അൽഫോൻസാ മിഷൻ കേന്ദ്രത്തിന്റെ ആശീർവാദകർമ്മത്തിൽ സംബന്ധിച്ചു. |
| | 03.30 pm | മന്നഗുഡം, ഗാർഗി, കോനംപേട്ട എന്നിവിടങ്ങളിലെ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു. |
| 9 | 10.30 am | വേമനപള്ളിയിൽ മർത്ത് മറിയം ദൈവാലയത്തിൽ ശിലാസ്ഥാപനകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.30 pm | കൊത്തഗുടത്തുള്ള മിഷൻ കേന്ദ്രം സന്ദർശിച്ചു. |
| 10 | 10.30 am | നെന്നൽ ഇടവകയിൽ വി. ഗ്രന്ഥരചനാമത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി ആദരിച്ചു. |
| | 03.30 pm | ഗൊല്ലപ്പള്ളി മിഷൻ കേന്ദ്രം സന്ദർശിച്ചു. |
| | 07.00 pm | മൈലാരം മിഷൻ കേന്ദ്രത്തിൽ വച്ചുനടന്ന പാലാ കൂട്ടായ്മയിൽ സന്ദേശം നല്കി. |
| 11 | 08.45 am | ബെല്ലംപ്പള്ളി റെയിൽവെ സ്റ്റേഷനിൽനിന്നും നാട്ടിലേക്ക് ട്രെയിൻ കയറി. |

| | | |
|---|---|---|
| 12 | 02.30 pm | അദിലാബാദിൽനിന്നും പാലായിൽ എത്തിച്ചേർന്നു. |
| 13 | 10-12 noon | പാലാ അരമനയിൽവച്ച് നടന്ന പ്രീച്ചേഴ്സ് മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| | 02.30 pm | പാലാ അരമനയിൽ വച്ച് ദീപനാളം എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| | 06.15 pm | കളത്തൂക്കടവ് ഇടവകയിൽ സെമിത്തേരി ചാപ്പലിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. |
| 14 | 10.00 am | ലൂർദ്ദ് മൗണ്ട് ഇടവകയിൽ പ്രളയത്തിൽ നഷ്ടമായ കുടുംബാംഗങ്ങൾക്കുവേണ്ടി നിർമ്മിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| | 05.00 pm | കാക്കൂർ ഇടവകയിൽ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 15 | 11.00 am | പാലാ റ്റി.റ്റി.ഐ. ഹാളിൽ വച്ച് പാലാ കോർപ്പറേറ്റിൽനിന്നും വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 05.00 pm | പാദുവ ഇടവകയിൽ വി. അന്തോനീസിന്റെ തിരുശേഷിപ്പ് സ്വീകരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 07.30 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന നോവിസസിന്റെ കോൺവോക്കെഷൻ ചടങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 16 | 02.30 pm | പാലാ അരമനയിൽ വച്ച് പിതൃവേദി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. |
| 17 | 12.00 noon | പാലാ വൈദികമന്ദിരം സന്ദർശിച്ചു. |
| 19 | 06.00 am | വി. യൗസേപ്പിതാവിന്റെ തിരുനാളിനോട നുബന്ധിച്ച് അരമന ചാപ്പലിൽ അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടുമൊപ്പം വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| 20 | 09.15 am | ചൂണ്ടച്ചേരി സാൻജോസ് പബ്ലിക് സ്കൂളിൽ കമ്പ്യൂട്ടർ ലാബ് വെഞ്ചരിച്ചു. |
| | 11.30 am | ഇത്തിത്താനം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ ബഹു. റോസിലിൻ മുരിക്കൻ സിസ്റ്ററിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | പാലാ അരമനയിൽ എ.ഡി.സി.പി.യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 09.45 am | കയ്യൂർ ക്രിസ്തുജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കമ്പ്യൂട്ടർ ലാബ് വെഞ്ചരിച്ചു. |
| | 04.15 pm | പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു. |
| | 06.00 pm | പാലാ സെന്റ് തോമസ് കോളേജിൽനിന്നും വിരമിക്കുന്ന അധ്യാപകരുടെ മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നല്കി. |
| 22 | 10.00 am | കാക്കനാട് വച്ച് നടത്തിയ ഫാമിലി, ലെയ്റ്റി, ലൈഫ് എന്ന സംഘടനയുടെ അദ്ധ്യക്ഷത വഹിച്ചു സന്ദേശം നൽകി. |
| 23 | 10.30 am | അരുവിത്തുറ ഇടവകയിൽ മാമ്മോദീസ നല്കി. |
| | 3-5 pm | പാലാ അരമനയിൽ ഡി.എഫ്.സി.യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 08.00 am | ലൂർദ്ദ് മൗണ്ട് ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |
| | 03.00 pm | ഭരണങ്ങാനത്ത് എ.ആർ.എസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 26 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ചങ്ങനാശ്ശേരിയിൽ ഇന്റർ എപ്പാർക്കിയൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 07.00 am | കൊച്ചിടപ്പാടി പൈകട ആതുരാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 28 | 10-12 noon | പാലാ അരമനയിൽ വച്ച് നടന്ന കെ.എൽ.എം. മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 03.00 pm | പാലാ അരമനയിൽ വച്ച് ബൈബിൾ കൺവെൻഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.45 pm | പ്രവിത്താനം ഇടവകയിൽവച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. |
| | 06.30 pm | ളാലം പഴയപള്ളിയിൽ സെമിത്തേരി ചാപ്പലിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു. |
| 30 | 03.00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന എസ്.എം.വൈ.എം. മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | 07.45 am | മേലുകാവ് ഇടവകയിൽ പാരിഷ് ഹാളിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. |
| | 10.30 am | പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഡി.സി.എം.എസ്. വനിതാ സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| | 05.30 pm | ഇലഞ്ഞി ഇടവകയിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| | 07.00 pm | അരുവിത്തുറ ഇടവകയിൽ വച്ച് നടന്ന ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## MARCH 2019

| | | |
|---|---|---|
| 1 | 09.30 am | മാതൃവേദിയുടെ ജൂബിലിയോടനുബന്ധിച്ച് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു. |
| 2 | 06.30 am | കുറവിലങ്ങാട് സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | രാമപുരം ദൈവാലയത്തിൽ ബഹു. വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ജൂബിലിയോടനുബന്ധിച്ച് നടന്ന വി. കുർബാനയിൽ സന്ദേശം നൽകി. |
| | 03.30 pm | മൂഴൂർ ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു. |
| 3 | 06.00 am | മുട്ടുചിറ ഹോസ്പിറ്റലിൽ പുതുക്കിപ്പണിത ചാപ്പലിന്റെ കൂദാശകർമ്മം നിർവഹിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു. |
| 4 | 02.30 pm | മുട്ടുചിറ നേഴ്സിംഗ് കോളേജ് വിദ്യാർത്ഥികളുടെ ലാമ്പ് ലൈറ്റിംഗ് സെറിമണിയിൽ പങ്കെടുത്തു. |
| 5 | 10.00 am | മുത്തോലി ഇടവകയിൽ കോയിപ്പുറം എ.ടി. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ബിഷപ്പ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 06 | 02.00 pm | കോട്ടയത്ത് മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | വാലാച്ചിറ എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തു. |
| 09 | 04.00 pm | രാമപുരത്ത് മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | | കൂട്ടിക്കൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |

| | | |
|---|---|---|
| 11 | 03.00 pm | ആനക്കല്ല് ഇടവകയിൽ മടുക്കക്കുഴിയിൽ ത്രേസ്യാമ്മ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 12 | 10.00 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൊക്കേഷൻ കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| 13 | 10.00 am | അരുവിത്തുറ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | കോട്ടയത്ത് ട്രാഡയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 10.00 am | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | 06.30 am | പാദുവ ഇടവകയിൽ വി. അന്തോനീസിന്റെ തിരുശേഷിപ്പ് പ്രയാണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 11.30 am | ഭരണങ്ങാനം ഇടവകയിൽ എൽഡേഴ്സ് ഫോറത്തിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 08.00 am | കോട്ടയം കീഴൂർ ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 19 | 06.00 am | വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അരമനയിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. കുർബാനയർപ്പിച്ചു. |
| | 10.00 am | നീലൂർ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 20 | 11.00 am | ചക്കാമ്പുഴ ഇടവകയിൽ ബഹു. ജോസഫ് വിച്ചാട്ട് MSFS അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | ഇത്തിത്താനം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ ബഹു. റോസിലിൻ മുരിക്കൻ സിസ്റ്ററിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| 21 | 11.00 am | അൽഫോൻസാ കോളേജിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | സെന്റ് തോമസ് കോളേജിൽ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| 22 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| 23 | 11.00 am | ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ ഫ്രാൻസിസ്കൻ അത്മായസഭയുടെ വാർഷികത്തിൽ സംബന്ധിച്ചു. |
| | 12.30 pm | ഭരണങ്ങാനം മാതൃഭവനിൽ മിഷൻലീഗിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 25-27 | | ഒഡീഷയിൽ സന്ദർശനം നടത്തി. |
| 28 | 10.00 am | അരമനയിൽ കെ.എൽ.എം. ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 11.00 am | അൽഫോൻസാ കോളേജിന്റെ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| | 03.00 pm | അരമനയിൽ ബൈബിൾ കൺവൻഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | മേലുകാവ് സ്കൂളിൽ സമ്മേളനത്തിൽ പങ്കെടുത്തു. |
| 30 | 10.00 am | ഭരണങ്ങാനം എ.ആർ.എസ്. സ്കൂളിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04. 00 pm | അരുവിത്തുറ ബൈബിൾ കൺവൻഷനിലൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. |
| 31 | 05.00 pm | ഏഴാച്ചേരിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |



# Bishop's Engagements
## Mar Joseph Kallarangatt
### APRIL 2019

| | | | |
|---|---|---|---|
| 01 | Mon | | Engaged |
| 02 | Tue | | Kakkanad : Permanent Synod |
| 03 | Wed | 06.00 pm | Bishop's House : Regents Monthly Recollection |
| 04 | Thu | | Engaged |
| | | 04.30 pm | Pala : Meeting |
| 05 | Fri | 10-12.00 pm | Visitors Day |
| 06 | Sat | 03.00 pm | Bharananganam : Councelling Course Inauguration |
| 07 | Sun | | Pastoral visit Thakady |
| 08 | Mon | | Kottayam : Bishop's Monthly Recollection |
| | | | Pala Good Shepherd Minor Seminary Vocation Camp |
| 09 | Tue | | Kottayam : Bishop's Monthly Recollection |
| | | | Pala Good Shepherd Minor Seminary Vocation Camp |
| 10 | Wed | | Pala Good Shepherd Minor Seminary : Interview |

| | | | |
|---|---|---|---|
| 11 | Thu | 10.00 am | Pala Cathedral Blessing of Holy Myron and Monthly Recollection |
| 12 | Fri | 10-12.noon | Visitors Day |
| | | 05.00 pm | Arunoottimangalam : Syriac Qurbana |
| 13 | Sat | 06.30 am | Pala Cathedral : Diaconate |
| 14 | Sun | | Cathedral : Qurbana |
| 15 | Mon | | Prayer Day |
| 16 | Tue | | Prayer Day |
| | | 06.00 pm | Kurumannu : Convention Message |
| 17 | Wed | | Prayer Day |
| 18 | Thu | | Cathedral : Qurbana |
| 19 | Fri | | Cathedral |
| 20 | Sat | | Prayer Day |
| 21 | Sun | | Cathedral : Qurbana |
| 22 | Mon | 08.30 am | Vayala : Foundation Stone |
| 23 | Tue | 09.30 am | Aruvithura : Thirusoroopa Pradhista and Syriac Qurbana |
| | | | Kakkanad : Meeting |
| 24 | Wed | 10.30 am | Choondachery : Engineering College Governing body meeting |
| | | 05.00 pm | Mulakulam : Blessing of a Chapel |
| 25 | Thu | 11.00 am | Nelliani : SABS Congregation Jubilee Qurbana |
| | | 05.00 pm | Edappady : Holy Qurbana at Sacred Heart Convent |

| | | | |
|---|---|---|---|
| 26 | Fri | 10-4 pm | Kakkanad : Seminary Commission Meeting |
| 27 | Sat | 09.15 am | Shanthipuram : Ordination |
| | | 04.00 pm | Maniamkunnu : Blessing |
| 28 | Sun | 04.00 pm | Piravam : Syriac Qurbana |
| 29 | Mon | 09.15 am | Kuravilangadu : Ordination |
| 30 | Tue | 10-12 noon | Visitors Day |



## Auxiliary Bishop's Engagements

# Mar Jacob Muricken

## APRIL 2019

| | | | |
|---|---|---|---|
| 01 | Mon | 07.00 am | Ramapuram: Holy Qurbana |
| 02 | Tue | 10-12.30 pm | Visiting Time |
| 03 | Wed | 04.00 pm | Elanji : Holy Qurbana |
| 04 | Thu | | Engaged |
| 05 | Fri | 10-12.30 pm | Visiting Time |
| | | 06.15 pm | Valliachan Mala : Holy Qurbana |
| 07 | Sun | 05.15 pm | Kanjiramattom : Meeting |
| 08 | Mon | 12.00 pm | Tabore Retreat Centre : Talk |
| | | 05.00 pm | Marika : Holy Qurbana |
| 09 | Tue | 10-12.30 pm | Visiting Time |
| 10 | Wed | 10-4.00 pm | Minor Seminary Interview |
| 11 | Thu | 10.00 am | Cathedral : Holy Myron Qurbana |
| 12 | Fri | 08.30 am | Vagamon : Holy Qurban |
| 14 | Sun | | Osana Njayar |
| 18-16 | | | Engaged |
| 17-21 | | | Gujarath Mission |
| 22 | Mon | 11.00 am | Muttuchira : Marriage |
| 23 | Tue | | Engaged |
| 24 | Wed | 10.30 am | Nelliyani : SABS Vestition |
| 25-28 | | | Out of Station |

| | | | |
|---|---|---|---|
| 29 | Mon | 09.15 am | Vakkdadu : Ordination, Dn. Jospeh Vadakkemurickankuzhiyil CMF |
| 30 | Tue | 02.30 pm | Cathedral : Final Profession SH. |
| | | | |
| 01 | Wed | 09.00 am | Malayichipara : Ordination Dn. Martin Vilakkunnel CMF |
| | | 11.00 am | Aruvithura : Holy Qurbana |
| 02 | Thu | 10.30 am | Kozhuvanal : Blessing |
| 03 | Fri | 10-12.30 pm | Visiting Time |



പാലാ കോർപ്പറേറ്റിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പു സമ്മേളനം
റ്റി.റ്റി.ഐ. ഹാളിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു



കുറവിലങ്ങാട് ഇടവകയിൽ ആർച്ച് പ്രീസ്റ്റിനു നൽകിയ പൗരസ്വീകരണത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ആശംസകൾ നേർന്ന് സംസാരിക്കുന്നു



പാലാ കത്തീഡ്രൽ പാരിഷ്ഹാളിൽ വച്ചുനടന്ന മാതൃവേദി രജതജൂബിലി സമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു

2019
APRIL

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN









## അദിലാബാദ് സന്ദർശനം







Printed at St. Thomas Press, Palai and Published by Fr. John Edettu